‘ആവർത്തിക്കുന്ന സംസാരേ ചാവുന്നേവൻജനിച്ചിടാ
ഏവൻ കുലമുയർത്തിടുമവനത്രേ ജനിച്ചവൻ’

**Kshatra Sandesam**
Quarterly News Magazine of
Kshatriya Kshema Sabha
October-December 2011
Me 1187 Thulam - Dhanu
Volume 11 Issue 4

ക്ഷാത്രസന്ദേശം
ക്ഷത്രിയ ക്ഷേമ സഭയുടെ
ത്രൈമാസ വാർത്താപത്രിക
ഒക്ടോബർ–ഡിസംബർ 2011
1187 തുലാം – ധനു
വാല്യം 11, ലക്കം 4

## വിഷയവിവരം

| | |
|---|---|
| പത്രാധിപക്കുറിപ്പ് | 1 |
| ചില പുതുവർഷ ചിന്തകൾ | 2 |
| **പി.ജി. ശശികുമാരവർമ്മ** | |
| അമ്പലപ്പുഴ ക്ഷേത്രമാഹാത്മ്യം | 3 |
| **അമ്പലപ്പുഴ പ്രിയവർമ്മ** | |
| ഡോ. സുശീലാവർമ്മയ്ക്ക് ആദരാഞ്ജലി | 5 |
| പുകയില മാഹാത്മ്യം | 6 |
| **ജി. രാമവർമ്മ കോയിതമ്പുരാൻ** | |
| ജ്വാല | 7 |
| **ഹൈമവതി വർമ്മ** | |
| തിരുമുൽപ്പാടോ! | 10 |
| **ചന്ദ്രാവലി തമ്പുരാൻ** | |
| ശ്രീകൃഷ്ണവിലാസത്തിലെ സുമേരുശൈലം ഒരു പഠനം | 11 |
| **ഡോ. കെ.സി.എം. രാജ** | |
| ഷോഡശക്രിയ കർമ്മപദ്ധതി | 13 |
| വിജയത്തിനുള്ള പഞ്ചശീലങ്ങൾ | 15 |
| **സി.കെ.കേരളവർമ്മ** | |
| അസമത്വം | 16 |
| **ഗിരീഷ് വർമ്മ. കെ.ഐ.** | |
| പെപ്പയണ്ണനു പ്രണാമം | 17 |
| **കെ.എൽ. ശ്രീകൃഷ്ണദാസ്** | |
| ഉപയോഗമില്ലാത്ത നാണയങ്ങൾ | 18 |
| **അംബികാവർമ്മ സി.കെ** | |
| സൗഹൃദം | 18 |
| **അരുന്ധതിവർമ്മ കെ.വി.** | |
| വേണാട് | 19 |
| **ഡോ. ആർ.പി. രാജാ** | |
| അക്ഷരപ്രണാമം | 23 |
| **പ്രമോദ് വർമ്മ** | |
| വളരുന്ന പ്രതിഭകൾ | 25 |
| വാർത്തകൾ - വിശേഷങ്ങൾ | 26 |
| Accounts 2010-11 | 39 |
| വൈവാഹികം | 40 |

ലേഖനങ്ങളിലും പ്രാദേശികസഭകളുടെ വാർത്തകളിലും മറ്റും വരുന്ന അഭിപ്രായങ്ങളും തീരുമാനങ്ങളും ക്ഷത്രിയക്ഷേമസഭയുടെതോ ക്ഷാത്രസന്ദേശം പത്രാധിപസമിതിയുടെയോ ആയിക്കൊള്ളണമെന്നില്ല. - ചീഫ് എഡിറ്റർ

**പത്രാധിപക്കുറിപ്പ്**

# വായനാശീലം വളർത്തുക

വായിച്ചു വളരുവിൻ എന്നല്ലേ പ്രമാണം. പക്ഷേ ഇന്ന് നമ്മുടെ യുവതലമുറയ്ക്ക് വായന അന്യംനിന്നു പോവുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇന്റർനെറ്റും മറ്റ് ആധുനിക വിവര സാങ്കേതിക വിദ്യകളും ഉള്ളപ്പോൾ എന്തിന് വെറുതെ വായിച്ച് സമയം കളയണം എന്ന മനോഭാവമായിരിക്കാം ചെറുപ്പക്കാരെ വായനയിൽ നിന്നും പിന്തിരിപ്പിക്കുന്നതിനുള്ള ഒരു ഘടകം. ഈയടുത്തിടെ പ്രധാനമന്ത്രിയുടെ ശാസ്ത്രസാങ്കേതിക ഉപദേഷ്ടാവ് ഡോ. സി. എൻ. ആർ. റാവു ഈ വിഷയത്തിൽ നമ്മുടെ യുവതലമുറ സ്വീകരിച്ചുവരുന്ന അലംഭാവം മാറ്റേണ്ടതിന്റെ ആവശ്യകത എടുത്തു പറയുകയുണ്ടായി. ഓൺലൈൻ ലൈബ്രറികളിൽ നിന്നു ലഭിക്കുന്ന വിവരങ്ങൾ പലതും അപൂർണവും അവാസ്തവമായതുമാണെന്നും അദ്ദേഹം പറയുകയുണ്ടായി. ശാസ്ത്രസാങ്കേതിക വിഷയങ്ങളിൽ മറ്റ് രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിൽ നല്ല പുസ്തകങ്ങളുടെ ലഭ്യത വളരെ കുറവാണെന്നും ഡോ. റാവു പ്രസ്താവിച്ചു. ആധുനിക വിവരസാങ്കേതിക വിദ്യകളുടെ ഇരച്ചുകയറ്റം നമ്മുടെ യുവതലമുറയുടെ വായനാശീലത്തെ തളർത്താതിരിക്കാൻ നമുക്ക് എന്തു ചെയ്യാൻ കഴിയും എന്ന് ഗൗരവപൂർവ്വം ചിന്തിക്കേണ്ടിയിരിക്കുന്നു. ‘വായിച്ചാൽ വളരും വായിച്ചില്ലെങ്കിൽ വളരും’ എന്നല്ലേ നമ്മുടെ പ്രിയ കവി കുഞ്ഞുണ്ണിമാഷ് പറഞ്ഞിട്ടുള്ളത്.

**പത്രാധിപ സമിതി**
**എം. രവിവർമ്മ രാജാ**
*മുഖ്യപത്രാധിപർ*

**ഡോ. എഴുമറ്റൂർ രാജരാജവർമ്മ**
**ദിനേശ്**
**പ്രസിഡന്റ്, സെക്രട്ടറി, ക്ഷത്രിയക്ഷേമസഭ**

**ടി.എൻ. ആദിത്യവർമ്മ തമ്പാൻ**
**ആർ. കിഷോർ കുമാർ വർമ്മ**

ഓഫീസ് നിർവഹണം : ആർ. രാജരാജവർമ്മ

**മുഖചിത്രം:** തൃപ്പൂണിത്തുറ പൂർണ്ണത്രയീശ ക്ഷേത്രത്തിലെ വൃശ്ചികോത്സവ തൃക്കേട്ട പുറപ്പാട്

പ്രസിഡന്റിന്റെ കത്ത്

# ചില പുതുവർഷചിന്തകൾ

ക്ഷത്രിയ ക്ഷേമസഭയുടെ മുഖപത്രമായ ക്ഷാത്രസന്ദേശത്തിന്റെ ഈ ലക്കം നിങ്ങളുടെ കയ്യിൽ കിട്ടുമ്പോഴേയ്ക്കും 2011 പിന്നിട്ട് നാം 2012 ലേക്ക് കടന്നിട്ടുണ്ടാകും. ഒരു വർഷം പിന്നിട്ട് മറ്റൊരു വർഷത്തിലേയ്ക്കു കടക്കുന്നത് വിവിധ രാജ്യങ്ങളിൽ വിവിധ രീതിയിലുള്ള ആഘോഷങ്ങളുടെ അകമ്പടിയോടെയാണ്. ഓരോ രാജ്യത്തിന്റെയും സാംസ്കാരിക പൈതൃകം വിളിച്ചോതുന്നതും വിശ്വാസ പ്രമാണങ്ങളിൽ അധിഷ്ഠിതവുമായ ആഘോഷങ്ങളാണ് അവർ നടത്തുന്നത്.

2011 ഡിസംബർ 31 ഉം 2012 ജനുവരി ഒന്നും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നും ഈ ആഘോഷങ്ങളിലൊന്നും യാതൊരർത്ഥവുമില്ലെന്നും പണക്കൊഴുപ്പിന്റെയും ജാഡ കാണിക്കലിന്റെയും പ്രകടനം മാത്രമാണവയെന്നും വാദിക്കുന്നവരുണ്ട്. എന്നാൽ മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി പ്രത്യാശയുടെയും പ്രതീക്ഷയുടെയും വർഷമാകണം പുതിയ വർഷമെന്നും ആഗ്രഹത്തിന്റെ പ്രത്യക്ഷ പ്രകടനമാണീ ആഘോഷങ്ങളെന്നും വാദിക്കുന്നവരുമുണ്ട്. രണ്ടായാലും ഡിസംബർ 31 രാത്രി ശിവരാത്രിയാക്കി മാറ്റുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണെന്ന്പറയാതെ വയ്യ.

എന്നാൽ കേരളത്തെ സംബന്ധിച്ചെങ്കിലും പുതുവർഷാഘോഷങ്ങൾ മദ്യസേവയുടെ അനിയന്ത്രിതാഘോഷമായി മാറിയിട്ടുണ്ടെന്നതാണു സത്യം. നഗരങ്ങളെന്നോ ഗ്രാമങ്ങളെന്നോ വ്യത്യാസമില്ലാത്ത ആഘോഷം. സർക്കാരിന്റെ ബിവറേജസ് കോർപ്പറേഷൻ വഴി ഓരോ ദിവസം നടത്തിയ വില്പനയുടെകണക്കുകൾ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചു കാണുമ്പോൾ ഞെട്ടലാണുണ്ടാകുക. "ക്രിസ്തുമസ്സിനെ തോല്പിച്ച പുതുവർഷാഘോഷ കച്ചവട'മെന്ന തലക്കെട്ടോടെ വരുന്ന വാർത്തകൾ നമ്മുടെ നാട് എങ്ങോട്ടേയ്ക്കാണ് നീങ്ങുന്നതെന്ന സൂചന നൽകുന്നു. അന്ന് നടന്ന അപകടങ്ങൾ, പോലീസ് അറസ്റ്റു ചെയ്തവരുടെ എണ്ണം, നിയമലംഘകരിൽ നിന്നും ഈടാക്കിയ പിഴയുടെ കണക്ക് എന്നിവയും ചൂണ്ടുപലകയാണ്.

ഒരു സമൂഹത്തിന്റെ ഏറ്റവും പ്രധാനവും വിലപിടിപ്പുള്ളതുമായ വിഭവങ്ങളാണ് മനുഷ്യവിഭവവും സമ്പത്തും. ഇന്നത്തെ പോക്ക് ഈ രണ്ടു വിഭവങ്ങളേയും ദുർബ്ബലമാക്കുകയും സാമൂഹ്യ-കുടുംബ ബന്ധങ്ങളെ ശിഥിലമാക്കുകയും ചെയ്യുമെന്ന് പറയാതെ മനസ്സിലാക്കാം.

ഇക്കാര്യത്തിൽ ക്ഷത്രിയരുടെ സംഭാവനയും കുറവാകാൻ ഇടയില്ലെന്നാണ് കാണുന്നത്. ആഘോഷങ്ങളും ചടങ്ങുകളും സുഖവും ദുഃഖവും കണ്ടുമുട്ടലും വേർപിരിയലും കല്യാണവും പ്രസവവും മരണവും ഷഷ്ടിപൂർത്തിയും ചോറൂണും എന്നുവേണ്ട എല്ലാ 'ഷോഡഷക്രിയ'കൾക്കും ലഹരിയുടെ പരികർമ്മം അനിവാര്യമായിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ പോക്ക് അവസാനിപ്പിച്ചേ മതിയാകൂ. പരിമിതമായ വരുമാനത്തിൽ ഒതുക്കി പരമാവധി സന്തോഷത്തോടെ കഴിഞ്ഞുവന്നിരുന്ന പഴയ രീതിയിലേക്ക് തിരിച്ചുപോകേണ്ടിയിരിക്കുന്നു. അതിനുള്ള ശ്രമമാകട്ടെ ഈ വർഷത്തെ നമ്മുടെ പ്രധാന പ്രവർത്തനം.

പണ്ട് ആട്, മാഞ്ചിയം, നോട്ടിരട്ടിപ്പ് എന്നിങ്ങനെ പല പേരിലുള്ള



തട്ടിപ്പിന് ഇരയായവർ നമ്മുടെ ഇടയിലുണ്ട്. സ്വന്തം കുടുംബം തുടങ്ങിയ ചിട്ടികമ്പനിയിൽ പണവും പണ്ടവും നിക്ഷേപിച്ച് കബളിപ്പിക്കപ്പെട്ട നിരവധി പേർ ക്ഷത്രിയസഭയുടെ സഹായം തേടിയിരുന്നു. ബന്ധുത്വത്തിലും സൗഹൃദത്തിലും വിശ്വസിച്ച് നല്കിയ പണം തിരിച്ചു ലഭിക്കാതെ മാരകമായ രോഗം ബാധിച്ച് മരണമടഞ്ഞ നമ്മുടെ ഒരു സമുദായാംഗത്തിന്റെ വിവരം സഭയുടെ ഒരു യൂണിറ്റ് സംസ്ഥാന സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. മകളുടെ കല്യാണത്തിനു വെച്ചിരുന്ന പണവും സ്വർണ്ണവും നഷ്ടപ്പെട്ട കണ്ണീരോടെ കഴിയുന്ന ഒരു ബന്ധുവും സഹായം തേടി. ഇക്കാര്യത്തിൽ സഭയ്ക്കു ചെയ്യാവുന്നതു വളരെ പരിമിതമാണ്. കൈവശമുള്ള പണമോ മറ്റു വിലപിടിപ്പുള്ള വസ്തുവോ ഇതുപോലുള്ള സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതു തികച്ചും വ്യക്തിപരമായ കാര്യമാണെങ്കിലും നല്ല ശ്രദ്ധ ചെലുത്തിയില്ലെങ്കിൽ ദുരന്തമായിരിക്കും ഫലമെന്ന് ഓർമ്മിക്കുക. മനുഷ്യത്വം നഷ്ടപ്പെട്ടിട്ടില്ലെങ്കിൽ മറ്റുള്ളവരെ കബളിപ്പിക്കാതെ ജീവിക്കുന്നതാണു ശ്രേഷ്ഠമെന്നു പറയേണ്ടതില്ലല്ലോ.

സ്നേഹപൂർവം

**പി.ജി. ശശികുമാര വർമ്മ**

പ്രസിഡന്റ്



# അമ്പലപ്പുഴ ക്ഷേത്രമാഹാത്മ്യം

–അമ്പലപ്പുഴ പ്രിയവർമ്മ

അമ്പലപ്പുഴ എന്നു കേൾക്കുമ്പോൾ ഏവരുടേയും നാവിൽ വെള്ളം ഊറും കാരണം അമ്പലപ്പുഴ പാൽപ്പായസം തന്നെ. അമ്പലപ്പുഴയുടെ കീർത്തി തന്നെയാണ് അമ്പലപ്പുഴ പാൽപ്പായസം. ഇതി ന്റെ ഐതീഹ്യം ഞാൻ പിന്നാലെ പറയാം.

അമ്പലപ്പുഴയുടെ മറ്റൊരു പേര് ചെമ്പകശ്ശേരി എന്നും ആ രാജ്യം ഭരിച്ചിരുന്ന രാജാവിന്റെ പേര് ദേവനാരായണൻ എന്നും ആയിരുന്നു. മലയാള ബ്രാഹ്മണരായ നമ്പൂതിരിമാർ തന്നെയാണ് ചെമ്പകശ്ശേരി രാജ്യം ഭരിച്ചിരുന്നത്. ഏതോ യുദ്ധത്തിൽ പങ്കെടുത്ത് ക്ഷീണിച്ച് അവശരായ കുറെ പടയാളികൾ അവരുടെ വിശപ്പും ദാഹവും സഹിക്കവയ്യാതെ ഒരു നമ്പൂതിരിയെ സമീപിക്കുകയും ആ സമയം നമ്പൂതിരി തന്റെ ദാരിദ്ര്യം പോലും മറന്ന് കയ്യിൽ കിടന്ന സ്വർണ്ണ മോതിരം വിറ്റ് ഈ പടയാളികളെ വേണ്ട വിധം സത്ക്കരിക്കുകയും ചെയ്തു. അതിന് പ്രത്യുപകാരമായി പടയാളികൾ അടുത്തുള്ള ഭൂപ്രദേശം (കുടമാളൂർ) വെട്ടിപ്പിടിച്ച് നമ്പൂതിരിക്ക് കൊടുത്തു. ഉടവാളുകൊണ്ടു വെട്ടിപ്പിടിച്ച പ്രദേശം ഉടവാളൂരായി. അത് പിൽക്കാലത്ത് കുടമാളൂർ ആയി. കുടമാളൂർ നിന്നാണ് അദ്ദേഹം അമ്പലപ്പുഴയിലെത്തിയത്.

ഒരു ദിവസം രാജാവ് വില്ല്വമംഗലത്തു സ്വാമിയാരുമൊത്ത് വഞ്ചിയിൽ യാത്ര ചെയ്യുമ്പോൾ എവിടെ നിന്നോ ഒരു മുരളീനാദം കേൾക്കുവാൻ ഇടയായി. രാജാവ് ചുറ്റും ശ്രദ്ധിച്ചു. തൊട്ടടുത്തുള്ള ആൽമരക്കൊമ്പിൽ നിന്നാണ് ഈ മുരളീരവം ഉത്ഭവിച്ചതെന്ന് മനസ്സിലായി. പിന്നീട് രാജാവിന് ഏതു നേരവും ഇതിനെക്കുറിച്ചായി ചിന്ത. ഒരു ദിവസം രാത്രിയിൽ അദ്ദേഹത്തിന് സ്വപ്ന ദർശനത്തിൽ ശ്രീകൃഷ്ണ ഭഗവാന്റെ അരുളപ്പാടുണ്ടായി. അമ്പലപ്പുഴയിൽ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം പണി കഴിപ്പിക്കണമെന്നും അങ്ങനെ ചെയ്താൽ രാജ്യത്തിന് സർവ്വവിധ ഐശ്വര്യങ്ങളും കൈവരിക്കുവാൻ സാധിക്കും എന്നും. അങ്ങനെ യഥാവിധി ക്ഷേത്രം പണി കഴിപ്പിച്ചു. എന്നാൽ പ്രതിഷ്ഠയ്ക്കു വേണ്ടി പണികഴിപ്പിച്ച വിഗ്രഹത്തെക്കുറിച്ച് ഒരു തർക്കം ഉണ്ടായി. പുതുമന ഇല്ലത്തെ തന്ത്രിമുഖ്യൻ “പ്രതിഷ്ഠാ കർമ്മത്തിന് കൊണ്ടുവന്നിരിക്കുന്ന ഈ വിഗ്രഹം യാതൊരു കാരണവശാലും പ്രതിഷ്ഠയ്ക്ക് യോഗ്യമല്ല” എന്നു പറഞ്ഞു. ഈ പ്രസ്താവന ശ്രവിച്ച കടിയക്കോൽ തന്ത്രി പുതുമന തന്ത്രിയോട് ഇങ്ങനെ ആവശ്യപ്പെട്ടു: “ഈ വിഗ്രഹത്തിന്റെ അയോഗ്യത എന്താണെന്ന് തെളിയിക്കണം. വിഗ്രഹം അയോഗ്യമെന്ന് തെളിയിച്ചാൽ ക്ഷേത്രത്തിന്റെ പകുതി തന്ത്രാവകാശം പുതുമനയ്ക്ക് നൽകും”. അതനുസരിച്ച് പുതുമന തന്ത്രി വിഗ്രഹത്തിന്റെ ഒരു വശത്ത് തട്ടുകയും അപ്പോൾ അതിൽ നിന്ന് കുറച്ച് വെള്ളവും ഒരു തവളയും പുറത്ത് വരുകയും ചെയ്തു. വാഗ്ദാന പ്രകാരം പകുതി തന്ത്രാവകാശം പുതുമന ഇല്ലത്തിനു ലഭിച്ചു.

ആ സമയം പ്രതിഷ്ഠയ്ക്കായി മറ്റൊരു വിഗ്രഹം അന്വേഷിക്കേണ്ടതായി വന്നു. അങ്ങനെ വിഗ്രഹാന്വേഷണത്തിൽ കുറിച്ചിയിൽ പ്രതിഷ്ഠയ്ക്ക് അനുയോജ്യമായ “പാർത്ഥസാരഥി വിഗ്രഹം” ഉണ്ടെന്നും അത് അമ്പലപ്പുഴ ക്ഷേത്ര പ്രതിഷ്ഠയ്ക്ക് അനുയോജ്യമാണെന്നും അറിഞ്ഞു. എന്നാൽ തെക്കുംകൂർ രാജാവിന് വിഗ്രഹം നൽകുന്നതിൽ വിസമ്മതം ആയിരുന്നു. അതുകൊണ്ട് അവിടുത്തെ മേൽക്കോയ്മയെ സ്വാധീനിച്ച്

രായ്ക്ക്രാമാനം വിഗ്രഹം എടുത്തു കൊണ്ട് വരികയായിരുന്നു.

വിഗ്രഹവുമായി വരുന്ന വഴിയ്ക്ക് യാത്രാക്ഷീണമകറ്റാൻ ചമ്പക്കുളത്ത് മാപ്പിളശ്ശേരി എന്ന ക്രിസ്ത്യൻ തറവാട്ടിൽ കയറി വിശ്രമിക്കുകയും ആ തറവാട്ടിലെ അംഗങ്ങൾ വളരെ ഉപചാരപൂർവ്വം അമ്പലപ്പുഴക്കാരെ എതിരേൽക്കുകയും വേണ്ടവിധത്തിൻ സത്കരിക്കുകയും ചെയ്തു. അതിനു ശേഷം അമ്പലപ്പുഴയിലെ ഭക്തജനങ്ങൾ ചമ്പക്കുളത്തു നിന്ന് കൊട്ടും കുരവയും ആർപ്പുവിളിയുമായും വഞ്ചിപ്പാട്ടു പാടിയും വള്ളം കളിയിലൂടെയും മറ്റും ഭഗവാൻ പാർഥസാരഥിയെ അത്യാഹ്ലാദത്തോടെ എതിരേറ്റ് കൊണ്ടുവന്ന് മിഥുനമാസത്തിലെ മൂലം നക്ഷത്രത്തിൽ അമ്പലപ്പുഴ ക്ഷേത്രത്തിൽ പ്രതിഷ്ഠ നടത്തി. അതിന്റെ സ്മരണയ്ക്കായി ഇപ്പോഴും നടന്നു വരുന്ന ചമ്പക്കുളം മൂലം വള്ളംകളിയാണ് കേരളത്തിലെ ആദ്യത്തെ വള്ളം കളി.

**അമ്പലപ്പുഴ പാൽപ്പായസം**

ദൈവത്തിന്റെ സ്വന്തം നാട് ഏത് എന്ന ചോദ്യത്തിന് ഒരേ ഒരു ഉത്തരമേ ഉള്ളൂ. അത് നമ്മുടെ കേരളം. അതുപോലെ പാൽപ്പായസത്തിന്റെ നാട് എന്ന് അമ്പലപ്പുഴയെ വിശേഷിപ്പിക്കാം. അമ്പലപ്പുഴ പാൽപ്പായസം അത്ര ചരിത്ര പ്രസിദ്ധിയാർജ്ജിച്ചതാണ്. പഴമക്കാർ പറയും തൃശ്ശൂർപൂരം കേട്ടറിയുന്നതിലും രസം കണ്ടറിയുന്നതിലാണ് എന്ന്. എങ്കിൽ അമ്പലപ്പുഴ പാൽപ്പായസം കേട്ടറിയുന്നതിനേക്കാളും വായിച്ചറിയുന്നതിനേക്കാളും രുചികരം അത് അനുഭവിച്ചറിയുമ്പോഴാണ്. ആ പാൽപ്പായസം അഥവാ നിവേദ്യത്തിന് അത്ര മഹത്വമുണ്ട്. എത്രകുടിച്ചാലും മതിവരാത്തത്ര അനുഭൂതിയാണ് നമുക്ക് കിട്ടുന്നത്. നാവിൽ തേനൂറുന്ന മധുരവും മനസ്സിന് കുളിർമയും വയറിന് സുഖവും തരുന്ന പാൽപ്പായസം ഒന്നേയുള്ളു അതാണ് അമ്പലപ്പുഴ പാൽപായസം. ചെമ്പകശ്ശേരി ഇല്ലക്കാരുടെ വംശപരമ്പരയായ പതിമൂന്ന് തലമുറക്കാരാണ് അമ്പലപ്പുഴ ഭരിച്ചിരുന്നത്. ദേവനാരായണൻ എന്ന മാറാപ്പേരിലാണ് ഓരോരുത്തരും അറിയപ്പെട്ടിരുന്നത്. ക്രിസ്തു വർഷം 15,16,17 നൂറ്റാണ്ടുകളിലായിരുന്നു ദേവനാരായണന്മാരുടെ ഭരണകാലം. ചെമ്പകശ്ശേരി രാജാക്കന്മാരിൽ ഏറ്റവും പ്രശസ്തൻ പൂരാടം പിറന്ന പൊന്നുതമ്പുരാൻ ആയിരുന്നു. അദ്ദേഹം അമ്പലപ്പുഴ ഭരിച്ചിരുന്ന കാലത്ത് രാജ്യത്ത് വല്ലാത്ത വരൾച്ച അനുഭവപ്പെട്ടു. കൃഷിയിടങ്ങളെല്ലാം ഉണങ്ങി വരണ്ടു. പ്രജകൾ ഭക്ഷണത്തിനായ് നെല്ലുകിട്ടാതെ വിഷമിച്ചു. എന്നാൽ ഒരു ബ്രാഹ്മണൻ നേരത്തെ ചെയ്ത കൃഷിയുടെ വിളവെല്ലാം സൂക്ഷിച്ചു വച്ചിരുന്നു. അതു മനസ്സിലാക്കിയ രാജാവ് ബ്രാഹ്മണനോട് നെല്ല് വായ്പ ചോദിച്ചു. ഉടൻ തന്നെ ബ്രാഹ്മണൻ രാജാവിന് ഇത്രനാൾക്കകം നെല്ല് തിരിച്ചു തരണമെന്ന വ്യവസ്ഥയോടെ വായ്പ കൊടുത്തു. ഒരു ദിവസം രാജാവും ബ്രാഹ്മണനും ഒരേ സമയം ക്ഷേത്രദർശനത്തിനെത്തുകയും ബ്രാഹ്മണൻ ക്ഷേത്രത്തിൽ വച്ചു തന്നെ രാജാവിനോട് വായ്പ മേടിച്ച നെല്ല് തിരികെത്തരുവാൻ ആവശ്യപ്പെടുകയും ചെയ്തു. രാജാവ് നെല്ല് തിരികെ കൊടുത്തപ്പോൾ കുറച്ച് നെല്ല് പോരാതെ വരികയും ഉടൻ തന്നെ അദ്ദേഹം തന്റെ പ്രജകളോട് പോരാതെ വന്ന നെല്ലു കൊണ്ടുവരുവാൻ ആജ്ഞാപിക്കുകയും ചെയ്തു. പ്രജകൾ എല്ലാം നെല്ലു കൊണ്ടുവന്ന് ക്ഷേത്രത്തിൽ കൂട്ടി. അതിനു ശേഷം രാജാവ് ബ്രാഹ്മണനോട് "ക്ഷേത്രത്തിൽ കൂട്ടിയ നെല്ലെല്ലാം ശീവേലിക്കു മുമ്പേ അളന്നു മാറ്റണം'' എന്നു കൽപ്പിച്ചു. എന്നാൽ ബ്രാഹ്മണന് പറഞ്ഞ സമയത്തിനുള്ളിൽ നെല്ല് മാറ്റുവാൻ സാധിക്കാതെ വന്നു. ശീവേലിക്ക് സമയമായതിനാൽ ബ്രാഹ്മണൻ ഒരു പിടി നെല്ല് നടയ്ക്കൽ കൊണ്ടുവന്നു സമർപ്പിച്ചു. എന്നിട്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു "കൂട്ടിയ നെല്ലെല്ലാം ക്ഷേത്രത്തിൽ തന്നെ എടുത്തുകൊള്ളൂ. ഈ നെല്ല് ക്ഷേത്രത്തിൽ നിത്യവും മുടങ്ങാതെ പാൽപ്പായസ വഴിപാടായി നടത്തിക്കൊള്ളൂ.'' അന്നത്തെ ആ വഴിപാട് ഇന്നും അമ്പലപ്പുഴ ക്ഷേത്രത്തിൽ മുടങ്ങാതെ നടത്തിപ്പോരുന്നു. ഈ പാൽപ്പായസപ്പെരുമ നാടെങ്ങും വ്യാപിച്ചു. അത് പിന്നീട് "അമ്പലപ്പുഴ പാൽപ്പായസം" എന്ന പേരിൽ പ്രസിദ്ധിയാർജ്ജിക്കുകയും ചെയ്തു. ●

# അറിയിപ്പ്

ക്ഷാത്രസന്ദേശം വരിസംഖ്യാ കുടിശ്ശിക വർദ്ധിച്ചുവരുന്നതിനാൽ പ്രസിദ്ധീകരണത്തിന് പ്രായോഗിക വൈഷമ്യങ്ങൾ നേരിടുന്നുണ്ട്. കുടിശ്ശികയുള്ള മാന്യവായനക്കാർ 2010-ാമാണ്ട് മുതലുള്ള വരിസംഖ്യ ഉടൻ നൽകണമെന്ന് താൽപര്യപ്പെടുന്നു. സംഖ്യ 'ക്ഷത്രിയക്ഷേമസഭ'യുടെ പേരിൽ മണി ഓർഡർ /DD ആയോ പ്രാദേശികസഭകൾ വഴിയോ നേരിട്ടോ അയക്കാവുന്നതാണ്.അയക്കേണ്ട വിലാസം: പത്രാധിപർ, ക്ഷാത്രസന്ദേശം, സുന്ദരവിലാസം കൊട്ടാരം, കോട്ടയ്ക്കകം, തിരുവനന്തപുരം-23 ഫോൺ: 0471-2467845

# ഡോ. സുശീലാവർമ്മയ്ക്ക് ആദരാഞ്ജലി



തിരുവിതാംകൂർ സീനിയർ മഹാറാണിയായിരുന്ന സേതുലക്ഷ്മീബായിയുടെ ഇളയസഹോദരി മാവേലിക്കര ഉത്സവമഠം കൊട്ടാരത്തിൽ അശ്വതിതിരുനാൾ കുട്ടിയമ്മ തമ്പുരാന്റെ മകളും പ്രശസ്ത ന്യൂറോസർജൻ ഡോ. ആർ.എം. വർമ്മയുടെ ദ്വിതീയ സഹോദരിയുമായ ഡോ. സുശീലാവർമ്മ 2011 ഡിസംബർ മാസം 1–ാം തീയതി അന്തരിച്ചു. 83 വയസ്സായിരുന്നു. അവിവാഹിതയാണ്. വിഖ്യാത ചിത്രകാരൻ രാജാരവിവർമ്മയുടെ മകൾ മഹാപ്രഭ അമ്മ തമ്പുരാന്റെ പൗത്രിയാണ് പരേത. സഹോദരി സ്നേഹലതാവർമ്മയോടൊപ്പം തിരുവനന്തപുരം പോങ്ങുംമൂട് ബാപ്പുജിനഗറിൽ 'രവീണണയിലായിരുന്നു താമസിച്ചിരുന്നത്.

ഭാരതത്തിലും വിദേശത്തും പാരാപ്ലീജിയ (അരയ്ക്കു താഴോട്ട് തളർവാതം) രോഗത്തെ സംബന്ധിച്ച് ചികിത്സയും പഠനവും ഗവേഷണവും സാമൂഹ്യപ്രവർത്തനവും നടത്തി നിരവധി പുരസ്ക്കാരങ്ങളും അംഗീകാരവും നേടിയ ഒരു മഹദ്വ്യക്തിയേയാണ് ഡോ. സുശീലാവമ്മയുടെ വിയോഗത്തോടെ നമുക്ക് നഷ്ടമായത്. ഓർത്തോ (എല്ലുരോഗം) ശാഖയുടെ വിവിധ തലങ്ങളിലുള്ള പ്രവർത്തനമേഖല വ്യാപിച്ചു തുടങ്ങിയ കാലഘട്ടത്തിൽ (1950–1960) ഇംഗ്ലണ്ടിലെ വിവിധ ആശുപത്രികളിൽ മെഡിക്കലാഫീസറായി. പിന്നീട് ലക്നൗവിലെ കെ.ജി. മെഡിക്കൽ കോളേജിന്റെ ജോയിന്റ് ഡയറക്ടറും ഭാരതസർക്കാരിന്റെ ലക്നൗ റീജിയണൽ റിഹാൽബിറ്റേഷൻ സെന്ററിന്റെ ഡയറക്ടറുമായി. ഇംഗ്ലണ്ടിൽ പോകുന്നതിനുമുമ്പ് ബാംഗ്ലൂരും ചെന്നൈയിലും സർജനായി പ്രവർത്തിച്ചു. വിവിധ രാജ്യങ്ങളിൽ നടന്ന കോൺഫറൻസുകളിൽ പങ്കെടുക്കുകയും ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. അവയിൽ ടോക്യോ, ബാങ്കോക്, മുംബയ്, പൂന, കട്ടക്, ലക്നൗ, ന്യൂഡൽഹി, തിരുവനന്തപുരം എന്നിവിടങ്ങിൽ അവതരിപ്പിച്ച പ്രബന്ധങ്ങൾ ലോകശ്രദ്ധ നേടുകയുണ്ടായി. ഭാരതസർക്കാറിന്റേയും ഉത്തർപ്രദേശ് സർക്കാറിന്റേയും ചെലവിൽ നട്ടെല്ല്/ഞരമ്പ്/എല്ല് രോഗങ്ങൾ സംബന്ധിച്ച് ഗവേഷണം നടത്തുകയുണ്ടായി. തളർവാതരോഗികളുടെ ചികിത്സയ്ക്കും ക്ഷേമത്തിനുമായി ഐക്യരാഷ്ട്ര സംഘടന രാജ്യത്തിന്റെ പല സ്ഥലത്തും വച്ചു നടത്തിയ പ്രവർത്തനങ്ങൾക്ക് ഡോ. സുശീലാവർമ്മ നേതൃത്വം നല്കുകയുണ്ടായി. ഇന്റർനാഷണൽ പാരാപ്ലീജിയ മെഡിക്കൽ സൊസൈറ്റി ഉൾപ്പെടെയുള്ള അസോസിയേഷനുകളിലെ സജീവ പ്രവർത്തകയായിരുന്നു. തളർച്ച ബാധിച്ചവരുടെ ചികിത്സയ്ക്കും പുനരധിവാസത്തിനുമായി ഭാരതസർക്കാർ തുടങ്ങിയ പ്രോഗ്രാമിൽ ഉജ്വലമായ പങ്കാളിത്തം വഹിച്ച ഡോ. സുശീലാവർമ്മ പ്രസ്തുത രോഗത്തെ സംബന്ധിച്ച് നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.

ബ്രിട്ടീഷ് മെഡിക്കൽ അസോസിയേഷന്റെ ഹോംസ്പ്രൈസ്, ഇന്ത്യൻ ഓർത്തോപീഡിക് അസോസിയേഷന്റെ സർട്ടിഫിക്കറ്റ് ഓഫ് ഓണർ, നട്ടെല്ലിലെ പരുക്കുകൾ സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് സ്വിറ്റ്സർലന്റിലെ റോളക്സ് അവാർഡ് എന്നീ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. വൈദ്യശാസ്ത്രത്തോടൊപ്പം കലയെയും സാഹിത്യത്തേയും സ്നേഹിച്ചിരുന്ന സുശീലാവർമ്മ അവയുടെ നല്ല ആസ്വാദകയുമായിരുന്നു.

ആർപ്പും ആരവങ്ങളുമില്ലാതെ തന്റെ ബുദ്ധിയും കർമ്മകുശലതയും ദൈന്യത അർഹിക്കുന്ന രോഗികൾക്കുവേണ്ടി ഉഴിഞ്ഞുവെച്ച ആ മഹതിയുടെ സ്മരണയ്ക്കു മുമ്പിൽ 'ക്ഷാത്രസന്ദേശ'ത്തിന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ●





**ഇങ്ങനെയുമൊരു പുരാണം**



# പുകയില മാഹാത്മ്യം

–ജി. രാമവർമ്മ കോയിതമ്പുരാൻ, ഗ്രാമം പാലസ്

സരസ്വതിദേവിയും മഹാലക്ഷ്മിയും ശ്രീ പാർവ്വതിദേവിയും പതിവുപോലെ അന്നും ഒരുമിച്ചാണ് ഗംഗാനദിയിൽ കുളിക്കാൻ പോയത്. ഭർത്താക്കന്മാരുടെ ശ്രേഷ്ഠതകൾ പറഞ്ഞും നേരമ്പോക്കുകൾ പലതും പറഞ്ഞു രസിച്ചുമാണ് അവർ കുളികഴിഞ്ഞ് പോകുന്നത്. പക്ഷേ കുളികഴിഞ്ഞ് തിരിച്ച് പോകാൻ തുടങ്ങുന്നതിന് മുൻപ് ശ്രീപാർവ്വതിയും മഹാലക്ഷ്മിയും കൂടെ കൊണ്ടുവരുന്ന ഏതോ ഇലകൾ എടുത്ത് വളരെ ഭക്തിയോടെ മുടിക്കെട്ടിൽ ചൂടുന്നത് നിത്യമെന്നോണം സരസ്വതിദേവി കാണാറുണ്ട്. ഇക്കാര്യം സരസ്വതി ശ്രദ്ധിക്കുന്നുണ്ടോ എന്നവർ ഒളികണ്ണാൽ നോക്കുകയും ചെയ്യുന്നത് സരസ്വതിക്കറിയാം. ഈ ഇലകളുടെ രഹസ്യം എന്താണെന്നറിയാൻ സരസ്വതിക്ക് അത്യാകാംക്ഷയുണ്ടുതാനും. ഒറ്റപ്പെട്ടുനിൽക്കുന്ന തന്നോട് ഇതേപ്പറ്റി ഒന്നും സംസാരിക്കാത്തതിൽ മനസ്സുനിറയെ പരിഭവവും ഉണ്ട്. എങ്കിലും ഭർത്താക്കന്മാർ സഖാക്കളല്ലേ എന്നോർത്ത് മറ്റെല്ലാം മറന്ന് സരസ്വതിദേവി ആ ദിവ്യമായ ഇലകളെപ്പറ്റി സഖിമാരോട് ചോദിച്ചു. പാർവ്വതിയും മഹാലക്ഷ്മിയും സരസ്വതിദേവിയോട് ഇപ്രകാരം പറഞ്ഞു:

"നിന്നോട് ഈ ഇലകളുടെ മഹത്വം പറഞ്ഞാൽ നിനക്ക് മനസ്സിലാക്കാൻ പ്രയാസമാണ്. ഇവ ദിവ്യഔഷധങ്ങൾ കൂടിയാണ്. കൂവളത്തിലയും തുളസിയിലയും. ഞങ്ങളുടെ ഭർത്താക്കന്മാർക്ക് തലേദിവസം നടത്തുന്ന പൂജയുടെ നിർമ്മാല്യപൂക്കളാണിവ (പരമശിവന് കൂവളത്തില, മഹാവിഷ്ണുവിന് തുളസിയില) ഇവയാണ് ഞങ്ങൾ ഭക്തിപൂർവ്വം തലയിൽ ചൂടുന്നത്. നിന്റെ ഭർത്താവ് ബ്രഹ്മദേവന് പ്രത്യേകിച്ച് പതിവായി പൂജയും നിവേദ്യവും ഒന്നും ഇല്ലല്ലോ. അതിനാൽ നിനക്ക് മുടിക്കെട്ടിലണിയാൻ ഭർത്താവിന്റെതായി പൂക്കളോ ഇലകളോ പോലുമില്ലല്ലോ." ഇതു കേട്ട് സരസ്വതിക്ക് സങ്കടവും ദ്വേഷ്യവും തോന്നി.



"പുകവലി ആരോഗ്യത്തിന് ഹാനികരം"

സരസ്വതിദേവി അന്ന് പതിവിന് വിപരീതമായി ചുവന്നു കലങ്ങിയ കണ്ണുകളോടെ മുഖവും വീർപ്പിച്ച് ബ്രഹ്മാവ് കാണാതെ ഒരു മൂലയിൽ പോയിക്കിടന്നു. നീരാട്ടു കഴിഞ്ഞെത്തിയ പത്നിയെക്കാണാതെ ബ്രഹ്മാവ് അവിടെയെല്ലാം നോക്കിയപ്പോൾ മൂടിപ്പുതച്ച് ചുരുണ്ടുകൂടി കിടക്കുന്ന സരസ്വതിയെയാണ് കണ്ടത്. ദേവൻ അടുത്തുചെന്ന് പിടിച്ചെഴുന്നേൽപ്പിച്ചിട്ടു ചോദിച്ചു "ദേവീ! എന്തു പറ്റി? എന്താണ് വീണവായനയും സംഗീതവും ഒന്നും ഇല്ലേ? എന്താണ് അസുഖം?". ദേവി കാര്യങ്ങളെല്ലാം വിശദമായി പറഞ്ഞു. "എനിക്ക് തലയിൽ ചൂടാനായി അങ്ങയുടേതായി ഒരു ഇലപോലും ഇല്ലാത്ത സ്ഥിതിക്ക് ഞാനിനി അവരുടെ കൂടെ കുളിക്കാൻ പോകുന്നില്ല." "ഇത്രയേ ഉള്ളോ കാര്യം" ബ്രഹ്മാവ് പൊട്ടിച്ചിരിച്ചു. "മഠയീ! ഇതിന് ഞാൻ ഉടൻ പരിഹാരം ഉണ്ടാക്കാം," എന്നു പറഞ്ഞ് ദേവൻ പത്നിയെക്കൂട്ടി തിരുമുറ്റത്തിനടുത്തുള്ള പച്ചിലപ്പടർപ്പുകളിലേക്ക് നടന്നു. ഏതോ ഒരു ഇല ഇറുത്ത് ദേവിക്ക് നൽകിയിട്ട് "നാളെ മുതൽ കുളി കഴിഞ്ഞ് നീ ഇത് ചൂടിക്കോളൂ" എന്നു പറഞ്ഞു സമാധാനിപ്പിച്ചു. പിറ്റേദിവസം പതിവുപോലെ മഹാലക്ഷ്മിയോടും പാർവ്വതിയോടും ഒരുമിച്ച് കുളി കഴിഞ്ഞ് താൻ കൊണ്ടുവന്ന ഇലകൾ സരസ്വതിദേവിയും ഭക്തിപൂർവ്വം

തുടർച്ച 17–ൽ

ചെറുകഥ




# ജ്വാല

ഹൈമവതി വർമ്മ
ചേർത്തല

ഡോക്ടർ വിൽസൺ ഗോമസ് അർദ്ധബോധാവസ്ഥയിൽ നിന്നും ഞെട്ടി ഉണർന്നു.

പടിഞ്ഞാറെ ചക്രവാളത്തിലേക്ക് നോക്കി നിൽക്കാൻ തുടങ്ങിയിട്ട് ഏറെ സമയമായെന്ന് ഡോക്ടർക്ക് തോന്നി. അഞ്ചുമണിയുടെ സൈറൺ എപ്പോഴേ മുഴങ്ങിയിരുന്നു.

മഴത്തുള്ളികൾ പൊടിഞ്ഞു നിൽക്കുന്ന ആകാശം. രാത്രിയെ പേടിച്ച് കൂടണയാൻ വെമ്പുന്ന പക്ഷിക്കൂട്ടം. പ്രാവുകളാണോ കാക്കകളാണോ, ചെറിയ ഓലക്കുരുവികളാണോ ഒന്നും തെളിയുന്നില്ല. വലിക്കുമ്പോൾ നീണ്ടു പോകുന്ന ചങ്ങല പോലെ.

സൂര്യനെന്ന ഗോളം ഭൂമിയെ കബളിപ്പിച്ച് എങ്ങോ മറഞ്ഞതാവണം. ദിവസങ്ങളായി വെയിലില്ല, വെളിച്ചമില്ല. വിൽസന്റെ ജീവിതത്തിലെ അന്ധകാരം ചുറ്റും പകർന്ന പ്രതീതി.

എന്തോ ഓർത്തതുപോലെ അയാൾ പെട്ടന്ന് തലചെരിച്ച് പുറകോട്ട് നോക്കി. മുറിയുടെ കിഴക്കേ അറ്റത്ത് കട്ടിലിൽ തന്റെ ജീവൻ തുടിക്കുകയാണ്. ചെറിയ അനക്കം മാത്രം. കട്ടിലിനടുത്തേക്ക് ചെന്ന് പുതപ്പ് ഒന്നുകൂടി ശരിയാക്കി നെറ്റിയിൽ ഒരു നേരിയ ചുംബനം. അവൻ ഉറങ്ങട്ടെ. വേദനയുടെ നൊമ്പരം അറിയാതിരിക്കാൻ ഡോക്ടർ അവനെ മയക്കി കിടത്തിയിരിക്കുകയാണ്.

വിൽസൺ സാവധാനം ജനലിനടുത്തേക്ക് നടന്നു നീങ്ങി. നഗരത്തിലെ പതിനാറു നിലയുള്ള ഏറ്റവും വലിയ ഹോസ്പിറ്റൽ– ബേ വ്യൂ. കടലിനോട് ചേർന്നാണ്. ജനലിൽകൂടി നോക്കിയാൽ ഓളവും തീരവും പത്തേമാരികളും മുക്കുവരും ചെറിയ മത്സ്യബോട്ടുകളും. നഗരത്തിലെ സുന്ദര ദൃശ്യങ്ങൾ.

വിൽസൺ താഴേക്ക് കണ്ണോടിച്ചു. പതിനാറാമത്തെ നിലയിൽ നിന്ന് നോക്കിയാൽ താഴെക്കാണുന്നത് വേറൊരു ചിത്രം. മൂടുപടത്തിലെന്നപ്പോലെ മിന്നിതിളങ്ങുന്ന വീഥികളിൽ ചിമ്മുന്ന നിയോൺ ലൈറ്റുകൾ. നിരത്തിലൂടെ നീങ്ങുന്ന കാറുകളിലെ ഹെഡ് ലൈറ്റുകൾ. എല്ലാം മിന്നാമിനുങ്ങുകളാണെന്ന് തോന്നും. ഒപ്പം ജനക്കൂട്ടവും.

പതിയ കാൽപെരുമാറ്റം. വിൽസൺ ഞെട്ടലോടെ പിന്നോട്ട് തിരിഞ്ഞു. ഒരു നേഴ്സാണ്. കുഞ്ഞിന്റെ അടുക്കൽ രണ്ടു മിനിറ്റ് നിന്ന് ശ്രദ്ധിച്ചിട്ട് അവൾ തിരികെ പോയി.

വിൽസണ് പെട്ടന്ന് 'വിനീത' യുടെ ഓർമ്മ വന്നു. മുപ്പത്തഞ്ചു വർഷങ്ങൾക്ക് മുമ്പ് മിലിട്ടറി ഹോസ്പിറ്റലിലെ ഏറ്റവും പേരുകേട്ട സർജനായിരുന്നു 'ഡോക്ടർ വിൽസൺ ഗോമസ്'. ശസ്ത്രക്രിയയിൽ ഒന്നാമൻ, പക്ഷേ എവിടെയോ ഒരു പിഴവ്. ആറടി പൊക്കം. കറുത്ത മീശയും താടിയും ഇരുണ്ട ഫ്രെയിമിലുള്ള വലിയ കണ്ണടയും. എന്നാൽ ആ കണ്ണടയ്ക്കു പിന്നിൽ കഴുകന്റെ ആർത്തിയുടെ തീക്കനലുകൾ എരിയുന്ന കണ്ണുകൾ– പണം, പണം, പണം... അതു മാത്രമായിരുന്നു വിൽസന്റെ സ്വപ്നം.

ഓരോ സർജറിയും കഴിയുമ്പോൾ ഒരു ലക്ഷം–രണ്ടു ലക്ഷം–പത്തു ലക്ഷം... അങ്ങിനെ വേണ്ടിടത്തും വേണ്ടാത്തിടത്തും അയാൾ മനുഷ്യ ശരീരം കീറിമുറിച്ചു. കാല്, കൈയ്യ്, വിരൽ അങ്ങിനെ പലതും വെട്ടി മാറ്റി. ഒരു വീട്ടമ്മ വെണ്ടക്കയും വഴുതനങ്ങയും മുറിക്കുന്ന ലാഘവത്തോടെ. രോഗിയെ കാണുന്ന മാത്രയിൽ മനസ്സിൽ കുറിച്ചിടും ശസ്ത്രക്രിയ. പിന്നെ മരുന്നും, ചികിത്സയും, രോഗിയുടെ ബന്ധുക്കളോടുള്ള ആശ്വാസ വാക്കുകളും വെറും കപടനാടകങ്ങൾ...

അങ്ങിനെ ഒരവസരത്തിലാണ് വിനീത മനസ്സ് തുറന്നത്. വലിയ സമ്പന്നരും യാഥാസ്ഥിതികരുമായ രാജവംശത്തിന്റെ അവസാനകണ്ണി യായ കോവിലകത്തെ ഏക പെൺകുട്ടി. അഥവാ അവകാശി. ഭീഷണികളെയും എതിർപ്പുക ളേയും അവഗണിച്ച് അത്യ പൂർവ്വവും അവിശ്വസനീയവുമായ ദൃഢനിശ്ചയം.

തൃണം പോലെ എല്ലാം വലി ച്ചെറിഞ്ഞ് ആതുരസേവനത്തിനു വേണ്ടി നഴ്സിങ്ങ് പഠിച്ച് ജോലിക്കു ചേർന്നവൾ.

ഒരപ്സരസ്സിന്റെ രൂപഭംഗി. കാരുണ്യം തുളുമ്പുന്ന കണ്ണുകൾ. ശാലീനതയും നിഷ്കളങ്കതയും ഓമനത്തവും നിറഞ്ഞുനിന്ന പെൺകുട്ടി. വിനയവും ഒതുക്കവും ഉള്ള പെരുമാറ്റം.

ഡോക്ടറും നേഴ്സും മാത്ര മുള്ള ചേംബർ.

വിനീത പെട്ടന്ന് ചോദിച്ചു "ഡോക്ടർ എന്തിനാണ് ഇത്ര ക്രൂരത?"

വിൽസണ് പുകച്ചുകൊണ്ടി രുന്ന സിഗററ്റ് ആഷ്ട്രേയിലിട്ടു. മറു ചോദ്യം.

"വിനീത എന്താണ് ഉദ്ദേശിക്കു ന്നത്?"

വിനീതയ്ക്ക് മനസ്സിൽ പേടി തോന്നി പറയണോ വേണ്ടയോ? പക്ഷേ വിനീതയോട് വന്നതു മുതൽ ഡോക്ടർക്ക് വളരെ സ്നേഹവും അടുപ്പവും ഉണ്ട്. അതവൾക്കറിയാം. മദ്ധ്യവയസ്ക നായ ഡോക്ടർക്ക് ചെറുപ്രായ ത്തിൽ ഒരു മകനുണ്ടായിരുന്നെ ങ്കിൽ ഇന്ന് തന്നെപ്പോലെ ആവാം. തന്റെ പ്രായമേ കാണൂ. ആ പിതൃ സഹജമായ വാത്സല്യവും കനിവും തന്നോടുണ്ട് എന്ന് അവൾക്ക് പല പ്പോഴും തോന്നിയിരുന്നു. അതിന്റെ ആത്മവിശ്വാസവും സിരകളിലോ ടുന്ന ക്ഷത്രിയ രക്തത്തിന്റെ ഊർ ജ്ജവും ഉൾക്കൊണ്ട് ധൈര്യ പൂർവ്വം വിനീത പറഞ്ഞു.

"ഡോക്ടർ ഇന്നത്തെ ആമ്പ്യൂ ട്ടേഷൻ വേണമായിരുന്നോ? അത് ഒഴിവാക്കാമായിരുന്നില്ലേ?

"എങ്ങിനെ?"

"വൈദ്യശാസ്ത്രത്തിൽ എത്ര യെത്ര പുതിയ കണ്ടുപിടുത്തങ്ങൾ! അറിവുകൾ! ദാ ഇതുതന്നെ നോക്കൂ."

മേശ വലിച്ചുതുറന്ന് 'അമേരി ക്കൻ മെഡിക്കൽ ബുള്ളറ്റിൻ' എന്ന മാഗസിൻ അവൾ പുറത്തെടുത്തു പേജുകൾ മറിച്ചു. "ഇതാണ് ഞാൻ പറഞ്ഞ റിപ്പോർട്ട്, രണ്ടു ദിവസം മുമ്പ് ലൈബ്രറിയിൽ വന്നതാണ്."

വിൽസണ് അതിശയം തോന്നി. ഇതൊന്നു ശ്രദ്ധിക്കാൻ, ഒന്നു മറി ച്ചു നോക്കാൻ പോലും കൂട്ടാക്കാ ത്ത തന്നെക്കാൾ വിജ്ഞാനം, സഹാനുഭൂതി, അർപ്പണ ബോധം എല്ലാം ഈ പെൺകുട്ടിക്കോ?

പെട്ടന്ന് അയാൾ ഓർത്തു. ജീവിതത്തിന്റെ എല്ലാ സൗഭാഗ്യ ങ്ങളും സമ്പത്തും പുല്ലുപോലെ തൂത്തെറിഞ്ഞ് ആതുരസേവന ത്തിന്റെ ഈ പാവന വഴിയിലേക്ക് വന്നവളാണ് വിനീത വർമ്മ. അല്ലാതെ തന്നെപ്പോലെ പണം, പണം മാത്രം സ്നേഹിച്ച ഇരു കാലി മൃഗമല്ല.

വിനീത തുടർന്നു.

"അങ്ങയുടെ കൈപിടിച്ച്, ദൈവത്തെപ്പോലെ കരുതി അല്പം ദയയ്ക്കു വേണ്ടി യാചിച്ച ആ അമ്മയുടെ അശ്രുപൂർണ്ണമായ മുഖം അങ്ങേയ്ക്ക് മറക്കാനാ വുമോ?"

ശരിയാണ്. ആ മുഖം, അതു പോലെ പലമുഖങ്ങളും ഡോക്ട റുടെ മനസ്സിൽ തെളിഞ്ഞു. എന്തി നാണ് ഇത്ര ക്രൂരനായത്? ആ കിട ക്കുന്ന പിഞ്ചോമനയ്ക്കു വേണ്ടി യോ?

പണത്തിന്റെ പിന്നാലെയുള്ള പാച്ചിലിൽ വിവാഹം കഴിക്കാൻ പോലും മറന്നു പോയി. നാല്പതാ മത്തെ വയസിൽ കല്യാണം. അഞ്ചുവർഷത്തെ കാത്തിരുപ്പിനു ശേഷം ഉണ്ടായ പൊന്നുമകൻ. ഭാര്യയുടെ നിർബന്ധപ്രകാരമാണ് അവനെ ദൂരെയുള്ള ബോർഡിംഗ് സ്കൂളിൽ ചേർത്തത്. കണ്ണു നിറയെ കണ്ടിട്ടില്ല. മനസ്സുനിറയെ വാത്സല്യച്ചിട്ടില്ല.

പെട്ടന്നാണ് ആ ആക്സിഡന്റ്. മകന് ഏതാണ്ട് എട്ടു വയസ് പ്രായം. ഓടിക്കളിച്ചിരുന്ന സൈക്കി ളിലെ വീഴ്ച. ഇത്രമാത്രം ദൈവ ശാപമോ?

വീൽചെയറിലാണ് അവനെ ബോർഡിങ്ങിൽ നിന്നും വീട്ടി ലേക്ക് കൊണ്ടു വന്നത്. പിന്നെ ഈ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു. അവസാനം ഡോക്ടർ മാർ എന്താണ് പറഞ്ഞത് "കാൽ മുറിക്കണമെന്ന് – മുട്ടിനു താഴെ വച്ച്"

വിൽസണ് ബോധംകെട്ടു വീണു. ടൂറിനു പോയിരുന്ന ഭാര്യ ഒന്നും അറിഞ്ഞില്ല.

വർത്തമാന കാലത്തിലേക്ക് – സ്വന്തം ചുറ്റുപാടിലേക്ക് ഡോക്ടർ മടങ്ങി വന്നു. അതറിഞ്ഞപ്പോൾ മുതലുള്ള നിൽപ്പാണ് അയാൾ ആ ജനാലക്കരുകിൽ.

ഇടയ്ക്കിടെ മകനെ നോക്കും. ഹൃദയം നൊന്ത് കുടുകുടെ ഒഴു കുന്ന കണ്ണീരിൽ മുഖമാകെ കുതിർന്നു.

മനസ്സിന്റെ ഉള്ളിൽ ഒരു മിന്നൽ. ഓർമ്മ വർഷങ്ങൾ പിന്നിട്ട് ഭൂത കാലത്തിലേക്ക് എത്തി നോക്കി വിനീത പറഞ്ഞ ആ അമ്മയുടെ നിറഞ്ഞ കണ്ണുകൾ, കൂപ്പുകൈ, അവസാനവാക്കുകൾ "ഈ അമ്മ

യുടെ മനസ്സ് എരിഞ്ഞ ശാപം. നിനക്കും ഒരിക്കൽ ഈ അനുഭവം വരും"

വിൽസന്റെ മനസ്സ് ജ്വലിക്കുന്ന കനൽ ചില്ലുപോലെ നീറി.

"എനിക്ക് മാപ്പു പറയണം. മാപ്പ്...മാപ്പ്..."

എന്തൊക്കയോ മന്ത്രിച്ചു കൊണ്ട് അയാൾ പടികൾ ചാടിയിറങ്ങി ലിഫ്റ്റിനുപോലും കാത്തു നില്ക്കാതെ.

വിൽസൺ പഴയ മിലിട്ടറി ഹോസ്പിറ്റലിൽ ചെല്ലുമ്പോൾ എല്ലാവരും പോയികഴിഞ്ഞിരുന്നു. സമയം രാത്രി എട്ടുമണി. ഡോക്ടറെപ്പറ്റി കേട്ടിട്ടുള്ള പലരും ഇപ്പോഴും അവിടെയുണ്ട്. ആ സ്വാധീനത ഉപയോഗിച്ച് അയാൾ വാച്ച്മാനോട് പറഞ്ഞു.

"വേലുച്ചാമി നമ്മുടെ പഴയ സ്റ്റോർ റൂം തുറക്കണം. എനിക്ക് ചില കടലാസ്സുകൾ നോക്കാനുണ്ട്."

നേരിയ ട്യൂബ് ലൈറ്റിന്റെ വെളിച്ചം പരന്നു. ഡോക്ടർ അലമാരികളിലെ റിക്കാർഡ്സിൽ കൈകളോടിച്ചു. അവസാനം ആ ഫയൽ കൈയ്യിൽ കിട്ടി. അന്ന് താൻ നിർദ്ദയമായി വലിച്ചെറിഞ്ഞ ഒരു ജീവിതത്തിന്റെ പഴയതാളുകൾ. പേര്, ആണ്ട്, മേൽവിലാസം എല്ലാം.

അടുത്ത ദിവസം. പ്രഭാതം പൊട്ടിവിരിയുന്നതേയുള്ളൂ. ഗ്രാമത്തിന്റെ നടുവിലെ ചെങ്കല്ലിട്ട റോഡ്. പൊടിയും കരിയിലയും കാറ്റിൽ പറത്തി ഡോക്ടറുടെ റോൾസ് റോയ്സ് കാർ മുന്നോട്ട് പാഞ്ഞു. അവസാനം ഒരു ചെറിയ ഗേറ്റിലെത്തി.

ഡിസംബർ മാസത്തിലെ മഞ്ഞുമൂടിയ തണുത്ത പ്രഭാതത്തിലും അയാൾ വിയർത്തൊഴുകി. മെല്ലെ ഗേറ്റുതുറന്നു. നടപ്പാതയിലൂടെ പൂമുഖത്തെത്തി.

ചാരുകസേരയിലിരുന്ന് ഒരാൾ ചായ കുടിക്കുന്നു. അടുത്തുതന്നെ നരച്ച തലമുടിയുള്ള, സെറ്റുമുണ്ടുടുത്ത, ഒരമ്മയും.

ഇരുപത്തഞ്ചു വർഷങ്ങൾക്കു ശേഷം കാണുകയാണ്. പക്ഷേ മൂന്നുപേർക്കും പരസ്പരം മനസ്സിലായി. മനഃപൂർവ്വം മറക്കാൻ ശ്രമിച്ച ഇരുണ്ട ഏടുകളുടെ ചിലന്തിവല പൊട്ടിച്ചിതറി.

എല്ലാവർക്കും മാറ്റങ്ങൾ.

കൃഷ്ണപ്രസാദിനും ഭാര്യയ്ക്കും പ്രായാധിക്യം കൊണ്ടുള്ള ക്ഷീണം ഉണ്ട്. എന്നാൽ ഡോക്ടർക്കായിരുന്നു ഏറ്റവും വലിയ മാറ്റം. തീക്കനൽ പോലെ ജ്വലിച്ചിരുന്ന ആ കണ്ണുകളിലെ ദാഹമെവിടെ? ശോഷിച്ച് മെലിഞ്ഞ ശരീരം. ഒട്ടിയ കവിളുകൾ. മുഷിഞ്ഞ വേഷം. പാപത്തിന്റെ കറപുരണ്ട ജീവനറ്റ കൈകൾ.

ആ വൃദ്ധന്റെ കാൽമുട്ടുകളിൽ കെട്ടിപ്പിടിച്ച് മുഖം അമർത്തി ഡോക്ടർ വിൽസൺ വിങ്ങി വിങ്ങി കരഞ്ഞു. മുപ്പത്തഞ്ചുകൊല്ലം മനസ്സിൽ കുത്തിനിറച്ച പണക്കൊതിയും ക്രൂരതയും ആ മനുഷ്യമൃഗത്തിന്റെ കവിളിലൂടെ അശ്രുധാരയായി ഒഴുകി.

"എല്ലാത്തിനും മാപ്പ്...പാപം കണ്ണീരാൽ കഴുകി വിശുദ്ധി നേടിയവനാണ് എന്റെ കരുണാമയനായ ക്രിസ്തു. നാളെയാണ് എന്റെ പൊന്നുമോന്റെ ആമ്പ്യൂട്ടേഷൻ. ചെയ്യുന്നത് അങ്ങയുടെ മകൻ ഹരിപ്രസാദും. ചെയ്യരുതെന്ന് പറയണം. എങ്ങിനെയെങ്കിലും അവനെ രക്ഷിക്കണം."

നിമിഷങ്ങൾ...മണിക്കൂറുകൾ...

വിൽസൺ എത്രനേരം അങ്ങിനെ ഇരുന്നു എന്നോർമ്മയില്ല.

പുറകിൽ ഒരു തലോടൽ. അയാൾ തല ഉയർത്തി നോക്കി. ഡോക്ടർ ഹരിപ്രസാദ്.

"വിൽസൺ ഗോമസ് പേടിക്കേണ്ട. ഞാനത് ഒരിക്കലും ചെയ്യുകില്ല. വൈദ്യശാസ്ത്രം എത്ര സമ്പന്നമാണ്! കുഴിക്കുന്തോറും കൂടുതൽ കൂടുതൽ മാണിക്യക്കല്ലുകൾ തെളിഞ്ഞു വരും. കൊടുക്കുന്തോറും സൗഭാഗ്യം കൂടിക്കൂടി വരും. വിജ്ഞാനം, വാത്സല്യം, കാരുണ്യം, കനിവ്... എല്ലാറ്റിനും ഉപരി കെടാവിളക്കായ സർവ്വേശ്വരനിലുള്ള വിശ്വാസം. അതാണ് ഞാൻ പഠിച്ച പാഠം."

പതിനഞ്ചു വർഷങ്ങൾക്കു ശേഷം..

ഡോക്ടർ വിൽസന്റെ എല്ലാ സമ്പത്തും കൊണ്ട് പടുത്തുയർത്തിയ ഹോസ്പിറ്റൽ. നഗരമദ്ധ്യത്തിൽ തിളങ്ങുന്ന 'ഗ്ലോയിങ് ലാമ്പ്'.

പ്രധാന സർജൻ ഡോക്ടർ ഹരിപ്രസാദ്. ഒപ്പം യുവഡോക്ടർ അർജുൻ വിൽസൺ ഗോമസ്.

ഹോസ്പിറ്റലിലെ പുതിയ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സിസ്റ്റർ വിനീത വർമ്മ.

പടികൾ ചവുട്ടി ഹാളിൽ കയറിയപ്പോൾ ആദ്യം ശ്രദ്ധിച്ചത് എതിരെയുള്ള ഭിത്തിയിൽ ചില്ലിട്ട് ഫ്രെയിം ചെയ്തുവച്ചിരുന്ന ഒരു വലിയ ചിത്രമാണ്.

ഒരു വശത്ത് കത്തിജ്വലിക്കുന്ന കർപ്പൂരനാളം. അതിനു നേർക്ക് വിരൽചൂണ്ടി തോളോട് തോൾ ചേർന്നു നിൽക്കുന്ന ഹരിപ്രസാദും അർജുനനും.

കഥ ഇവിടെ അവസാനിക്കുന്നില്ല.

ജ്വാലയായി, പ്രകാശമായി, മുന്നോട്ട് നീങ്ങുന്ന മനുഷ്യമനസ്സിന്റെ ഈശ്വര ചൈതന്യത്തിലേക്കുള്ള പ്രയാണം തുടങ്ങുകയാണ്...........

# തിരുമുൽപ്പാടേടാ?!

**-ചന്ദ്രാവലി തമ്പുരാൻ**

*(ക്ഷാത്രസന്ദേശത്തിലെ - വാല്യം 11, ലക്കം 3- പി. കേരള വർമ്മ തിരുമുൽപ്പാടിന്റെ ലേഖനത്തിന് ഒരു പ്രതികരണം)*

ശ്രീ തിരുമുൽപ്പാടിന്റെ സ്വന്തം അസ്തിത്വത്തിലുള്ള അഭിമാനം-ആത്മാഭിമാനം ശ്ലാഘനീയം തന്നെ. പ്രത്യേകിച്ചും അദ്ദേത്തിന്റെ ജാതി വിഭാഗത്തിലുള്ളവർ അക്കാര്യത്തിൽ വൈമുഖ്യം കാണിക്കുന്ന സാഹചര്യത്തിൽ. പലരും അച്ഛന്റെയോ മുത്തച്ഛന്റെയോ, അഭിജാതകുടുംബങ്ങളാണെന്ന് സ്വയം പ്രഖ്യാപിക്കുന്നു, സ്ഥാപിക്കുന്നു. (തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ ഡയറക്ടറി-2005, ഒരു ചെറിയ സാമ്പിൾ) തിരുപ്പാടന്മാർക്ക് സ്വന്തം സമുദായത്തോട് ഈ അപകർഷതാബോധം വച്ചു പുലർത്തുന്നതിൽ സ്വാഭിമാനിയായ ശ്രീ കേരള വർമ്മ തിരുമുൽപ്പാടിന് അമർഷം തോന്നുന്നത് തികച്ചും ന്യായം തന്നെ. പക്ഷേ അതിന്റെ പശ്ചാത്തലത്തിൽ കൊച്ചീരാജകുടുംബാംഗങ്ങളുടെ നേർക്കുള്ള ബാലിശമായ പരാമർശങ്ങൾക്കു മറുപടി പറയാതിരുന്നാൽ മൗനം സമ്മതലക്ഷണമെന്നാകുമല്ലോ.

തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിവയായിരുന്നല്ലോ കേരളത്തിലെ നാട്ടുരാജ്യങ്ങൾ. അവരിൽ തിരുമുൽപ്പാടന്മാരെന്ന് വിശേഷിപ്പിയ്ക്കപ്പെട്ട കൊച്ചീരാജകുടുംബാംഗങ്ങൾ ജാതിശ്രേണിയിൽ എവിടെ നിൽക്കുന്നു എന്ന് സർവ്വവിദിതമാണല്ലൊ.

തമ്പാക്കന്മാരെന്ന് വിശേഷിപ്പിക്കപ്പെടുന്ന വെള്ളാരപ്പിള്ളി, ചാഴൂർ, എളങ്കുന്നപ്പുഴ കോവിലകങ്ങൾ കൊച്ചീരാജകുടുംബത്തിൽപ്പെട്ടവരല്ലാ. പലപ്പോഴും അപ്രകാരം തെറ്റിദ്ധരിപ്പിക്കപ്പെടുന്നെങ്കിലും നൂറ്റാണ്ടുകൾക്കു മുമ്പ് കൊച്ചീരാജകുടുംബത്തിൽ സന്തതിയില്ലാതെ വന്നപ്പോൾ ചാഴൂർ കോവിലകത്തു നിന്നും രണ്ടു പെൺകുട്ടികളെ ദത്തെടുത്തിട്ടുണ്ട് എന്ന ബന്ധം മാത്രമേ ഉള്ളൂ. ജാതി പരിശുദ്ധി ഉറപ്പു വരുത്തുവാനായി പണ്ടൊക്കെ പുലബന്ധമുള്ള കുടുംബങ്ങളിൽ നിന്നു മാത്രമേ ദത്ത് അനുവദനീയമായിരുന്നുള്ളൂ. ദത്തെടുക്കപ്പെട്ടവർ മാത്രം രാജകുടുംബാംഗങ്ങളായി തീരുന്നു. കഴിഞ്ഞ നൂറ്റാണ്ടിലെന്നപ്പോലെ മാവേലിക്കരക്കൊട്ടാരത്തിൽ നിന്നും ദത്തെടുക്കപ്പെട്ട റീജന്റ് മഹാറാണിയും, അമ്മ മഹാറാണിയും "തിരുനാൾ" എന്ന വിശേഷണത്തോടെ തിരുവിതാംകൂർ രാജകുടുംബാംഗങ്ങളായപ്പോൾ സ്വന്തം അമ്മമാരും സഹോദരീ സഹോദരന്മാരും മാവേലിക്കര കുടുംബാംഗങ്ങളായിതന്നെ വർത്തിച്ചു. അവർ വെറും "നാൾ"കാർ മാത്രമായി. തിരുവിതാംകൂർ രാജകുടുംബാംഗങ്ങൾ "പ്രിൻസ്"മാരും "പ്രിൻസസ്സ്" മാരുമാണെന്ന് കരുതി മാവേലിക്കരക്കാരും, ബന്ധപ്പെട്ട എണ്ണയ്ക്കാട്, നെടുമ്പ്രം തുടങ്ങിയ കൊട്ടാരക്കാരും അപ്രകാരം സ്വയം പേരുവച്ചാൽ അപഹാസ്യരായിത്തീരി ല്ലേ?. ഓരോ രാജകുടുംബത്തിനും അതിന്റേതായ ആഢ്യത്തം അന്നുണ്ടായിരുന്നതിൽ കുറ്റം പറയാനില്ല. സമത്വത്തിലധിഷ്ഠിതമായ ജനായത്തഭരണവ്യവസ്ഥിതിയിലും അധികാരിവർഗം അവരുടേതായ സ്ഥാനമാനങ്ങൾ ഇന്നും അനുഭവിക്കുന്നുണ്ടല്ലോ.

കോയിത്തിരുപ്പാടെന്ന പദം കൊണ്ട് കൊച്ചിരാജകുടുംബാംഗങ്ങൾ തിരുപ്പാടന്മാരെന്ന് സമർത്ഥിക്കുന്നതും ശരിയാണെന്ന് തോന്നുന്നില്ല. തിരുവിതാംകൂറിൽ പള്ളിക്കെട്ടു കഴിപ്പിച്ചിട്ടുള്ള കോയിത്തമ്പുരാക്കന്മാരെ "കോയിപണ്ടാല" എന്ന് വിശേഷിപ്പിക്കാറുള്ളത് എനിക്കോർമ്മയുണ്ട്, അവർ അസ്സൽ തമ്പുരാക്കന്മാരാണെങ്കിലും.

വിവാദത്തിന് വഴിതെളിയ്ക്കാൻ തീരെ ഉദ്ദേശ്യമില്ലെങ്കിലും ജീവിതത്തിലുടനീളം സാമ്പത്തിക ഭദ്രത, ആദ്ധ്യാത്മിക പാരമ്പര്യം, മൂല്യാധിഷ്ഠിതമായ ഒരുത്തമ സംസ്കാരം, സമൂഹത്തിൽ മാന്യത തുടങ്ങി നിരവധി നിരവധി അനുഗ്രഹങ്ങൾക്ക് കാരണഭൂതയായ എന്റെ മാതൃകുടുംബം ആരോപണവിധേയയാകുമ്പോൾ മൗനം ദീക്ഷിക്കുന്നത് കൃതഘ്നതയല്ലെ?

എല്ലാ ക്ഷത്രിയരേയും ബന്ധപ്പെട്ട ക്ഷത്രിയേതര സമുദായക്കാരേയും കൂടി "തമ്പുരാക്കന്മാരും "തമ്പുരാട്ടി"മാരുമായി സാമുദായികോദ്ധാരണം നടത്തിയ, നടത്തിവരുന്ന ക്ഷത്രിയ ക്ഷേമസഭയുടെ മുഖ പത്രത്തിൽ വിഭാഗീയത ചിന്തയൊരുക്കുന്ന തിരുമുൽപ്പാടു മനോഭാവത്തിന് എത്രമാത്രം ആനുകാലിക പ്രസക്തിയാണുള്ളത്? ചിന്തിക്കുക.

സഭയ്ക്കകത്തെ വിഭാഗങ്ങൾ തമ്മിൽ മദവും മത്സരവും ഉളവാക്കുന്ന വാക്കുകളും, പ്രവൃത്തികളും, പരിപാടികളും ഒഴിവാക്കുന്നതല്ലെ നല്ലത്? ഐകമത്യം മഹാബലം!! ●

# ശ്രീകൃഷ്ണവിലാസത്തിലെ സുമേരുശൈലം – ഒരു പഠനം

കഴിഞ്ഞ ലക്കം തുടർച്ച

ഡോ. കെ. സി.എം. രാജ

മേഘനിരകളെ അതിക്രമിച്ചു നില്ക്കുന്ന സുമേരു ശൈലത്തിന്റെ അഗ്രഭാഗങ്ങളിലുള്ള താമരപൊയ്കകളിൽ അധിവസിക്കുന്ന അരയന്നങ്ങൾ വർഷകാലമെത്തിച്ചേർന്നിട്ടും മാനസസരസ്സിലേക്കു ദൂരയാത്ര ചെയ്യുന്നില്ലെന്നു കവി നിരീക്ഷിക്കുന്നു. വർഷാരംഭത്തിലുള്ള മേഘഗർജ്ജനങ്ങൾ സുമേരു ശൃംഗങ്ങളിൽ ചെന്നെത്തായ്ക കാരണം, വർഷാഗമനത്തിന്റെ സൂചനകളൊന്നും അരയന്നങ്ങൾക്കു ലഭിക്കുന്നില്ലെന്നു കവി സൂചിപ്പിക്കുമ്പോൾ, സുമേരു ശൈലത്തിന്റെ ഔന്നത്യം തന്നെയാണ് പരോക്ഷമായ ധ്വനി.

ഏതാണ്ട് സമാനത കല്പിക്കാവുന്ന ഒരാശയം കാളിദാസ രചനയായ കുമാരസംഭവത്തിൽ ചിത്രീകരിക്കുന്നത് ചുവടെ കൊടുത്ത ശ്ലോകത്തിലൂടെയാണ്.

*ആമേഖലാം സഞ്ചരതാംഘ നാനാം*
*ഛായാമയഃ സാനുഗതാനിഷേവ്യ*
*ഉദ്വേജിത വൃഷ്ടിഭിരാശ്രയന്തെ*
*ശൃംഗാണിയസ്യാതപവന്തിസിദ്ധാഃ*

(കുമാരസംഭവം, സ. 1, ശ്ലോക. 5)

ഹിമാലയ സാനുക്കളിൽ നിന്നു താഴോട്ടിറങ്ങി താഴ്‌വാര പ്രദേശങ്ങളിലൂടെ കാർമേഘങ്ങൾ തിങ്ങിനിറഞ്ഞു നീങ്ങിക്കൊണ്ടിരിക്കുമ്പോൾ സംജാതമാകുന്ന വൃഷ്ടിപാതത്തിൽ നിന്നു രക്ഷ നേടുന്നതിനായി തപസ്വികളായ ഋഷിമാർ, സൂര്യപ്രകാശം അപ്പോഴും മങ്ങാതെ നില്ക്കുന്ന ഹിമാലയ ശൃംഗങ്ങളിലേക്കു അഭയം തേടി ചെന്നെത്തുന്നു എന്നാണ് കാളിദാസന്റെ ഭാവനയിലുണരുന്ന മനോഹരമായ ചിത്രം!

ഉന്നതാകാരം പൂണ്ടുനില്ക്കുന്ന സുമേരു ശൈലത്തിലെ അതിരമണീയമായ ഭൂപ്രകൃതിയെ വർണ്ണിയ്ക്കുന്നവയാണ് ഈ കാവ്യത്തിലെ മറ്റു ചില ശ്ലോകങ്ങൾ. കല്പാന്തങ്ങളിൽ സംഭവിക്കുന്ന മഹാപ്രളയസമയത്ത് ദേവഗണങ്ങൾ പ്രേയസിമാരുമൊത്ത്, സുമേരുവിന്റെ മുകൾപ്പരപ്പിൽ വന്നെത്തി അടിച്ചുയരുന്ന കടലിലെ തിരമാലകൾ കണ്ട് ആസ്വദിച്ചു നില്ക്കാറുണ്ടത്രെ!

*സുരായുഗാന്തേഷു സഹപ്രിയാഭിഃ*
*നിഷേദിവാംസൊയദധിത്യകാസു*
*ഉദമ്പതാമൈക്യമുപാഗതാനാം*
*പശ്യന്തികല്ലോലശതപ്രചാരാൻ*

(ശ്രീകൃഷ്ണ വിലാസം, സ. 1, ശ്ലോ.6)

സുമേരു പർവ്വതത്തിൽ എത്തിച്ചേരുന്ന ആ അമാനുഷികരെക്കുറിച്ചാണ് കവി ഒന്നുകൂടി വിസ്തരിക്കുന്നത്.

*സ്വർഗ്ഗൗകസഃ സ്വർണ്ണമയീഷുപീതാ*
*ശേതതിഷോരൂപ മയീഷു ഭൂഷു*
*നീലാശ്ച നീലോപല മേദിനീഷു*
*ജ്ഞാതും മിഥൊയത്ര ന ശക്നുവന്തി.*

(ശ്രീകൃഷ്ണവിലാസം സ.1; ശ്ലോ. 8)

*നേതും രൂപാ നമ്രമുഖീരനീശാ*
*സ്ഫുടാനിയത് സ്വർണ്ണഗുഹാനുരാണീ*
*സിദ്ധാഃ പ്രയത്നേന വിനാ ന വോഢാ*
*ന്നയന്തിനീലോപല ഗഹ്വരാണി.*

(ശ്രീകൃഷ്ണവിലാസം, സ. 1, ശ്ലോ. 10)

സ്വർണ്ണം, വെള്ളി എന്നീലോഹസമ്പത്തുക്കളെക്കൊണ്ടും ഇന്ദ്രനീലം മുതലായ വിലപിടിച്ച വൈരക്കല്ലുകളെക്കൊണ്ടും സമ്പുഷ്ടമായ ആ പർവ്വതപ്രാന്തങ്ങളിൽ സഞ്ചരിക്കുന്ന സിദ്ധചാരണന്മാർ, ചുറ്റിന്നുമുള്ള വ്യത്യസ്തമായ വർണ്ണപ്പൊലിമയിലാറാടുക കാരണം പരസ്പരം തിരിച്ചറിയാനാകാത്ത ഒരവസ്ഥയിൽ എത്തിച്ചേരുന്നുവെന്നാണ് കവി ചൂണ്ടിക്കാണിക്കുന്നത്. മാത്രമല്ല, കത്തിനില്ക്കുന്ന മണിദീപങ്ങൾ ചൊരിയുന്ന പ്രഭ പോലെ, കാഞ്ചനവർണ്ണം നിറഞ്ഞു നില്ക്കുന്ന ഗുഹാന്തർഭാഗങ്ങളിൽ വന്നെത്തുന്ന അവർ കാമോദീപ്തരായി സ്വന്തം പ്രേയസിമാരെ ഇന്ദ്രനീലത്തിന്റെ അരണ്ട വെളിച്ചം തങ്ങിനില്ക്കുന്ന, ഗുഹകളുടെ മറ്റു വശങ്ങളിലേക്ക് രതിക്രീഡകൾക്കായി ആനയിക്കുന്നു എന്നു കൂടി കവി കൂട്ടിച്ചേർക്കുന്നുണ്ട്. സുമേരു പർവ്വതത്തിലെ സമ്പദ്സമൃദ്ധിയെ പരോക്ഷമായി പ്രതിപാദിക്കുകയാണ് മേലുദ്ധരിച്ച രണ്ടു ശ്ലോകങ്ങളും. അത്രയും സമ്പദ്സമൃദ്ധമായ ആ ഭൂപ്രദേശം ഫലപുഷ്ടിയുടെ കാര്യത്തിലും ഏറെ സമ്പന്നമാണെന്നു കവി ഊന്നിപ്പറയുന്നുണ്ട്.

'പുഷ്പാണി ശയ്യാസുരപാദപാനാം....' എന്നുള്ള ശ്ലോകപാദത്തിലും (ശ്ലോകം 7), 'ഛന്നേഷു യസ്മിൻ കനകോജ്വലാഭി, രാമൂലചൂഡം നവമഞ്ജരിഭിഃ....' എന്ന ശ്ലോകാദ്യപാദങ്ങളിലും (ശ്ലോകം11) സുമേരുശൈലത്തിലെ വർണ്ണോജ്വലമായ ഭൂപ്രകൃതിയെയാണ് ഉത്തുംഗമായ ഭാവനാവിലാസത്തോടെ കവി വർണ്ണിയ്ക്കുന്നത്. സുമേരുവിന്റെ ഉപരിതലത്തിൽ നിന്നു ഒഴുകിയിറങ്ങുന്ന മന്ദാകിനിയുടെ കൈവരികളാണ്

ആ പർവ്വത പ്രാന്തത്തെ പുഷ്പ സമൃദ്ധമാക്കുന്നത് എന്നാണ് കവി യുടെ നിരീക്ഷണം. പതിവു തെറ്റാതെ ഉദ്യാനത്തിലെ ചെടി കൾക്കു വെള്ളം കൊടുക്കാനായി വന്നെത്തുന്ന ബാലികമാരായി ട്ടാണ് മന്ദാകിനിയുടെ കൈവഴി കളെ കവി സങ്കല്പിക്കുന്നതും.

*മന്ദാകിനീ യച്ഛിഖരെ വഹന്തീ*
*കുല്യാപഥാഭ്യാന്തരസംപ്രവിഷ്ടാ*
*ബാലേവതദ്രക്ഷണ സംപ്രവൃത്താ*
*ദിനെദിനെ സിഞ്ചതിപുഷ്പവാടീം.*
(ശ്രീകൃഷ്ണവിലാസം, സ.1 ശ്ലോക. 14)

ഇത്രത്തോളം മാഹാത്മ്യം കല്പിക്കപ്പെട്ടിട്ടുള്ള സുമേരു പർവ്വതം ദൈവീകപരിവേഷം ചാർത്തപ്പെട്ട ഒരു ഭാവനാസൃഷ്ടി മാത്രമാണൊ, അഥവാ സാക്ഷാൽ ഹിമാലയശൈലത്തെ മനസ്സിൽ കണ്ടുകൊണ്ട് കവി അതിനെ ഒരു പുരാണകഥാപാത്രമാക്കി ചിത്രീക രിച്ചതാണൊ എന്നുള്ള വസ്തുത ഏതൊരു വായനക്കാരനും ന്യായ മായും സംശയിച്ചേക്കാം. കുമാര സംഭവത്തിൽ കാളിദാസൻ ഹിമാ ലയപർവ്വതത്തെ വർണ്ണിച്ചതിന് ഏതാണ്ടു സദൃശമായി സുകുമാര കവി തന്റെ കാവ്യത്തിൽ ഉൾപ്പെ ടുത്തിയതാണൊ എന്നും സന്ദേ ഹിക്കാവുന്നതാണ്. അതിഭാവു കത്വം കലർന്ന ഭാവനകളാണെ ങ്കിൽ കൂടി ഈ കാവ്യത്തിലെ പല ശ്ലോകങ്ങളും, കവിഭാവനയിൽ രൂപംകൊണ്ട സുന്ദരസൃഷ്ടിക ളായി പരിലസിക്കുന്നുണ്ട്. ഉദാഹ രണത്തിന്,

*ശ്രിയാഭിരാമശ്ശരണം സുരാണാ*
*മലംഘനീയൊ മഹിതാമഹിമ്നാ*
*വിരാജമാനൊ വനമാലയാച*
*യശ്ശാങ്ഗധന്വാനു മനുപ്രയാന്തി*
(ശ്രീകൃഷ്ണവിലാസം, സ. 1, ശ്ലോക. 15)

*പുരാപുരാണാംത്രിതയം ദിധക്ഷൊ–*
*രുമാപതെ കാമുകതാം പ്രപന്നഃ*
*മദ്ധ്യേന വജ്രാങ്കുശ മത്സ്യചിഹ്നം*
*യോദ്യാപി തന്മുഷ്ടിപദം ദധാതി*
(ശ്രീകൃഷ്ണവിലാസം സ.1, ശ്ലോക. 16)

സമ്പദ്സമൃദ്ധമായ ഈപർവ്വത പ്രദേശം ദേവകളുടേയും സിദ്ധചാ രണന്മാരുടേയും വാസസ്ഥാന മായി കവി കാണുന്നതു കൊണ്ടാ വാം ബ്രഹ്മാവ് അദ്ധ്യക്ഷനായുള്ള ദേവസഭ സുമേരുവിൽ കൂടുന്നതും ഭൂമീദേവി ആ സഭയിൽ ചെന്നെ ത്തുന്നതുമായി സങ്കല്പിക്കാൻ കവി പ്രേരിതനായത്. ആ ഒരു കാരണം കൊണ്ടുതന്നെയാവണം സുമേരുശൈലത്തെ 'വിഷ്ണുരിവ' എന്ന പദമുപയോഗിച്ച് കാവ്യമാരം ഭിച്ചതും. ത്രിപുരാന്തകനായ മഹാ ദേവൻ ഒരിക്കൽ സുമേരുവിനെ തന്റെ ധനുസ്സായി ഉപയോഗിച്ച തിന്റെ ചിഹ്നങ്ങൾ ഇപ്പോഴും തെളിഞ്ഞുനില്ക്കുന്നുണ്ടെന്ന് കവി മേലുദ്ധരിച്ച ശ്ലോകത്തിൽ (ശ്ലോകം 16) സൂചിപ്പിക്കുന്നു. ഇവയെല്ലാം കൂട്ടിച്ചേർത്തു വായിക്കുമ്പോൾ, സുമേരുശൈലം തികച്ചും കവി സങ്കല്പമായ ഒരു അഭൗമിക പാത്ര സൃഷ്ടിയായിത്തന്നെ വിശ്വസി ക്കേണ്ടിവരും. എങ്കിലും, *'മന്ദാകി നീയച്ഛിഖരെ വഹന്തീ....'* എന്നും *'നകുര്യതെ മാനസദീർഘയാത്രാം'* എന്നുമുൾക്കൊള്ളുന്ന ശ്ലോകങ്ങൾ പരിശോധിക്കുമ്പോൾ സാക്ഷാൽ ഹിമാലയം തന്നെയാകാം കവി സ്വന്തം ഭാവനയിൽ വരച്ച സുമേ രുശൈലം.

മേൽ വിവരിച്ച സംഗതികളുടെ യാഥാർത്ഥ്യം എന്തുതന്നെയാക ട്ടെ, സുകുമാരൻ എന്നു പേരുള്ള ആ കവി ഉമിത്തീയിൽ നിന്നു വെന്തു നീറുമ്പോൾ ചൊല്ലിക്കൊ ടുത്ത കാവ്യമാണ് 'ശ്രീകൃഷ്ണ വിലാസം' എന്ന പാരമ്പര്യവിശ്വാ സം അംഗീകരിക്കാമെങ്കിൽ, ആ കവിയുടെ അനിതരസാധാരണ മായ ബുദ്ധിവൈഭവവും, പാണ്ഡി ത്യവും, വാണീവിലാസവും എന്നെ ന്നും പ്രകീർത്തിക്കപ്പെടേണ്ടതു തന്നെയാണ്. കാലപ്പഴമയുടെ സങ്കീർണ്ണത എന്തുതന്നെയാ യാലും, ഭാരതത്തിന്റെ തെക്കേ അറ്റത്തുള്ള ഈ ചെറിയ ഭൂപ്രദേ ശത്ത്, ഒരു കാലത്ത് സംസ്കൃത ഭാഷയ്ക്കുണ്ടായിരുന്ന പ്രശ സ്തിയും പ്രാമുഖ്യവും ചൂണ്ടിക്കാ ണിക്കുവാൻ കൂടി ഈ മഹാ കാവ്യം സഹായകമാകുന്നു.

*ഗ്രന്ഥസൂചിക*


*1. 'ശ്രീകൃഷ്ണവിലാസം' (Anow) ഒരു കയ്യെഴുത്തു പ്രതി. പകർത്തിയത് കൊ.വ. 1090 (ie 1915 A.D) പകർത്തിയെഴുതി യത്. ശ്രീമതി കെ.സി. മഹാദേവി ത്തമ്പുരാട്ടി.*

*2. 'ശ്രീകൃഷ്ണവിലാസം കാവ്യം ഒന്നാം സർഗ്ഗം' വിവർത്ത നവും വ്യാഖ്യാനവും, സ്വാമി ധർമ്മാനന്ദ തീർത്ഥ. പ്രകാശകർ: ദേവീബുക്സ്റ്റാൾ, കൊടുങ്ങല്ലൂർ. (1992)*

*3. 'വിവേകാനന്ദം' കവിതാ സമാഹാരം, കു. ജനാർദ്ദനൻ തമ്പാൻ പ്രസിദ്ധീകരണം, കുമാർ. പ്രിൻടർസ്, ഒറ്റപ്പാലം (1990)*

*4. 'ധർമ്മമൂല്യങ്ങൾ ഭാഗവത വാക്യങ്ങളിൽ' ഉമിത്തീയിൽ നിന്നും ധ്വനിച്ച കവിത Page 52, നാരായണാശ്രമതോവനം, വെങ്ങി ണിശ്ശേരി, തൃശ്ശൂർ 2005)*

*5. Contributions of Kerala to Sanskrit Literature Dr. K. Kunjunni Raja, University of Madras (1980)*

*6. 'Krishna Geethi' Manaveda Raja, Edited by P.S. Anantha narayana Sastry, (Pub) The Mangalodayam Co. Ltd. Trichur. (1914)*

*7. 'Srimad Bhagavata' Translated by Swami Tapasyanada, (Vol. III) (Pub.) The President, Sri. Ramakrishna Math, Mylapore, Madras (1980)*

*8. 'കുമാരസംഭവം' കാളിദാ സൻ, ഗദ്യപരിഭാഷ, കുട്ടികൃ ഷ്ണൻ മാരാര്, മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്, കോഴിക്കോട് (1971).*

# ഷോഡശക്രിയ കർമ്മപദ്ധതി

*കഴിഞ്ഞ ലക്കം തുടർച്ച*

**ചൌളം**

മൂന്നാം വയസ്സിൽ വിധി. അഞ്ചിലും ഏഴിലും ആകാം. ഒറ്റയാകണം. ഇരട്ടയാകരുത്. പെൺകിടാങ്ങൾക്ക് ചൌളം കഴിഞ്ഞ് ഈ ക്രിയ മന്ത്രമില്ലാതെ വേണം. കാതുകുത്തി ഉടുത്തുതുടങ്ങുക എന്നാണ് ക്രമം. പിന്നെ പെൺകിടാങ്ങളിൽ ഈ ക്രിയ ലുപ്തപ്രായമാണ്.

**ചൌളംക്രിയ**

ഉണ്ണി കുളിച്ച് ഭസ്മം കുറിയിട്ട് തുണി കോണകമുടുത്ത് – മീതെ മുണ്ടു ചുറ്റാം – കുടുമ പിരിച്ചിട്ട് കൈ കഴുകി പവിത്രമിട്ട് ആചാര്യനെ തുടർന്നിരുന്ന് ഗണപതി നിവേദിച്ച് വിളക്കത്ത് പണം പരദേവതകൾക്ക് വച്ച് നാലു പ്രായശ്ചിത്തവും, നാലു നാന്ദീമുഖവും ചെയ്ത് (വിശ്വേദേവാർത്ഥം – 2, പിതൃര്യർത്ഥം –2) ആൾ ഇല്ലെങ്കിൽ ഒക്കെക്കൂട്ടി ഒന്ന് ചെയ്ത് പുണ്യാഹം ഉണ്ണിയെ തളിച്ച് ഗണപതി വിടർത്തുക. ഇത്രയും ക്രിയക്ക് നാന്ദീമുഖം എന്ന് പറയും.

ഇരുവരും പവിത്രം കളഞ്ഞ് കാലുകഴുകി പവിത്രമിട്ട് കിഴക്കോട്ട് തിരിഞ്ഞിരുന്ന് ഗണപതി വിളക്കത്ത് വച്ച് മേലരിയും, ചകിരിയും വീശുപാളയും, കൊടിലും, പുല്ലും, ചമതയും, പൂവട്ടയും ഒരുക്കി പലകയിട്ട് കിഴക്കോട്ട് തിരിഞ്ഞിരുന്ന് വലത്ത് പൂവും ചന്ദനവും തയ്യാറാക്കി മുമ്പിൽ രണ്ടു കിണ്ടി, ചന്ദനഓടം എന്നിവ വെള്ളം നിറച്ചുവച്ച് – കിണ്ടിയിൽ ജാതകർമ്മത്തിന് പറഞ്ഞതുപോലെ ആച്യായിച്ച് പ്രോക്ഷിച്ച് പവിത്രമൂരി, അമ്പോളം നീളത്തിൽ ചതുരശ്രമായി ചാണകം മെഴുകുക. ശകലം വെച്ച് കൈ കഴുകുക. പവിത്രമിട്ട് മെഴുകിയേടത്ത് പടിഞ്ഞാറെ അറ്റം തെക്കുമുതൽ വടക്കുവരെ ഒരു വര വരയ്ക്കുക. ഇതിന് കീറുക എന്ന് പേര് – ആ രേഖയുടെ തെക്കേ അറ്റത്തും വടക്കേ അറ്റത്തും അതിന്മേൽ മുട്ടാതെ പടിഞ്ഞാറുനിന്ന് കിഴക്കോട്ട് രേഖ വരയ്ക്കുക. നടുവിലുള്ളതുപോലെ തെക്കുനിന്ന് വടക്കോട്ട് മൂന്ന് രേഖ വരയ്ക്കുക. ഈ അഞ്ചു സമാന്തരവും സമനീളവുമായിരിക്കണം. കീറി ശകലമെടുത്ത് തളിച്ചുകളഞ്ഞ് മറ്റൊരു ശകലം വെച്ച് തീ കണ്ടാൽ ദാനം ചെയ്ത് തീയിട്ട് വീശുപാളയിൽ വാങ്ങി ശകലം തളിച്ചുകളഞ്ഞ് രണ്ടു കൈകൊണ്ടും തന്നെ നോക്കി തീയിടുക. രേഖകൾക്ക് നടുവിൽ – കൈ വിടാതെ ശകലം കൂട്ടികത്തിച്ച് രണ്ടു തലയുള്ള ഒരു ചാൺ ചമതയെടുത്ത് ഇരു കൈയ്യിലും തലമേൽപ്പോട്ടാക്കിപ്പിടിച്ച് ദേവത ചൊല്ലൂ– തീയിന് മുമ്പിൽ നിലത്ത് കുത്തിപ്പിടിക്കണം 1) അഗ്നിപവമാനഃ 2) പ്രജാപതി 3) അഗ്നി 4) വായു 5) സൂര്യഃ 6) പ്രജാപതി 7) അഗ്നിസ്വിഷ്ടകൃൽ. പുൽകയർ പിരിച്ചുവച്ചതെടുത്ത് ഇടതുകൈയ്യിൽ വടക്കു തലയാക്കി പിടിച്ച് ഒന്ന് തളിച്ച് മേൽപ്പോട്ട് മൂന്ന് പിരിച്ച് വിടാതെ കീഴ്പ്പോട്ടൊന്നു പിരിച്ച് കുറുമ്പുല്ലെടുത്ത് ഒന്നു ചുറ്റി രണ്ട് കെട്ടി തീയിന്റെ വടക്കുപുറത്ത് രണ്ടുനുറുങ്ങ് കിഴക്കും പടിഞ്ഞാറും തെക്കും വടക്കും വച്ചതിന്മേൽ വടക്കു വയ്ക്കുക. മറ്റേ കയറെടുത്ത് ഒന്ന് തളിച്ചു പിരിച്ച് 16 ചമത പരിധിയും കൂട്ടിയ ഇധ്മം എടുത്ത് ഒന്നു ചുറ്റി രണ്ടു കെട്ടി കുറുമ്പുല്ലിന്റെ തെക്ക് നുറുങ്ങിന്മേൽ വക്കുക. പവിത്രം ഊരി ചാണകം കൂട്ടി തീയ്ക്ക് ചുറ്റും മെഴുകി പവിത്രമിട്ട് മൂന്ന് തലോടി വെള്ളം കയ്യിലെടുത്ത് തീയ്ക്ക് ചുറ്റും ഇടതും, വലതും അർദ്ധവൃത്താകൃതിയിൽ വെള്ളം വീഴ്ത്തുക. ഇതിന് പ്ലാകൽ എന്ന് പേർ. ഇടയിലിടയിൽ കൈ കഴുകണം. പിന്നെ 16 തല പുല്ല് 1 മുഴം നീളത്തിൽ മുറിച്ചത് തീയിന്റെ വടക്കുവശത്ത് നാലെണ്ണം കിഴക്ക് തലയാക്കി വയ്ക്കുക. വടക്ക് നാല് പുല്ലിന്മേൽ കൂടി തല വടക്കോട്ട് തള്ളിനിൽക്കണം. പടിഞ്ഞാറും ഇതുപോലെ വയ്ക്കുക. രണ്ടിന്റേയും മീതെ തെക്കുവശത്തും തലകിഴക്കാദിയായി പ്രദക്ഷിണമായി നാലും തൊടുക. ഇത് പരിസ്കരിക്കൽ. വെള്ളമെടുത്ത് ഈശാനകോണു തുടങ്ങി 3 തവണ പ്ലാകുക. പുല്ലും ചമതയും കെട്ടിവച്ചതിന് വടക്കും പരിസ്തരണത്തിനും ഇടയിൽ കിഴക്ക് തലയായി നന്നാലുകടയും രണ്ടു തലയും കിഴക്കോട്ടാക്കി സമാന്തരമായി രണ്ടു ദിക്കിൽ പ്രണീതക്ക് കുറുമ്പുല്ലിടുക. തെക്ക് – ബ്രഹ്മന് പലകയിട്ട് അതിന്മേൽ കുറുമ്പുല്ലിടുക.

പ്രണീതയ്ക്ക് പുല്ലിട്ട് അതിന് വടക്ക് മെഴുകി മൂന്ന് പുല്ലിട്ടതിന് അതിന് കിഴക്ക് മൂന്ന് പുല്ലിട്ട് ഇവ രണ്ടിന്മേലും ഓരോ വാഴപ്പോള കിഴക്കുപടിഞ്ഞാറായി വച്ച് അതിൽ പടിഞ്ഞാറെ പോളയിൽ നാലിടത്ത് മണ്ണുകുഴച്ച് ചിരാതു പോലെ വച്ച് അതിൽ മുളയിട്ട് പടിഞ്ഞാറുനിന്നും കിഴക്കോട്ട് നെല്ല്, യവം, ഉഴുന്ന്, എള്ള് കിഴക്കേ പോളയിൽ കാളച്ചാണകവും,

അതിന് കിഴക്ക് ഓരോ പോള വച്ച് അതിൽ ഏഴു വഹ്നിക്കുഴയും (വഹ്നിക്കമ്പ് ഒരു ചാൺ നീളത്തിൽ ഇലയടക്കം തലമുറിച്ചുവയ്ക്കുക. ഇത് ഒരു ബ്രഷ് പോ ലെ ഉപയോഗിക്കാം. ഇതിന് കുഴ എന്നുപേർ) വച്ച് നെല്ല് തുടങ്ങി ക്രമത്തിൽ ദർഭ പുല്ലുകൊണ്ട് തൊടുക. (ഇതിന്റെ പേർ ചാതിക്കൽ). ചാണകം തൊട്ടാൽ പുല്ലു മാറ്റി കൈ കഴുകണം. വഹ്നി തൊ ട്ടാൽ പുല്ല് പൊട്ടിച്ചുകളഞ്ഞ് കൈ കഴുകുക. ക്രിയക്ക് ബ്രഹ്മനായി പങ്കെടുക്കുന്നവൻ തറ്റുടുത്ത് കാൽ കഴുകി ഈശാനകോണിൽചെന്ന് അതേ കോണിൽ നോക്കി ദേവതാസ്മരണം ചെയ്യു ക. തിരിച്ചുവന്ന് പലകമേൽ നിന്നും ഒരു പുല്ലെടുത്ത് മന്ത്രം ചൊല്ലി പൊട്ടിച്ചുകളഞ്ഞ് 'നിരസ്തഃപരാവസു' (അസുരന്മാരെ നീക്കം ചെയ്യുന്നു എന്ന് സങ്കൽപ്പം.) മന്ത്രം ചൊല്ലണം. "ഇദമഹം അർ വ്വാവസോ സദനേ സീദാമി' ബ്ര ഹ്മന് കൈക്ക് വെള്ളം കൊടുത്ത് പവിത്രം കൊടുക്കുക. അവൻ മോതിരം വിരലിൽ ഇട്ട് അട്ടംപിടിച്ച് (ഇടതു കൈയ്യിന്റെ ചൂണ്ടുവിരലിനുമിടയിൽക്കൂടി വലതുകൈയ്യിന്റെ നാലുവിരലും ചേർത്ത് തള്ളവിരൽ വലതുകൈയ്യിന്റെ തള്ളവിരലിനു പുറത്തായി പിടിക്കുക. ഇതാണ് ആട്ടം പിടിക്കൽ). ജപിക്കുക. (ദേവഗുരുവായ ബൃഹസ്പതിയെ പ്രതിനിധീകരിച്ച താൻ ഈ സ്ഥാനത്തിരുന്ന് ക്രിയ സംരക്ഷിക്കുന്നു എന്ന് സങ്കൽപ്പം.) 'ബൃഹസ്പതിർ ബ്രഹ്മാബ്രഹ്മസദന ആസിഷ്യതേ, ബൃഹസ്പതൈയ ജ്ഞംഗോപയ' പിന്നെ ദർഭമുള മൂന്നുവീതം ഏഴെണ്ണം ബ്രഹ്മൻ പക്കൽ കൊടുക്കുക. (ദർഭപുല്ല് പച്ചക്കടയോടെ പറിച്ചത്) പ്രണീതമുമ്പിൽ വച്ച് പതിനൊന്ന് പുല്ലു കൂട്ടി കെട്ടിയതിൽ നിന്നും രണ്ടെണ്ണം എടുത്ത് തള്ളവിരലും, ചൂണ്ടുവിരലും കൂടിയ നീളം– ചൊട്ട ചാൺ–അളന്ന് കട മുറിച്ചു കത്തിവെച്ച് കൈകഴുകി തളിച്ചു കളഞ്ഞ് തലമേൽ ഒന്ന് തളിച്ച് മൂന്നുതവണ മോതിരവിരലും പാമ്പുവിരലും, തള്ള വിരലും കൂട്ടി ഉഴിഞ്ഞ് പ്രണീതമേൽ കിഴക്കഗ്രമായി വയ്ക്കുക. ഇടതുകൈ കൊണ്ട് പിടിച്ച് വലതുകൈ കൊണ്ട് കിണ്ടിയിലെ വെള്ളം വീഴ്ത്തി മുക്കാൽ ഭാഗം നിറച്ചു രണ്ടു കൈകൊണ്ടും എടുത്ത് മൂക്കോളം ഉയർത്തി ബ്രഹ്മനെ സ്മരിച്ച് പരിസ്തരണത്തിന് വടക്ക് പ്രണീതക്ക് പുല്ലിട്ടതിൽ തെക്കേതിന്മേൽ വച്ച് വടക്കേതുകൊണ്ട് അടക്കുക.

## ആജ്യസംസ്ക്കാരം

പൂവട്ട മുമ്പിൽ വച്ച് പവിത്രപുല്ല് അതിൽ വച്ച് ഇടതുകൈകൊണ്ട് പിടിച്ച് വലതുകൈയ്യിൽ നെയ്യ് വീഴ്ത്തി പരിസ്തരണത്തിനകത്ത് കുടിൽ കൊണ്ട് വടക്കുപടിഞ്ഞാറ് മൂലയിൽ മൂന്ന് കനൽ അടുപ്പുകൂട്ടി കുടിൽ കൊണ്ട് ആജ്യസ്ഥലി അതിന്മേലേറ്റുക. പതിനൊന്നു പുല്ലിൽ നിന്ന് രണ്ടു പുല്ലെടുത്ത് കൊളുത്തി (പൂവട്ടക) ആജ്യസ്ഥലിമേൽ കുത്തിക്കെടുത്തി പരിസ്തരണത്തിനകത്തുവച്ച് വീണ്ടും രണ്ട് പുല്ലൂരി (പതിനൊന്ന് കെട്ടിയ കെട്ടിൽ നിന്ന്) നാലു വിരൽ അളന്നു കട മുറിച്ചു കത്തിച്ച പുല്ലിൽ വച്ച് തലക്കഷ്ണങ്ങളിൽ തളിച്ച് മേൽപ്പോട്ട് മൂന്നുഴിഞ്ഞ് കാച്ചി വടക്കോട്ട് അഗ്രമായി നെയ്യിലിട്ട് പിന്നേയും രണ്ട് പുല്ലൂരി ദർഭ കടയും കൊളുത്തി കാട്ടിയതും കൂട്ടികൊളുത്തി ആജ്യസ്ഥലിയെ പര്യണി ചെയ്യുക. മൂന്നു തവണ സ്ഥാലിക്കുപരി, പ്രദക്ഷിണമായി ചുറ്റിക്കുക. പുല്ല് കെട്ടെങ്കിൽ തളിച്ച് തീയിലിട്ട് (കെട്ടിയില്ലെങ്കിൽ തളിക്കണ്ട) നെയ്യ് പരിസ്തരണത്തിന് പുറത്ത് വടക്ക് ഇറക്കി ഇടതുകൈ വിടാതെ വലതുകൈയ്യാൽ ഞെരിച്ച് (കനൽ) തീയിലേക്ക് കുടിലാൽ കൂട്ടി കൈകഴുകി മുമ്പിൽ വച്ച് പവിത്രപുല്ലെടുത്ത് ഇടതുകൈയ്യിൽ തലയും വലതു കൈയ്യിൽ കടയുമായി വേറെ വേറെ മോതിരവിരലും കൂട്ടിപ്പിടിച്ച് എഴച്ചരിക്കുക. (മന്ത്രമില്ലാതെ എന്നർത്ഥം). രണ്ടു തവണ കൂടി പടിഞ്ഞാറുനിന്ന് കിഴക്കോട്ട് എഴച്ചരിക്കുക. പവിത്രം അഴിച്ച് തളിച്ച് തീയിലിടുക. വടക്കുപുറത്ത് കെട്ടിവച്ച പുല്ല് ഇധ്മത്തിന്റെ പടിഞ്ഞാറുപുറെ പ്രണീതയ്ക്ക് തെക്കുപുറെ 'ഗ' എന്ന് എഴുതുന്നതുപോലെ എടുത്ത് കയറഴിച്ച് തലയൊപ്പിച്ച് വടക്കു തലയായി മുന്നിലിട്ട് അതിന്മേൽ കിഴക്കുതലയായി വടക്കോട്ട് കുറുമ്പുല്ല് വിരിച്ച് പൂവട്ടക ആ പുല്ലിന്മേൽ വടക്കുഭാഗത്ത് വയ്ക്കുക.

## സ്രൂക് സംമാർജ്ജനം (സ്രുവം തുടയ്ക്കൽ)

സ്രുവം വലതുകൈയ്യിലും പതിനൊന്നു പുല്ലിലെ ബാക്കി മൂന്ന് പുല്ല് ഇടതു കൈയ്യിലുമായി പിടിച്ച് സ്രുവം കമഴ്ത്തി തീയിനു മീതെ കാട്ടുക. (ഇതിനെ കാച്ചൽ എന്നു പറയും.) പിന്നെ സ്രുവം മലർത്തി ഇടതു കൈയിലും പുല്ല് വലതുകൈയിലുമായി പിടിച്ച് പുല്ലിന്റെ തലയാൽ സ്രുവത്തിന്റെ തലയ്ക്കൽ 'ര' എന്ന് എഴുതുക. നടുക്കും കടയ്ക്കലും ഇതുപോലെ എഴുതി സ്രുവം കമഴ്ത്തി പിടിച്ച് പുറത്തു ഇതുപോലെ 'ര' എന്ന് വിപരീതം വരയ്ക്കുക. സ്രുവം ഇടതുകൈയ്യിൽ മലർത്തിപ്പിടിച്ച് വലതുകൈകൊണ്ട് വലതു കിണ്ടിയിലെ ജലം തളിച്ച് കമഴ്ത്തി വീണ്ടും കാച്ചി പൂവട്ടകമേൽ വയ്ക്കുക. പുല്ല് തളിച്ച് കെട്ട് ഊരി തീയ്യിലിടുക. ●

# വിജയത്തിനുള്ള പഞ്ചശീലങ്ങൾ



സി.കെ. കേരളവർമ്മ, ചിറയ്ക്കൽ, കണ്ണൂർ

ജീവിതവിജയം ആഗ്രഹിക്കാത്തവരും, പ്രതീക്ഷിക്കാത്തവരുമായി ആരും തന്നെയുണ്ടാവുകയില്ല. പക്ഷെ എല്ലാവരും വിജയത്തിലെത്തുന്നില്ല എന്ന് മാത്രം. അങ്ങിനെ വിജയം പ്രാപിക്കാത്തവർ ഇതിന് കാരണം അവരുടെ തന്നെ വീഴ്ചയും, കുറ്റവും ആയിരിക്കും എന്ന് മനസ്സിലാക്കാതെ മറ്റു പല കാരണങ്ങളും ചൂണ്ടിക്കാണിച്ചെന്ന് വരും. ഉദാഹരണമായി ഭാഗ്യദോഷം, വിധിവൈപരീത്യം, പ്രതികൂല സാഹചര്യം, പരദ്രോഹം തുടങ്ങി പലതും.

ഈ വിഷയത്തിൽ ഒരു ചിന്തകൻ എഴുതിയ കാര്യങ്ങളുടെ രത്നച്ചുരുക്കമാണ് താഴെ ഉദ്ധരിക്കുന്നത്.

"ഔപചാരിക വിദ്യാഭ്യാസം ലഭിച്ചാലും, ഇല്ലെങ്കിലും ജീവിതം വിജയകരമാക്കാം. പഞ്ചശീലങ്ങൾ പിന്തുടർന്നാൽ മതി.'

ആ പഞ്ചശീലങ്ങളാകട്ടെ ഇംഗ്ലീഷിൽ 'സി' എന്ന അക്ഷരം കൊണ്ട് തുടങ്ങുന്ന അഞ്ചു വാക്കുകളാണ്.

FIVE 'C's OF LIFE

1. Character (സ്വഭാവം)
2. Commitment (അർപ്പണ ബോധം)
3. Conviction (ദൃഢവിശ്വാസം)
4. Courtesy (മര്യാദ)
5. Courage (ധൈര്യം)

**1. സ്വഭാവം:** ഒരു വ്യക്തിയുടെ ജയപരാജയങ്ങൾ നിശ്ചയിക്കുന്ന പ്രധാന ഘടകമാണ് അയാളുടെ സ്വഭാവം. ജീവിതശുദ്ധി, സത്യസന്ധത, ആത്മാർത്ഥത, പരസ്നേഹം, പരോപകാരം, പ്രതിപക്ഷ ബഹുമാനം തുടങ്ങിയ സുകൃതങ്ങൾക്കുടമയായാൽ വിജയം സുനിശ്ചിതം. നേരെ മറിച്ച് കാപട്യവും, വഞ്ചനയും, ചതിയും, പ്രയോഗിക്കുന്നവർ ആദ്യമൊക്കെ വിജയിച്ചാലും, പരാജയമായിരിക്കും അന്ത്യം. ഇംഗ്ലീഷിൽ പൊതുവെ പറയുന്ന പ്രസിദ്ധമായ ഒരു ചൊല്ലുണ്ട്.

'When wealth is lost, nothing is lost
When health is lost, something is lost
When character is lost, everything is lost'

[സമ്പത്ത് നഷ്ടമായാൽ, ഒന്നും നഷ്ടമായതായി കരുതേണ്ടതില്ല, ആരോഗ്യം നഷ്ടമായാൽ അത് അല്പമായ നഷ്ടമാണെന്നേ കരുതേണ്ടൂ. എന്നാൽ സ്വഭാവം നഷ്ടപ്പെട്ടാൽ (ദുഷിച്ചാൽ) എല്ലാം നഷ്ടമായതായി കരുതണം.]

കിൻസ് യൂണിവേഴ്സിറ്റിയിലെ പ്രസിഡന്റ് സ്റ്റീവൻമുള്ളർ എഴുതിയ വാചകങ്ങൾ ഈ സന്ദർഭത്തിൽ ഓർമ്മിക്കുകയാണ്.

"ഇന്നത്തെ യൂണിവേഴ്സിറ്റികൾ ഏറെ കഴിവുള്ള കിരാതന്മാരെ (Barbarians) സൃഷ്ടിക്കുന്നു. അല്ലാതെ മൂല്യാവബോധമുള്ള യുവജനങ്ങളെ കരുപ്പിടിപ്പിക്കുന്നില്ല. മനസ്സിന്റെ വികാസത്തോടൊപ്പം ഹൃദയവിശാലതയും, സാദ്ധ്യമാക്കുവാൻ നാം യത്നിക്കേണ്ടിയിരിക്കുന്നു."

**2. അർപ്പണബോധം: (Commitment)**

വിശ്വസിക്കുന്ന മൂല്യങ്ങളോടും, ഏറ്റെടുക്കുന്ന ദൗത്യത്തോടും, അർപ്പണബോധം ആവശ്യമാണ്. അർപ്പണബോധമുള്ള വ്യക്തി നഷ്ടങ്ങളേയോ, കഷ്ടങ്ങളേയോ കണക്കിലെടുക്കാതെ സർവ്വാത്മനാ പ്രവർത്തന നിരതനാകും. തന്റെ കഴിവിന്റെ പരമാവധി ഏർപ്പെടുന്ന ഏത് സംരംഭത്തിലും പ്രയോഗിക്കുന്നവനായിരിക്കും.

**3. ദൃഢവിശ്വാസം: (Conviction)**

ഹൃദയത്തിന്റെ ആഴത്തിൽ ഉത്തമവിശ്വാസം ഉണ്ടായിരിക്കണം. ഉത്തമവിശ്വാസമില്ലാത്തവൻ ഏതു കാര്യത്തിലും അർദ്ധമനസ്സോടെ മാത്രമെ വ്യാപൃതനാവുകയുള്ളൂ. ദൃഢവിശ്വാസത്തിന്റെ ഉത്തമോദാഹരണമാണ് മഹാത്മാ ഗാന്ധി. അദ്ദേഹം ഭാരതത്തിന്റെ സ്വാതന്ത്ര്യസമരം ധീരമായി നയിച്ചത് അക്രമരാഹിത്യത്തിന്റെ (അഹിംസ) ആയുധവുമായിട്ടായിരുന്നു. തനിക്ക് നേരിട്ട രൂക്ഷമായ എതിർപ്പുകളുടേയും ശക്തമായ വിമർശനങ്ങളുടേയും മുമ്പിൽ അടിപതറാതെ നില്ക്കുവാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ ദൃഢവിശ്വാസം ഒന്നു കൊണ്ടു മാത്രമായിരുന്നു.

**4. മര്യാദ : (Courtesy)**

ഒന്നാമത്തേതായി പറഞ്ഞ സ്വഭാവമഹിമയും (Character), മര്യാദ (Courtesy) എന്ന സ്വഭാവ വിശേഷതയും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. മറ്റു

ള്ളവരുടെ പ്രീതിയും, സഹകര ണവും നമുക്ക് ആർജ്ജിക്കുവാൻ കഴിയുന്നത് വാക്കിലും, പ്രവൃത്തി യിലും, നാം പുലർത്തുന്ന മര്യാദ യിലൂടെയാണ്. മറ്റുള്ളവരെ സ്വാധീ നിക്കാനും, നേരിടുവാനുമുള്ള ശക്തമായ ആയുധമാണ് മര്യാദ. എന്നാൽ അതിന് സ്വഭാവ മഹിമ ആവശ്യമാണ്. ഇത് രണ്ടും ചേർന്നാൽ ഒരുവനിൽ ക്ഷമാശീലം താനെ വളർന്നുവരും. അതുവഴി അഹന്തയും അസഹിഷ്ണുതയും മാറും. മര്യാദകേടിന്റെ പ്രധാന കാരണം അഹന്തയും അസഹി ഷ്ണുതയുമാണ്.

**5. ധൈര്യം: (Courage)**

പ്രയാസങ്ങളും, പ്രതിബന്ധ ങ്ങളും നേരിടാത്ത ഒരു ജീവിതവു മില്ല. എന്നാൽ അവയുടെ മുമ്പിൽ പതറിപ്പോകാതെ അവയെ അതി ജീവിക്കാനുള്ള ഉൾക്കരുത്താണ് ധൈര്യം. നീതിക്കുവേണ്ടിയും സത്യത്തിന് വേണ്ടിയും നിലകൊ ള്ളുവാൻ കഴിയുന്നത് ധൈര്യമുള്ള വർക്കാണ്. അവർക്കു മാത്രമെ വിജയത്തിന്റെ കൊടുമുടിയിൽ എത്തുവാൻ കഴിയുകയുള്ളു.

വിജയത്തിന്റെ പഞ്ചശീലങ്ങൾ ഹൃദിസ്ഥമാക്കിയതുകൊണ്ടോ, ഉരുവിട്ടതുകൊണ്ടോ മാത്രമായില്ല, അവ ജീവിതാനുഭവമാക്കുന്ന തിലാണ് ഏതൊരാളും ഉത്സുകരാ കേണ്ടത്.

ജന്മശത്രുക്കളാകുന്ന അല സത, അത്യാഗ്രഹം, അധാർമ്മി കത എന്നിവയെ ('അ'യിൽ തുട ങ്ങുന്ന 3 എണ്ണം) പിഴുതെറിഞ്ഞ്, പഞ്ചശീലങ്ങൾ ജീവിതാനുഭവ മാക്കി വിവേകം, വിനയം, വിശാ ലത ('വി'യിൽ തുടങ്ങുന്ന 3 എണ്ണം) എന്നീ സദ്ഗുണങ്ങൾ വളർ ത്തി യെടുക്കാൻ നമ്മുടെ യുവതലമു റക്ക് ശക്തിയും ബോധവും നല്കി ണമേയെന്ന് നമുക്കൊരുമിച്ച് ജഗ ദീശ്വരനോട് പ്രാർത്ഥിക്കാം.

*ലോകാ സമസ്താ സുഖിനോഭവന്തു!*

# അസമത്വം



**ഗിരീഷ് വർമ്മ, കെ. ഐ**

ജീവിതാരംഭത്തിലും സായാഹ്നത്തിലും
എല്ലാവരും സമൻമാർ
അസമത്വം എവിടെ തുടങ്ങുന്നു?
വിദ്യാലയങ്ങളിലെ കറുപ്പിലും വെളുപ്പിലും നിന്നോ?
പത്രമാധ്യമങ്ങളിലെ കറുപ്പിലും വെളുപ്പിലും നിന്നോ?
മനുഷ്യമനസ്സിലെ കറുപ്പിലും വെളുപ്പിലും നിന്നോ?
കറുപ്പും വെളുപ്പും!
അതിൽത്തന്നെയില്ലേ അസമത്വം?
അടുത്തറിയുമ്പോഴോ?
രണ്ടും ഏഴഴകിന്റെ വർണ്ണ വിസ്മയം!
അപ്പോൾ ഒന്നിനേയും അടുത്തറിയാത്തതാണോ
അസമത്വം?
ചില കാര്യങ്ങളിൽ സമത്വമുണ്ട്.
ഗർഭപാത്രത്തിലും ആറടിമണ്ണിലും!
അതു തന്നെയല്ലേ ജീവിതാരംഭവും സായാഹ്നവും?
അപ്പോൾ അസമത്വം എവിടെ തുടങ്ങുന്നു?
ഉത്തരം പിന്നെയും ബാക്കിയോ?

# നഗരമാലിന്യ പ്രശ്നങ്ങൾക്ക് ജൈവകൃഷിയിലൂടെ പരിഹാരം

തിരുവിതാംകൂർ രാജകുടുംബം വക കവടിയാർ കൊട്ടാര വളപ്പിൽ തരിശു കിടന്നിരുന്ന മൂന്നേകാൽ ഏക്കർ ഭൂമിയിൽ ഇനി കാബേജ്, കോളിഫ്ളവർ, കത്തിരി, വഴുതന, വെണ്ട, മുളക്, വെള്ളരി, പാവൽ, പടവലം, പയർ, ചീര, മത്തൻ തുടങ്ങിയ പച്ച ക്കറികളും ഏത്തൻ, ഞാലിപ്പൂവൻ, റോബസ്റ്റാ മുതലായ വാഴപ്പ ഴങ്ങളും വിളയും. കുടപ്പനക്കുന്ന് കാർഷിക കർമ്മ സേനയുടെ സാങ്കേതിക സഹായത്തോടെ രാജകുടുംബത്തിന്റെ യും 'വി ആർ വിത്ത് യു' ഫൗണ്ടേഷന്റേയും സംയുക്ത സഹകരണ ത്തോടെയാണ് 'ഹരിതസമൃദ്ധി' എന്ന ഈ ജൈവകൃഷി സംരംഭം തുടങ്ങിയത്. തൈ നടീൽ കർമ്മം അശ്വതി തിരുനാൾ ഗൗരിലക്ഷ്മീബായി തമ്പുരാട്ടി ഡിസംബർ 21ന് നിർവഹിച്ചു.

പുകയില മാഹാത്മ്യം തുടർച്ച...

മുടിയിൽ തിരുകി. ലക്ഷ്മിയും പാർവ്വതിയും ഇതു കണ്ട് അതിശയിച്ചു. "സരസ്വതി! ഇന്ന് ഈ ഇലകൾ നിനക്കെവിടുന്ന് കിട്ടി. കുറച്ച് ഇങ്ങോട്ട് തരൂ ഞങ്ങൾ നോക്കട്ടെ" എന്നു പറഞ്ഞ നേരം സരസ്വതിദേവി രണ്ടുപേർക്കും കുറച്ചു ഇലകൾ നൽകി. അവർ അത്ഭുതത്തോടെ ഇല മണപ്പിച്ചപ്പോൾ ഒരു പ്രത്യേക വാസന. ശ്രീപാർവ്വതിയും മഹാലക്ഷ്മിയും ഈ ഇലകൾ പരമശിവനും മഹാവിഷ്ണുവിനും ഉത്സാഹത്തോടെ നൽകി.

ശിവൻ ഇല വാങ്ങി ആദ്യം ഒന്ന് മണപ്പിച്ചു. രണ്ടു മൂന്നു പ്രാവശ്യം തുമ്മലോടു തുമ്മൽ. തലയിൽ താമസിക്കുന്ന ഗംഗ കാരണം ശിവന് ജലദോഷം ഒഴിഞ്ഞ നേരമില്ല. പക്ഷേ ഈ ഇല മണപ്പിച്ച ശേഷം എന്തൊരാശ്വാസം. തുമ്മലിലൂടെ കുറെ ഭാരം ഒഴിഞ്ഞതു പോലെ. "നാളെ കുറച്ച് കൂടുതൽ ഇല എനിക്കായി തരാൻ സരസ്വതിയോടു പറയണേ!" എന്ന് പാർവ്വതിയെ ഓർമ്മിപ്പിക്കുകയും ചെയ്തു. മഹാവിഷ്ണുവിന് ലക്ഷ്മീദേവി ഇല കൊടുത്തപ്പോൾ ഭഗവാനും കയ്യിൽ വാങ്ങി നല്ലവണ്ണം മണപ്പിച്ചു നോക്കി. "ഹാ,ഹാ, എന്തൊരു സുഖം, എന്തൊരാശ്വാസം ആകെപ്പാടെ ഒരു സംതൃപ്തി." മഹാവിഷ്ണു തുടർന്നു "ഈ പാലാഴിയിലുള്ള കിടപ്പല്ലെ, ഒരു കുളിരും, അസ്വസ്ഥതകളും ഇടയ്ക്കിടെ ഉണ്ട്. ഇവയ്ക്ക് ഒരു ശമനം വരുവാൻ ഈ ഇലകൾ ഒരു ഔഷധമാണെന്ന് തോന്നുന്നു. അതിനാൽ ആവശ്യക്കാർക്ക് ഇത് ചുരുട്ടിയിട്ടോ, പൊടിച്ചിട്ടോ, പുകച്ചിട്ടോ ഉപയോഗിക്കാൻ ഞാൻ ശുപാർശ ചെയ്യുന്നു." അന്നു മുതൽ കൈലാസത്തിലേയും വൈകുണ്ഠത്തിലേയും തൊടികളിൽ ഈ ചെടി "പുകയില"ച്ചെടിയായി വളർന്നു തുടങ്ങി. ഭഗവാൻ അന്ന് അങ്ങനെ പറഞ്ഞെങ്കിലും നമുക്ക് "പുകവലി ഹാനികരം"!



കെ. എൽ. ശ്രീകൃഷ്ണദാസ്

# പെപ്പയണ്ണനു പ്രണാമം

അനുപമശാസ്ത്രീയ സംഗീത വീഥിയിൽ
പ്രഭ ചൊരിഞ്ഞോരു പ്രഭാകര ദീപമേ,
താവക പുണ്യ സ്മരണയ്ക്കു മുന്നിലായ്
താണു വണങ്ങുന്നു ഞങ്ങളീ വേദിയിൽ!

സ്വരരാഗ താളങ്ങളൊക്കെയാ ജിഹ്വയിൽ
മധുര സംഗീതമായ് പെയ്തിറങ്ങീടവേ
ജനഹൃദയങ്ങളിൽ ദിവ്യാനുഭൂതി തൻ
അസുലഭ ധന്യ മുഹൂർത്തങ്ങളേകി നീ!

അരുവിയിലോളങ്ങളിളകുന്ന നാദവും
ചെറു മുളങ്കാട്ടിലെ മർമ്മര ശബ്ദവും
കുളിരിളം കാറ്റിന്റെ മൂളലും കാട്ടിലെ
കിളികൾ തൻ കൂജനമൊക്കെയും താവക-
ഹൃദയത്തിലെന്നും പ്രകൃതിയൊരുക്കിയ
മഹിത സംഗീതമായ് മാറ്റൊലിക്കൊള്ളവേ,
ബാല്യ കൗമാരങ്ങളൊക്കെയും സംഗീത
സല്ലാപ വേളകളാക്കിയ ഗായകാ,
പരശതം ശിഷ്യർക്കു ഗുരുവായ് സമുന്നത
പരമവിശിഷ്ടമാം പദവിയിലെത്തി നീ!

സംശയം തീർക്കുവാനെത്തുന്ന ശിഷ്യർക്കു
സഞ്ചരിക്കുന്ന നിഘണ്ഡുവായ് മാറി നീ!
സംഗീതസാമ്രാജ്യ രാജസിംഹാസനം
അങ്ങേയ്ക്കു മാത്രമൊരുക്കി ആരാധകർ!

ഈശ്വര സന്നിധി തന്നിലെ ആസ്ഥാന-
ഗായകനായങ്ങു പോയ് മറഞ്ഞെങ്കിലും
സ്മരണയിലെന്നും നിറഞ്ഞു നിൽക്കുന്നു നിൻ
സ്വരരാഗസായൂജ്യ സംഗീത മാധുരി!

*2011 നവംബർ 13ന് മാവേലിക്കര കൊട്ടാരത്തിൽ നടന്ന പ്രൊഫ. മാവേലിക്കര പ്രഭാകരവർമ്മ അനുസ്മരണ ചടങ്ങിൽ വായിച്ചത്.*

# ഉപയോഗമില്ലാത്ത നാണയങ്ങൾ

**അംബികാവർമ്മ സി.കെ.**



വീടു വൃത്തിയാക്കണം,
പഴയതൊന്നുമിനി വേണ്ട!
ഉപയോഗമില്ലാത്തതെല്ലാം കളയേണ്ടതുണ്ട്
എന്താണ് കളയേണ്ടത്?
എന്തെടുത്താലും ആവശ്യമുള്ളത് തന്നെ.
പഴയ പുസ്തകങ്ങൾ...
തൂക്കിവിറ്റാൽ കാശു കിട്ടും (വായിക്കണ്ട)
പഴയ പത്രങ്ങൾ...
സാധനങ്ങൾ പൊതിയാം.
മാത്രമല്ല അത്യാവശ്യം ചെളിയാവാതെ ഇരിപ്പിടം വൃത്തിയാക്കാം
പഴയ പാത്രങ്ങൾ...
വേണ്ട, കളയണ്ട! എന്തെങ്കിലും ഇട്ടുവയ്ക്കാം
കുറേ നോക്കി! എന്തു കളയും?
പഴയ കുറേ ഓട്ടു പാത്രങ്ങളുണ്ട്, വിളക്കുകളുണ്ട്
അവ പുരാവസ്തു മ്യൂസിയത്തിലേക്കു കൊടുക്കാം (വില കിട്ടും)
എന്തെടുത്താലും അതിനൊരാവശ്യമുണ്ടാകുന്നു
ഇനിയെന്തു ചെയ്യുമെന്നു ചിന്തിക്കേ
അപ്പുറത്തുനിന്ന് അമ്മയുടെ അസുഖക്കിടക്കയിലെ ഞരക്കം
ഇപ്പോളിവിടെ ഉപയോഗമില്ലാത്തത്
അച്ഛനുമമ്മയും മാത്രം
പെട്ടെന്ന് ബുദ്ധിയിലൊരു മിന്നൽ
ഉടനിറങ്ങി! അവരേയും കൂട്ടി!
മകൾ വിളിച്ചു ചോദിച്ചു:
'മുത്തശ്ശനേം മുത്തശ്ശിയേം മ്യൂസിയത്തിലേക്കാ കൊണ്ടോണേ?'
ചിരിച്ചുകൊണ്ടവളുടെ കവിളിൽത്തട്ടി – പാവം കുട്ടി!
പഴയതെല്ലാം സൂക്ഷിക്കുന്നതവിടെയാണല്ലോ!
അതല്ലേ അവൾക്കറിയൂ...
അച്ഛനേയും അമ്മയേയും കൊണ്ട് ലക്ഷ്യത്തിലെത്തി
'വയോജന മന്ദിരം'!
തിരിച്ചെത്തിയപ്പോൾ എന്തൊരാശ്വാസം...
അസുഖത്തിന്റെ ഞരക്കമില്ല,
മരുന്നിന്റെ ദുഷിച്ച ഗന്ധമില്ല,
ഹോം നഴ്സിന് കാശും കൊടുക്കണ്ട!
എല്ലാം ലാഭം!!
വീട് മൊത്തത്തിൽ വൃത്തിയായി!
അമ്മ കിടന്ന കട്ടിലിൽ പുതിയ കിടക്കയും വിരിയുമെത്തി
അപ്പോഴും അവിടുത്തെ അലമാരയിൽ കിടന്നിരുന്നു
പഴയ നാണയത്തുട്ടുകൾ;
ഉപയോഗമില്ലാത്ത നാണയങ്ങൾ!!

വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ നടന്ന കണ്ണൂർ ഉപജില്ലാതല സാഹിത്യോത്സവത്തിൽ അധ്യാപകർക്കായി നടന്ന കവിതാ രചനാമത്സരത്തിൽ ഒന്നാം സ്ഥാനത്തിനർഹമായ കവിത.

# സൗഹൃദം



**അരുന്ധതി വർമ്മ. കെ.വി**
**ക്ലാസ് 7 സി, അമൃതവിദ്യാലയം, കുളനട**

പൂവിൻ മധുനുകരും പൂമ്പാറ്റ തൻ
സൗഹൃദം
വലിയഅലകൾ പതഞ്ഞൊഴുകിടും
പൂന്തേനരുവിതൻ സൗഹൃദം
ഇവിടെയീ ഭൂമിയിൽ മതിമറന്നൊഴുകുന്നു
ഹൃത്തിന്റെ ചിത്രമാം നൽ സൗഹൃദം
അങ്ങോട്ടുമിങ്ങോട്ടും കൂട്ടുകൂടി
കൊച്ചരിപ്പല്ലുകൾ കാട്ടിച്ചിരിച്ച്
മനസ്സിന്റെ മറ നീക്കി,
കനവുകൾ പങ്കിട്ട്, രാവിമിനുക്കിടും
നൽ സൗഹൃദം.
തലയാട്ടി നിൽക്കുന്ന നെൽക്കതിരും
കതിരുകൊയ്യുന്നൊരാകർഷകനും
ഇവിടെയീ ഭൂമിയിൽ മതിമറന്നൊഴുകുന്നു
പരോപകാരത്തിൻ ഒരു സൗഹൃദം
ചിരിതൂകി നിൽക്കുന്ന പൂങ്കാവും
പൂമണം വിടർത്തുന്ന പൂങ്കാറ്റും
രാവിന്റെയൊരു പാട്ട് പാടിടും രാപ്പാടി
അതു കേട്ടുറങ്ങിടും പൂവല്ലികൾ
ഇവിടെയീ ഭൂമിയിൽ മതിമറന്നൊഴുകുന്നു
പഴമയുടെ മണമുള്ള ഒരു സൗഹൃദം
വിരഹത്തിലും വിദൂരത്തിലും
ഓർമയ്ക്കു ചിത്രമാമൊരു സൗഹൃദം
യൗവനവും വാർദ്ധക്യവും
സന്തോഷപൂരിതം സൗഹൃദത്താൽ
ഭൂമിക്കുമുണ്ടൊരു നൽസൗഹൃദം
അർക്കന്റെ ചന്ദ്രന്റെ പൊൻസൗഹൃദം
ഏവർക്കുമുണ്ടാകുമൊരു സൗഹൃദം
എന്തിനുമുണ്ടാകുമൊരു സൗഹൃദം
പൂവിന്റെ, പുഴയുടെ, പറവയുടെ
കൊച്ചുകാലത്തിൻ നൽ സൗഹൃദം
കുങ്കുമലേപം ചാർത്തിടും പുലരിയ്ക്ക്
എന്നെന്നും കൗതുകം സൗഹൃദത്താൽ
തേനീച്ച മൂളുന്ന പൂമ്പാട്ടുപോലെ
ശ്രീരാഗമൊത്തിടും സൗഹൃദങ്ങൾ
പഴമയുടെ പുതുമയുടെ
അഴകുള്ള സൗഹൃദം
ഭൂമിയുടെ, സൂര്യന്റെ പൊൻതൂവൽ
സൗഹൃദം

D/o വിനു – നിർമ്മല അരുണോദയം പാലസ്

# വേണാട്

## (തിരുവിതാംകൂർ) രാജവംശം - L

ഡോ. ആർ. പി. രാജാ

ഭാരതം സ്വതന്ത്രമായി. 1957–ൽ തിരുവനന്തപുരത്ത് രക്തസാക്ഷി സ്മാരകം ഉത്ഘാടനം ചെയ്ത അവസരത്തിൽ കിളിമാനൂർ വലിയ തമ്പുരാനായിരുന്ന ആർട്ടിസ്റ്റ് കെ. ആർ. രവിവർമ്മ വേലുത്തമ്പിയുടെ ഉടവാൾ കേരള ഗവർണ്ണർ രാമകൃഷ്ണറാവുവിന്റേയും മുഖ്യമന്ത്രി ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റേയും സാന്നിദ്ധ്യത്തിൽ ഭാരതത്തിന്റെ ആദ്യരാഷ്ട്രപിതാവായ ഡോ. രാജേന്ദ്രപ്രസാദിന്റെ കരങ്ങളിലേല്പിച്ചുകൊണ്ട് രാഷ്ട്രത്തിന് സമർപ്പിച്ച വസ്തുതയും, ഒരു ദേശാഭിമാനി എന്ന നിലയ്ക്ക് ഓർത്തുപോവുകയാണ്.

ഒളിവിൽ പോയ വേലുത്തമ്പിയെ ജീവനോടെയോ അല്ലാതെയോ പിടിച്ചുകൊണ്ടു വരുവാൻ റസിഡന്റ് മെക്കാളെ കല്പന പുറപ്പെടുവിച്ച് കഴിഞ്ഞിരുന്നു. വേലുത്തമ്പിയെ പിടികൂടുവാൻ ഇംഗ്ലീഷുകാരെക്കാൾ കൂടുതൽ താല്പര്യവും ആവേശവും പ്രകടിപ്പിച്ചത്, 1809 മാർച്ച് 18–ാം തീയതി അവർ നിയമിച്ച, മഹാകവി ഇരയിമ്മൻ തമ്പിയുടെ സ്വന്തം ചെറിയമ്മയുടെ മകൻ ഉമ്മിണിതമ്പി ദളവയായിരുന്നു. ഇംഗ്ലീഷുകാരുടെ ആനുകൂല്യങ്ങളുടെ ഗുണഭോക്താവായിരുന്ന ഉമ്മിണിതമ്പി, അന്നത്തെ പ്രക്ഷുബ്ധമായ അന്തരീക്ഷത്തിൽ, സ്വരക്ഷയ്ക്കൊപ്പം സ്വസ്ഥാനം ഉറപ്പിയ്ക്കുവാനും നിലനിറുത്തുവാനും കൂടിയായിരിക്കണം അമിതമായ ഉത്സാഹം കാണിച്ചതെന്ന് കരുതേണ്ടിയിരിക്കുന്നു.

മതിലകം (ശ്രീപത്മനാഭസ്വാമി ക്ഷേത്രം) രേഖകളുടെ ഭാഷയിൽ, ഒളിവിൽ പോയ വേലുത്തമ്പിയെ "കൂട്ടിക്കൊണ്ടു വരത്തക്കവെണ്ണം പറഞ്ഞയച്ച ആളുകെളിൽ നട്ടാലം മല്ലൻപിള്ള കാരിയക്കാറരും ആളുകെളും കൂട പല തിക്കുകളിലും മലകെളിലും കാടുകെളിലും മടങ്ങൾ വീടുകൾ ഉൾപ്പെട്ട തലങ്ങളിലൊക്കെയും വിചാരിച്ചു മണ്ണടി തെചത്തിനകത്തു ചെന്നാറെ വേലുത്തമ്പി ഒരു മടത്തിൽ പാർക്കുന്ന അവത്ത അറിഞ്ഞ് മല്ലൻപിള്ള കാരിയക്കാറരും ആളുകെളും തിരുമേനി കാവൽ കൂപ്പിണിയിൽ നിന്നും അയച്ച സുപേതാരും ചിപായികളും കൂട മടത്തിൽ ചെന്നു മടത്തിനു ചുറ്റും ആളുകെളെയും നിറുത്തി മല്ലൻപിള്ള കാരിയക്കാറരും സുപേതാരും ഏതാ നും ആളുകളും കൂട വേലുത്തമ്പിയും ടിയാന്റെ അനുചൻ ചെമ്പകരാമൻ തമ്പിയും കൂടി മടത്തിൽ ഒരു പിരമുറിയിൽ പാർക്കുന്നതിനും പിറത്തുചെന്നു കതവു തിറപ്പാൻ വിളിച്ചാറെ കതവ് തിറക്കാഴിക കൊണ്ടു ആളുകളെ മടത്തിന്റെ ഉയരെക്കേറ്റി ഓലയും വരിച്ചിലും പൊളിപ്പിച്ചു തട്ടുമ്പിറത്തിറങ്ങി തട്ടു ഇളക്കി ആളുകൾ പിരക്കകത്തു ഇറങ്ങുവാൻ പാവിയ്ക്കുമ്പോൾ, വേലുത്തമ്പി പിരയ്ക്കകത്തു നിന്നു കുത്തി മരിച്ചു കളകെയും ചെയ്ത ചേഴം ടിയാന്റെ അനുചൻ ചെമ്പകരാമൻ തമ്പി കതവു തിറന്ന് കൊടുക്കെയും പിന്നത്തതിൽ ചെമ്പകരാമൻ തമ്പിയുടെ കയ്യിൽ ഇരുന്ന ആയുതങ്ങളും പിരക്കു വെളിയിൽ വാങ്ങിച്ചു ആളുകൾ പിരക്കകത്തു കടന്നു ചെമ്പകരാമൻ തമ്പിയെ പിടിച്ചുകെട്ടി വേലുത്തമ്പി മരിച്ച പിറേതത്തിനെ കട്ടിലിൽ ഇട്ടു എടുപ്പിച്ചു തിരുവനന്തപുരത്തു കൊണ്ടുവന്നു തിവാനിചിയെ പോതിപ്പിച്ചു ടിയാൻ പിറേതത്തിനെ ചെന്നു കണ്ടു നിച്ചയം വരുത്തി തൂക്കത്തക്കവെണ്ണം നിച്ചയിച്ചു തിരുമനസ്സിലും അറിയിച്ചു മെക്കാളിക്കർണ്ണെലിനോടും പോതിപ്പിച്ചു പിറേതത്തിനെ ഉള്ളൂർക്കുന്നിൽ ക്കൊണ്ടെ തൂക്കിക്കെയും ചെയ്ത ചേഴം"

ഉമ്മിണിതമ്പിയുടെ നിർദ്ദേശ പ്രകാരം വേലുത്തമ്പിയുടെ ജഡത്തെ, അകന്ന ഇരുമ്പു കമ്പികൾ കൊണ്ടു നിർമ്മിതവും ആൾരൂപവുമുള്ള ഒരു ഇരുമ്പ് കൂട്ടിലാക്കി (Gibbet) കാക്കയ്ക്കും കഴുകനും പക്ഷികൾക്കും ഈച്ചകൾക്കും ഒക്കെ കൊത്തി തിന്നുവാനും അഴുകി പോകുവാനും കണ്ണമ്മൂലയിൽ കൊണ്ടുചെന്ന് കെട്ടിത്തൂക്കി. പണ്ട് കണ്ണമ്മൂല മുതൽ ഉള്ളൂർ വരെയുള്ള ഉയർന്ന പ്രദേശം 'ഉള്ളൂർ കുന്ന്' എന്നാണറിയപ്പെട്ടിരുന്നത്. വേലുത്തമ്പി എന്ന മഹാന്റെ മൃതദേഹത്തോടും സ്മരണയോടും ഇത്ര നീചവും നികൃഷ്ടവുമായ പ്രവൃത്തി ഉമ്മിണിത്തമ്പി ചെയ്ത ത് ബാലരാമവർമ്മ മഹാരാജാവിനോടും റസിഡന്റ് മെക്കാളെയോടും പറഞ്ഞിട്ടു തന്നെയായിരുന്നുവെന്ന് മതിലകം രേഖകൾ വ്യക്തമാക്കുന്നുണ്ട്. ബാലരാമവർമ്മ മഹാരാജാവിനോട്

പറഞ്ഞാലും പറഞ്ഞില്ലെങ്കിലും ഒന്നുമില്ല. കാരണം, ശുദ്ധഗതിയും കഥയില്ലായ്മയും കാരണം, ഉമ്മിണിത്തമ്പി ചെയ്യുവാൻ പോകുന്നത് സംസ്കാരഹീനവും നിന്ദ്യവുമായ പ്രവൃത്തിയാണെന്ന് ആ സാധു മനസ്സിലാക്കിയിരിക്കുകയില്ല. എന്നാൽ മെക്കാളെ അത് തടയാതിരുന്നത് കമ്പനി സർക്കാരിന് വലിയ അമർഷത്തിനു കാരണമായി. ഒരു രാജ്യത്തെ പ്രസിദ്ധനായ ഒരു മനുഷ്യന്റെ ജഡത്തിനോട് കാട്ടിയ ക്രൂരതയെ ഗവർണർ ജനറലായ മിന്റോപ്രഭു ശക്തമായി അപലപിക്കുകയും, 1810 ജനുവരിയോടെ മറ്റ് പല പ്രശ്നങ്ങളുടേയും കൂടി പേരിൽ തിരിച്ചു വിളിക്കപ്പെടുകയും ചെയ്തു.

വേലുത്തമ്പിയുടെ മൃതദേഹത്തോട് കാട്ടിയ നികൃഷ്ടമായ പ്രവൃത്തികൊണ്ട് മാത്രം ഉമ്മിണിത്തമ്പി അടങ്ങിയില്ല. തലക്കുളത്ത് വേലുത്തമ്പിയുടെ കുടുംബത്തിലുള്ളവരെയെല്ലാം പിടിച്ച് മാലിദ്വീപുകളിലേക്ക് നാടുകടത്തുവാൻ ഉമ്മിണിത്തമ്പി ഉത്തരവായി. തമ്പിയുടെ 'വലിയ വീട്' പൊളിയ്ക്കുകയും, പുരയിടത്തിലെ ഫലവൃക്ഷങ്ങൾ മുഴുവൻ നശിപ്പിക്കുകയും, പറമ്പിൽ മുഴുവൻ പരുത്തിച്ചെടി വച്ച് പിടിപ്പിക്കുകയും ചെയ്തു. വേലുത്തമ്പിയുടെ കുടുംബാംഗങ്ങൾ മാലിദ്വീപിലെത്തിയില്ല. തൂത്തുക്കുടിയിൽ പോയിട്ട് അവിടെനിന്നും കൊണ്ടു പോകുവാനാണുദ്ദേശിച്ചത്. ചിലർ രോഗബാധിതരായി മരിച്ചു. ചിലർ ആത്മഹത്യ ചെയ്തു. ദേഹോപദ്രവങ്ങൾ ഏറെ ഏറ്റെങ്കിലും ചിലരെല്ലാം രക്ഷപ്പെടുകയും ചെയ്തു.

ഈ സംഭവങ്ങളെല്ലാം നടക്കുന്ന കാലത്ത്, രാജകൊട്ടാരത്തിൽ 'ഇളയ രാജാവായി'കൊ.വ. 974, മേടം 22–ാംതീയതി , ജയന്തൻ ശങ്കരൻ നമ്പൂതിരി, 'ദത്തെടുത്തതായി' ബാലരാമവർമ്മയെക്കൊണ്ട് പ്രഖ്യാപിച്ച വിശാഖം തിരുനാൾ കേരളവർമ്മ വളരുന്നുണ്ടായിരുന്നു. കൊ.വ. 984–ൽ അദ്ദേഹത്തിന് വയസ്സ് പതിനെട്ട്. ബാലരാമവർമ്മ ദുർബലനായിരുന്നതിനാലും, കേരളവർമ്മ സമർത്ഥനായിരുന്നതിനാലും രാജ്യകാര്യങ്ങളിൽ അദ്ദേഹം സജീവമായി ഇടപെട്ടിരുന്നു.

രാജകൊട്ടാരത്തിൽ, വേലുത്തമ്പിയുടെ ഏറ്റവും വലിയ പിൻതുണക്കാരൻ കേരളവർമ്മയായിരുന്നു. ഏത് അധികാരസ്ഥാനത്തുള്ളവർക്കുമെന്നപോലെ, കേരളവർമ്മയ്ക്കും പ്രബലന്മാരായ കുറച്ച് അനുയായികളുണ്ടായിരുന്നു. കാലം അതായിരുന്നതിനാൽ കൊല്ലിനും കൊലയ്ക്കും മടിക്കാത്തവരും അക്കൂട്ടത്തിലുണ്ടായിരുന്നു. ഇംഗ്ലീഷ് സൈന്യം വേലുത്തമ്പിയെ പരാജയപ്പെടുത്തിയ ശേഷം നടത്തിയ തെരച്ചിലുകളിൽ, രാജകൊട്ടാരത്തിൽ സൂക്ഷിച്ചിരുന്ന നൂറ്റിനാല്പത് ചെറുപീരങ്കികളും 14000 തോക്കുകളും, ധാരാളം വെടിയുണ്ടകളും വെടിമരുന്നുകളും ഉണ്ടായിരുന്നു. സ്വാഭാവികമായും ഇംഗ്ലീഷ് സൈന്യവും അവ കൈക്കലാക്കുകയും ഉദയഗിരി കോട്ടയിലേക്ക് മാറ്റുകയും ചെയ്തു. ഇംഗ്ലീഷുകാരുമായി യുദ്ധം ചെയ്യുവാൻ തീരുമാനിച്ചപ്പോൾ, സുരക്ഷിതവും രഹസ്യവും ആയ ഒരു സ്ഥലം എന്ന നിലയ്ക്ക് കേരളവർമ്മയുടെ സഹായത്തോടെ വേലുത്തമ്പി സൂക്ഷിച്ചിരുന്ന ആയുധ ശേഖരമായിരുന്നിരിക്കാം അത്. തലസ്ഥാനനഗരിയുടെ നേർക്ക് വരുന്ന ആക്രമണത്തെ ചെറുക്കുവാനുള്ള ഒരു മുൻകരുതൽ.

തുടക്കത്തിൽ, ബാലരാമവർമ്മ മഹാരാജാവിന് ഉമ്മിണിതമ്പിയോട് ഇഷ്ടം തോന്നിയതിനാൽ തമ്പിയുടെ ഇഷ്ടം പോലെ രാജ്യം ഭരിക്കുവാൻ അനുവദിച്ചിരുന്നു. മഹാരാജാവിന്റെ ദുർബലത മുതലെടുത്ത് തമ്പിയും രാജ്യം ഭരിക്കുവാൻ തുടങ്ങി. ഭരിച്ച് ഭരിച്ച് രാജ്യം തന്നെ വിഴുങ്ങിക്കളയുമോ എന്ന് മഹാരാജാവ് ഭയപ്പെട്ടുവെന്നാണ് പറയുന്നത്. ഉമ്മിണിതമ്പിയുടെ തന്റേടി സ്വഭാവവും ശത്രുവായ കേരളവർമ്മയുടെ ശ്രവണമന്ത്രങ്ങളും പ്രേരക ഘടകങ്ങളായിരുന്നിരിക്കാം. ഉമ്മിണിതമ്പിയെ നിയമിച്ചത് കേണൽ മെക്കാളെയുടെ ശുപാർശയിലാണെങ്കിലും മെക്കാളെയ്ക്ക് പോലും ഇടയ്ക്കിടക്ക് കടിഞ്ഞാൺ ഇടേണ്ടി വന്നിരുന്നു.

ക്രമേണ രാജ്യഭരണം തന്നെ വിഷമസന്ധിയിലേക്ക് പോകുന്നതായി മെക്കാളെയ്ക്ക് തോന്നി. 1805 ലെ ഉടമ്പടി പ്രകാരമുള്ള പല കാര്യങ്ങളും ചെയ്യുന്നില്ലെന്നും, അത് ഗുരുതരമായ കുഴപ്പങ്ങൾക്ക് കാരണമാകുമെന്നും മുന്നറിയിപ്പ് നല്കിക്കൊണ്ടിരുന്നു. മഹാരാജാവാകട്ടെ, എല്ലാ കുഴപ്പങ്ങൾക്കും കാരണം ദിവാൻജിയാണെന്നും, തമ്പിയെ മാറ്റണമെന്നും മെക്കാളെയോട് ആവശ്യപ്പെട്ടുകൊണ്ടിരുന്നു. തിരുവിതാംകൂറിലെ പ്രതിസന്ധികൾക്ക് കാരണം, കേരളവർമ്മയുടെ നേതൃത്വത്തിൽ കൊട്ടാരത്തിലുള്ള ഉപജാപവൃന്ദം കാരണമാണെന്ന് മെക്കാളെ മദിരാശി ഗവർണ്ണർക്ക് റിപ്പോർട്ടയച്ചു.

രാജകൊട്ടാരത്തിൽ, കേരളവർമ്മയുടെ നേതൃത്വത്തിലുള്ള സംഘവും ഉമ്മിണിത്തമ്പിയുമായുള്ള വിരോധം നാൾക്കുനാൾ വർദ്ധിച്ചുവന്നു. അവസാനം അത് വധശ്രമങ്ങളിലേക്ക് മാറുന്നുവെന്ന് കണ്ടപ്പോൾ ഉമ്മിണിതമ്പി മെക്കാളെയോട് പരാതിപ്പെടുകയും തന്റെ ജീവന് സംരക്ഷണം നല്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. അദ്ദേഹം മദിരാശി സർക്കാരിനും കത്തയച്ചിരുന്നു. ഈ വിവരങ്ങളെല്ലാം ഗവർണ്ണർ ജനറലിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾ, മഹാരാജാവിന് ഇൻഡ്യാ ഗവൺമെന്റിൽ നിന്നും ഒരു താക്കീത് ലഭി

ച്ചു. ഉമ്മിണിതമ്പിയുടെ വധം കമ്പനി സർക്കാരിനെതിരായുള്ള ഒരു പ്രവൃത്തിയായി കണക്കാക്കുമെന്നും, അതിന് തക്ക മറുപടി കമ്പനി നൽകുമെന്നുമായിരുന്നു താക്കീത്. കമ്പനി സർക്കാരിന്റെ സൈന്യബലവും ആയുധബലവും, വേലുത്തമ്പിയുടെ അനുഭവവും എല്ലാം കൂടി ഓർത്തപ്പോൾ കമ്പനി സർക്കാരിന്റെ ശാസനങ്ങൾ അനുസരിക്കാതിരുന്നാൽ, തിരുവിതാംകൂർ രാജ്യത്തിന്റേയും അതോടൊപ്പം രാജകുടുംബത്തിന്റേയും നിലനില്പ് തന്നെ അപകടത്തിലാകുമെന്നും ബോധ്യപ്പെട്ടതിനാൽ ഉമ്മിണിതമ്പി രക്ഷപ്പെട്ടു.

ഉമ്മിണിതമ്പിയും വെറുതെ ഇരുന്നില്ല. കൊട്ടാരത്തിലെ സേവകവൃന്ദത്തെപ്പറ്റിയും കേരളവർമ്മയെക്കുറിച്ചും നിരന്തരമായ പരാതികൾ മദിരാശി ഗവൺമെന്റിന് അയച്ചുകൊണ്ടിരുന്നു. അക്കാലത്ത് റസിഡന്റിന്റെ ആസ്ഥാനം കൊല്ലത്തായിരുന്നു. തിരുവനന്തപുരത്തെ സ്ഥിതിഗതികൾ നിരീക്ഷിക്കുവാനും നിയന്ത്രിക്കുവാനുമായി, റസിഡന്റ് കുറച്ചുകാലം തിരുവനന്തപുരത്തുതന്നെ താമസിക്കുവാൻ കമ്പനി സർക്കാർ ഉത്തരവായി. അതേ തുടർന്ന് മെക്കാളെ തിരുവനന്തപുരത്ത് താമസമായപ്പോൾ, പരാതികൾ നല്കുവാൻ തമ്പിയ്ക്ക് കൂടുതൽ സൗകര്യമായി. തമ്പി സർക്കാരിന് നൽകിയ ഒരു പ്രധാന പരാതി 'എളയ തമ്പുരാൻ' എന്നുപറഞ്ഞു നടക്കുന്ന വിശാഖം തിരുനാൾ കേരളവർമ്മ യഥാർത്ഥത്തിൽ തിരുവിതാംകൂർ രാജകുടുംബാംഗമോ, രാജ്യാവകാശിയോ, എളയ തമ്പുരാനോ അല്ലെന്നും രാജ്യകാര്യങ്ങളിൽ തലയിടുവാൻ അദ്ദേഹത്തിന് യാതൊരു അവകാശാധികാരങ്ങളുമില്ലെന്നുള്ളതുമായിരുന്നു ആ പരാതി.

വിവരം മദ്രാസ് ഗവർണ്ണർ അറിഞ്ഞപ്പോൾ ഒരന്വേഷണം നടത്തുവാൻ മെക്കാളെയ്ക്ക് ഉത്തരവ് നല്കി. ഇതിനിടയിൽ, കേരളവർമ്മയെ തിരുവനന്തപുരത്ത് താമസിപ്പിക്കരുതെന്നും, മാവേലിക്കരയിലേക്കോ ആലപ്പുഴയിലേക്കോ മാറ്റി പാർപ്പിക്കണമെന്നും തമ്പി അപേക്ഷിച്ചിരുന്നു. മെക്കാളെയുടെ അന്വേഷണത്തിൽ, വിശാഖം തിരുനാൾ കേരളവർമ്മയ്ക്ക്, 'എളയരാജാവ്' എന്നവകാശപ്പെടുവാൻ യാതൊരു ന്യായവും കാണുന്നില്ലെന്ന തീർപ്പ് കല്പിച്ചു. രാജകുടുംബത്തിലെ പെൺവഴി തമ്പുരാക്കന്മാരുടേയും മുതിർന്ന ഉദ്യോഗസ്ഥന്മാരുടേയും മൊഴികൾ അനുസരിച്ചാണ് ഈ തീർപ്പ് കല്പിച്ചത്. കേരളവർമ്മയെ തിരുവനന്തപുരത്തുനിന്നും മാറ്റുവാൻ ശ്രമിച്ചെങ്കിലും ബാലരാമവർമ്മയുടെ ശക്തമായ എതിർപ്പു കാരണം 'എളയ രാജാവ്' എന്ന പേരിൽ തന്നെ രാജകൊട്ടാരത്തിൽ തുടർന്നു. ●




A traveller through time

RAGHUVARMARAJA.

I am a Senior Corporate Executive, settled in Bengaluru, India. I belong to one of the royal families from Aranmula, Kerala. Indian Astrology is my passion. I do analyse Horoscope and give predictions. I do counsel people on their personal, family and professional issues. Remedies, Mantra and precious stones also advised as per horoscopes.

visit website :- www.rvraja.net

contact: 09845028017 or 0988438223

Email: rvraja56@yahoo.com and rvraja56@gmail.com



**സ്നേഹത്തിന്റെയും പാരസ്പര്യത്തിന്റെയും സന്തോഷത്തിന്റെയും 60-ാം വാർഷികം ആഘോഷിക്കുന്ന ചേർത്തല പരിമണത്തു കോവിലകത്തു ശ്രീ. രാമവർമ്മയ്ക്കും നളിനി രാമവർമ്മയ്ക്കും മക്കളുടെയും മരുമക്കളുടെയും കൊച്ചുമക്കളുടെയും നാലാം തലമുറ യുടെയും ഊഷ്മളമായ മംഗളാശംസകൾ**

## ലേഖകരുടെ ശ്രദ്ധയ്ക്ക്

ക്ഷാത്രസന്ദേശത്തിൽ പ്രസിദ്ധീകരണത്തിനായി കവിതകൾ, ലേഖനങ്ങൾ, കഥകൾ എന്നിവ മുമ്പത്തെക്കാളും കൂടുതൽ വന്നുകൊണ്ടിരിക്കുന്നു. നമ്മുടെ കൂട്ടത്തിലെ യുവപ്രതിഭകൾക്ക് അവരുടെ സർഗ്ഗാത്മകതയെ വളർത്തിയെടുക്കാനുള്ള മാധ്യമം എന്നതിനപ്പുറം ഉള്ളടക്കത്തിന്റെ ആസ്വാദ്യത മെച്ചപ്പെടുത്തുവാനും പത്രാധിപസമിതി പ്രതിജ്ഞാബദ്ധമാണ്. സമിതിയുടെ പരി ശോധനയിൽ യോഗ്യമെന്ന് ബോധ്യപ്പെടുന്ന രചനകൾ മാത്രമെ പ്രസിദ്ധീകരണത്തിനായി തിര ഞ്ഞെടുക്കുകയുള്ളു. അല്ലാതുള്ള തിരികെ വേണമെന്നുള്ളവർ മതിയായ സ്റ്റാമ്പൊട്ടിച്ച് വിലാ സമെഴുതിയ കവർ രചനകളോടൊപ്പം അയക്കുകയോ കയ്യെഴുത്തുപ്രതിയുടെ ഒരു കോപ്പി സൂക്ഷിക്കുകയോ ചെയ്യുന്നത് നന്ന്. പ്രസിദ്ധീകരണത്തിന് തിരഞ്ഞെടുക്കുന്ന രചനകൾ എഡി റ്റിംഗിന് വിധേയമായിരിക്കും എന്നുകൂടി അറിയിക്കട്ടെ. സാമൂഹ്യപ്രതിബദ്ധതയുള്ളതും ജീവിത സ്പർശിയുമായ കവിതകളും ലേഖനങ്ങളും കഥകളും എഴുതാൻ നമ്മുടെ യുവപ്രതിഭകൾക്കു കഴിയുമെന്നും അതിന് അവർ കൂടുതൽ ശ്രദ്ധിക്കുമെന്നും പത്രാധിപസമിതി പ്രത്യാശിക്കുന്നു.

## സമസ്യ

*ശബരിഗിരിയിൽ വാഴും പോറ്റിതാൻ പോറ്റിടേണം*

വൃത്തം : മാലിനി.

ലക്ഷണം: നനമയയുഗമെട്ടിൽ തട്ടണം മാലിനിയ്ക്ക്

അവതാരകൻ: രാഘവവർമ്മ, അനന്തപുരം

# അക്ഷര പ്രണാമം

**പ്രമോദ് വർമ്മ, ബാലുശ്ശേരി**

ആരായിരുന്നു, എനിക്ക് അപ്പൂട്ടമ്മാൻ?

കുട്ടിക്കാലത്ത് വാശിപിടിച്ചു കരയുന്ന എനിക്ക് ചോറുതരാൻ അമ്മ ചൂണ്ടിക്കാണിച്ചു പറഞ്ഞു തന്നിട്ടുണ്ടാകും. 'ദേ,... അമ്പിളി അമ്മാവൻ'! അതുപോലുള്ള ഒരു കഥാപാത്രം?

എന്തോ അറിയില്ല.

വേനലവധിയിൽ ഉഷ്ണിച്ച പ്രഭാതത്തിൽ, അച്ഛന്റെ കൈ പിടിച്ച് അമ്പലമുറ്റത്തെ പഞ്ചാര മണൽ തെറിപ്പിച്ചു നടക്കുമ്പോൾ പൊടുന്നനെ ഒരു ശബ്ദം. 'ഡോ. താനെന്നെ അറിയോ?' അമ്പരപ്പോടെ നോക്കി. അഞ്ചുവയസ്സുകാരന്റെ മനസ്സിൽ ഉൾക്കൊള്ളാൻ കഴിയാത്ത വലുപ്പമുള്ള ശരീരം, മുറുക്കിച്ചുവപ്പിച്ച പല്ലുകൾ, ചെളി പുരണ്ട കട്ടികൂടിയ പൂണൂൽ! അമ്പരപ്പ് ഭയത്തിന് വഴിമാറിയപ്പോൾ അച്ഛന്റെ പിറകിലേക്ക് മാറി നിന്നു.

അച്ഛന്റെ കോവിലകം എന്നും അത്ഭുതങ്ങളുടെ ശേഖരമായിരുന്നു. ആനകൾ, നെറ്റിപ്പട്ടം, വെഞ്ചാമരം, ആലവട്ടം, ചെണ്ട, മദ്ദളം, ഇലത്താളം, എഴുന്നെള്ളത്ത് വന്നു പോയാൽ നാലുകെട്ടിൽ നിന്നും കിട്ടുന്ന അപ്പം, അട, വലിയ മാമ്പഴം, കുന്നിക്കുരു, മഞ്ചാടിക്കുരു...! എല്ലാത്തിനും ഉപരിയായി പരന്നു കിടക്കുന്ന പഞ്ചാര മണൽ... അക്കൂട്ടത്തിൽ പുതിയൊരു അത്ഭുതം കൂടി! വലിയ ശരീരമുള്ള അപ്പൂട്ടമ്മാൻ!

ബാല്യത്തിലെ അത്ഭുതം കൗമാരത്തിൽ പരിഹാസത്തിനും യൗവനത്തിൽ അവഗണനയ്ക്കും വഴിമാറിയത് അപ്പൂട്ടമ്മാൻ മാറിയതുകൊണ്ടല്ല, എന്ന് ഇന്നറിയുന്നു.

വലിയ ശരീരവും നരച്ച ഉരുണ്ട തലയും മുറുക്കാൻ ഒലിച്ചിറങ്ങുന്ന പല്ലുകളും കറപിടിച്ച പൂണൂലും മെനഞ്ഞെടുത്ത കഥകൾ ഞങ്ങളുടെ സൗഹൃദസദസ്സുകളിൽ ചിരി പടർത്തിയിരുന്നു. പരിഹാസവും അവഗണനയും ഏറ്റുവാങ്ങി അപ്പൂട്ടമ്മാൻ ഞങ്ങളുടെ ആഘോഷങ്ങളിൽ നിറസാന്നിദ്ധ്യമായി.

ഒടുവിൽ,....

*തുടർച്ച 24-ൽ*




## സ്മരണാഞ്ജലി

**നാലാം ചരമവാർഷികം (9.12.2011)**

## കെ. ഉദയവർമൻ പണ്ടാല

**കരിമുറ്റത്തു മഠം, മാവേലിക്കര**
**(രമ്യാലയം, മാവിച്ചേരി, പയ്യന്നൂർ, കണ്ണൂർ ജില്ല)**

*ഒരിക്കലും മരിക്കാത്ത ഓർമകളുമായി*

ഭാര്യ: പത്മിനി കോവിലമ്മ,
മകൾ: രമ്യ യു. പണ്ടാല (പരിയാരം മെഡിക്കൽ കോളേജ്)
മരുമകൻ: ടി.എം. സുരേന്ദ്രനാഥ്
പേരക്കുട്ടികൾ: സ്നേഹ, സ്നേഹിത്ത്

തെക്കെപറമ്പിലെ മാവ് കര ഞ്ഞുവീണ് ചിതയൊരുങ്ങിയ പ്പോൾ, ഒരു പ്രദേശം മുഴുവൻ കോവിലകത്തിന്റെ തൊടികളിലും നാലുകെട്ടിലും നിറഞ്ഞുനിന്ന പ്പോൾ, ഒരുപാട് തമ്പുരാക്കന്മാ രുടെ ശരീരം വിശ്രമിക്കുന്ന ചാഴൂർ കോവിലകത്തെ മണ്ണ് അപ്പൂട്ട മ്മാന്റെ കത്തിയമർന്ന വലിയ ശരീരം ഏറ്റുവാങ്ങിയപ്പോൾ മനസ്സി ലായി, അപ്പൂട്ടമ്മാൻ സൗഹൃദങ്ങ ളുടെ കലവറയായിരുന്നെന്ന്...

ഒരു ജനകീയ തമ്പുരാനായി രുന്നെന്ന്...

ഒരു യഥാർത്ഥ തമ്പുരാൻ നാടുനീങ്ങുമ്പോൾ ഒരു ദേശം ഒഴുകിയെത്തുമെന്ന് സ്വന്തം അന്ത്യയാത്രയിലൂടെ മറ്റു തമ്പുരാ ക്കന്മാർക്ക് കാണിച്ചു കൊടുത്ത, വെറും അക്കാദമിക് യോഗ്യതക ളല്ല ജീവിതമെന്ന് ഞങ്ങളെപ്പോ ലുള്ള പുത്തൻ കൂട്ടുകാരെ പഠ യാതെ പഠിപ്പിച്ച, അപ്പൂട്ടമ്മാൻ ആദ്യമായി (എപ്പോഴും?) എന്നോട് ചോദിച്ച ചോദ്യം.

'ഡോ, താനെന്നെ അറിയോ?'

ഇല്ല അപ്പൂട്ടമ്മാൻ, അറിയില്ല. ഇന്നും അറിയില്ല.

ആരായിരുന്നു, അപ്പൂട്ടമ്മാൻ?

വിവരദോഷിയായ ഈ പിന്മു റക്കാരൻ അക്ഷരങ്ങൾ കൊണ്ട് സാഷ്ടാംഗം പ്രണമിക്കട്ടെ. ●

# ആർ. രാജരാജവർമ്മ – ഐ.എഫ്.എസ്.



സംസ്ഥാന വനംവകുപ്പു മേധാവിയായി ആർ. രാജരാജവർമ്മ ഐ.എഫ്.എസ്.ചുമതലയേറ്റു. 1978 ബാച്ചിലെ ഐ.എഫ്.എസ്. ഉദ്യോഗസ്ഥ നാണ്. പ്രൻസിപ്പൽ ചീഫ് കൺസർവേറ്ററായ അദ്ദേഹം 2012 നവംബർ മുതൽക്കാണ് Head of Forest Forces ആയി അധികാരമേറ്റത്. ചേർ ത്തല തെക്കേടത്തു കോവിലകം കുടുംബാംഗ മാണ്. മാവേലിക്കര അകത്തേപ്പുരയിൽ പരേത നായ അഡ്വ. രാമവർമ്മതമ്പാന്റെയും മാലതിക്കു ട്ടിയുടെയും മകനാണ്. വെള്ളായണി കാർഷിക കോളേജിൽ പ്രൊഫസറായ ഡോ. സുധർമ്മയിദേ വിയാണ് ഭാര്യ. അമേരിക്കയിൽ എഞ്ചിനീയറായ രാംരാജരാജവർമ്മ. B.Arch വിദ്യാർത്ഥിയായ ഗൗതം രാജരാജവർമ്മ എന്നിവർ മക്കളാണ്. ഇപ്പോൾ പൂജപ്പുര 'വരദ'യിൽ താമസം.

# ആർ. രാമവർമ്മ – വി.എസ്.എസ്.സി.



ക്ഷത്രിയക്ഷേമസഭയുടെ ആരംഭകാലം മുതൽ മുൻനിരയിൽ പ്രവർത്തിച്ചുവരുന്ന ആർ. രാമവർമ്മ (വിജയൻ) വി.എസ്. എസ്.സി. (ഐ.എസ്.ആർ.ഒ.) യിൽ ഡെപ്യൂട്ടി ഡയറക്ടറായി നിയമിതനായി. കേരളാ യൂണി വേഴ്സിറ്റിയിൽ നിന്നും ഓണേഴ്സോടുകൂടി എൻജിനീയറിംഗ് ബിരുദം നേടിയ മൂന്നു പേരിൽ ഒരാളാണ് രാമവർമ്മ. 1976-ൽ ഔദ്യോഗിക ജീവിതം ആരംഭിക്കുന്നത്. ഇന്ത്യയുടെ ആദ്യ ഉപ ഗ്രഹ വിക്ഷേപണ വാഹനമായ എസ്.എൽ.വി. പ്രോജക്ടിൽ ഇന്ത്യയുടെ മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാമിന് റിപ്പോർട്ട് ചെയ്തുകൊണ്ടായിരുന്നു. കഴിഞ്ഞ മുപ്പത്തിയഞ്ചു വർഷത്തെ സേവനത്തിനിടയിൽ പ്രോജക്ട് മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ഗ്രൂപ്പ് ഡയറക്ടർ തുടങ്ങി വിവിധ തസ്തികകളിൽ പ്രവർത്തിച്ചിട്ടുണ്ട്. വി.എസ്.എസ്.സി. ഡയറ ക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മാനേജ്മെന്റ് സിസ്റ്റം ഏരിയാ (MSA)യുടെ തലവനായി 2011 നവംബർ 1 മുതൽ നിയമിതനായി.

ക്ഷത്രിയക്ഷേമസഭയുടെ രൂപീകരണകാലം മുതൽ സഭാനേതാവ് അന്തരിച്ച എം.സി. കേരളവർമ്മയോടൊപ്പം പ്രവർത്തിച്ചുവരുന്ന വിജയൻ സഭയുടെ തുടർന്നുള്ള എല്ലാ ഭരണ സമിതിയിലും സജീവ അംഗമായി പങ്കെടുത്തുവരുന്നു. തിരുവനന്തപുരം ക്ഷത്രിയക്ഷേമസ ഭയിലും വിജയൻ സജീവമായി പങ്കെടുത്തുവരുന്നു.

തിരുവല്ലാ മുത്തൂറ്റ് വലിയ കോയിക്കൽ പരേതനായ ആർ. രവിവർമ്മ (കൊച്ചു മാനേജർ) യുടെയും ചേർത്തല കൊല്ലം പറമ്പിൽ കോവിലകത്ത് രാജാംബിക തമ്പുരാട്ടിയുടെയും മകനാണ് രാമവർമ്മ. വൈക്കം കണ്ണാടി കോവിലകം കുടുംബാം ഗവും കേന്ദ്രഗവൺമെന്റിന്റെ ഗവേഷണസ്ഥാപനമായ CSIR-NIIST യിൽ ശാസ്ത്രജ്ഞയുമായ ഡോ. ആർ. ലക്ഷ്മിവർമ്മയാ ണ്സഹധർമ്മിണി. ടാറ്റാ കൺസൽട്ടിംഗ് സർവീസിൽ സോഫ്റ്റ് വെയർ എൻജിനീയറായ ആർ. ദേവികാവർമ്മ, ഡിഗ്രി വിദ്യാർത്ഥിനിയായ ആർ. ശാരികാവർമ്മ എന്നിവർ മക്കളാണ്.

# വളരുന്ന പ്രതിഭകൾ

## കാവ്യ വർമ്മ



കേന്ദ്ര ഗവൺമെന്റിന്റെ 2011 ലെ സി.സി.ആർ.റ്റി. സ്കോളർഷിപ്പിന് (കർണ്ണാട്ടിക് മ്യൂസിക്-വോക്കൽ) അർഹയായ കാവ്യ വർമ്മ പി.കെ. കണ്ണൂർ ചിറക്കൽ പഴയകോവിലകത്ത് രഞ്ജിത് വർമ്മയുടേയും കോഴിക്കോട് തിരുവണ്ണൂർ സാമൂതിരി കോവിലകത്ത് ബിന്ദുവർമ്മയുടെയും മകളും പ്രശസ്ത സംഗീതജ്ഞൻ കുമാര കേരളവർമ്മയുടെ പേരക്കുട്ടിയും ആണ്.

2011ലെ എറണാകുളം ശ്രുതിലയ സംഗീതമത്സരം ക്ലാസിക്കൽ മ്യൂസിക് നാദനിർഝരി കർണ്ണാടിക് ആന്റ് ഇൻസ്ട്രുമെന്റൽ മ്യൂസിക്- ക്ലാസിക്കൽ, തൃപ്പൂണിത്തുറ അത്താഘോഷം-ക്ലാസിക്കൽ, എൻ.എസ്.എസ്. കരയോഗം റിക്രിയേഷൻ ക്ലബ് ഓണാഘോഷം-ക്ലാസിക്കൽ, ലളിതഗാനം, എറണാകുളം കരയോഗം നവരാത്രി ആഘോഷം- ക്ലാസിക്കൽ, ഭജൻ, ഏരൂർ ഭാരതീയ വിദ്യാഭവൻ സ്കൂൾ കലോത്സവം, ക്ലാസിക്കൽ തൃപ്പൂണിത്തുറ ജി.എൻ. സ്വാമി ട്രസ്റ്റിലെ 2011ലെ ഏറ്റവും നല്ല ക്ലാസിക്കൽ മ്യൂസിക് ഗായിക അവാർഡ് തുടങ്ങി നിരവധി സമ്മാനങ്ങൾക്കർഹയായ കാവ്യ താമരക്കാട് ഗോവിന്ദൻ നമ്പൂതിരിയുടെ ശിഷ്യയും തൃപ്പൂണിത്തുറ ഭാരതീയ വിദ്യാഭവൻ (ഏരൂർ) ആറാം ക്ലാസ് വിദ്യാർത്ഥിനിയും ആണ്.

## ഗൗതം വർമ്മ

ബാംഗ്ലൂരിൽ നടന്ന ദേശീയ എസ് ഐ പി അബാക്കസ് ആൻഡ് ബ്രെയിൻ ജിം ചാമ്പ്യൻ ഷിപ്പിൽ 2അ വിഭാഗത്തിൽ ഫസ്റ്റ് റണ്ണറപ്പായ ഗൗതംവർമ. 15 സംസ്ഥാനങ്ങളിൽ നിന്ന് നാലായിരത്തോളം കുട്ടികൾ പങ്കെടുത്ത ചാമ്പ്യൻഷിപ്പിലാണ് ഗൗതം വർമയുടെ നേട്ടം. അബാക്കസ് ഉപയോഗിച്ച് 5 മിനിട്ടിനുള്ളിൽ സങ്കലന, വ്യവകലന ക്രിയകൾ പരമാവധി തീർക്കുന്നതിലായിരുന്നു മത്സരം. 80ൽ 66 സ്കോർ ചെയ്താണ് ഗൗതം റണ്ണറപ്പായത്.



തിരുവനന്തപുരത്ത് നടന്ന സംസ്ഥാന ചാമ്പ്യൻഷിപ്പിലും ഫസ്റ്റ് റണ്ണറപ്പായിരുന്നു ഗൗതം വർമ. വട്ടിയൂർക്കാവ് സരസ്വതീ വിദ്യാലയത്തിലെ മൂന്നാം സ്റ്റാൻഡേർഡ് വിദ്യാർത്ഥിയായ ഗൗതം വർമ കൈരളി ടി വി ചീഫ് ന്യൂസ് എഡിറ്റർ മനോജ് കെ വർമയുടെയും കിംസ് ആയുർവേദ ഹോസ്പിറ്റൽ സീനിയർ കൺസൾട്ടന്റ് ഡോ. ബിന്ദു വർമയുടെയും മകനാണ്.

## രാഹുൽ വർമ്മ

തിരുവനന്തപുരം ലയോള സ്കൂളിന്റെ ഗോൾഡൻ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ലയോള ഓൾഡ് ബോയ്സ് അസ്സോസിയേഷൻ സംഘടിപ്പിച്ച All Kerala Inter School Quest Competition (Quest 2011)ൽ രാഹുൽ വർമ്മ രണ്ടാംസ്ഥാനം നേടി. ഇതിനു മുമ്പും സ്കൂൾ തലത്തിൽ പല മത്സരങ്ങളിലും പങ്കെടുത്ത് സമ്മാനങ്ങൾ നേടിയിട്ടുണ്ട്. ഭവൻസ് വിദ്യാഭവൻ, ഏരൂർ (എറണാകുളം) 11-ാം സ്റ്റാൻഡേർഡ് വിദ്യാർത്ഥിയാണ്. 10-ാം ക്ലാസ്സിൽ എല്ലാ വിഷയത്തിനും 'A' Grade ലഭിച്ചിട്ടുണ്ട്.

ചിറക്കൽ കോവിലകത്ത്, 'സാരംഗയിൽ' ഗംഗാ വർമ്മയുടെയും തൃപ്പൂണിത്തുറ ചന്ദ്രവിലാസത്തിൽ രവികുമാറിന്റെയും മകനാണ് രാഹുൽ.

## ഓർമ്മതൻ നൊമ്പരം

**ഗോകുൽ. കെ. എൻ**
ഗോകുലം, തിരുവെങ്കിടം, ഗുരുവായൂർ

ഇരവാം കരിമ്പുലി-
പകലിനെ ഭക്ഷിച്ചു
ഇരുളിൻ പാളങ്ങളി-
ലൂടെ നിദ്രയെ തുരന്നു
മൂളിയാർക്കും മധുമ-
ക്ഷിക കൂട്ടം കണക്കെ
ഇരമ്പിയടുക്കും രാ-
ക്ഷസത്തിരയെന്ന പോൽ
തുരുമ്പെടുക്കും എന്നുടെ-
യോർമ്മ തന്നുടെ നൊമ്പരം

## ചൂണ്ട

ആഴമാർന്ന പുഴയിൽ
ചൂണ്ടയിട്ടിരിപ്പൂ ഞാൻ
അഞ്ചും ചേർന്ന വഞ്ചിയിൽ
ഇന്നല്ലയെങ്കിൽ നാളെ-
ചൂണ്ടയിൽ നല്ലതൊന്നു
കൊത്താതിരിക്കില്ലയെ-
ന്ന പ്രതീക്ഷയോടേവം

# വാർത്തകൾ - വിശേഷങ്ങൾ

## ക്ഷത്രിയക്ഷേമസഭ സംസ്ഥാന ഭാരവാഹികൾ

**പ്രസിഡന്റ്:** പി.ജി. ശശികുമാർ വർമ്മ- തിരുവനന്തപുരം. സുജാത വിലാസം, ആർഎൽആർഎ 65, രാധാ കൃഷ്ണലെയിൻ, വഴയില, പേരൂർക്കട, തിരുവനന്തപുരം-695005. ഫോൺ: 9447563464.

**വൈസ് പ്രസിഡന്റുമാർ:** റ്റി. എം. ശ്രീകുമാർ-കരിവെള്ളൂർ. ശ്രീനിധി, കരിവെള്ളൂർ, കണ്ണൂർ-670521, ഫോൺ: 9495870097.

ബാലരാമവർമ്മ (രാജു) - ചാലക്കുടി, കൊട്ടാരത്തിൽ മഠം, ഹോസ്പിറ്റൽ റോഡ്, ചാലക്കുടി - 688552 ഫോൺ: 9447529470

ഹരികൃഷ്ണവർമ്മ-ചേർത്തല. കാട്ടിൽ കോവിലകം, തിരുവിഴ പി.ഒ. ചേർത്തല സൗത്ത് - 688552 ഫോൺ: 9447484099.

**ജനറൽ സെക്രട്ടറി:** കെ. വിജയവർമ്മ-ഇടപ്പള്ളി. ശ്രീലകം, കോശ്ശേരിമഠം, കോശ്ശേരിലെയിൻ, ഇടപ്പള്ളി പി.ഒ. പിൻ-682024 ഫോൺ: 9497034504

**ജോയിന്റ് സെക്രട്ടറി:** എൻ. ശങ്കർ വർമ്മ-തൃശൂർ. ശ്യാമള വിലാസ്, അഞ്ചേരി പി. ഒ., തൃശ്ശൂർ-680006. ഫോൺ: 9446143190.

**ട്രഷറർ:** ആർ. ശശിധരവർമ്മ-തിരുവല്ല. ശ്രീവത്സം, പാലിയേക്കര ഈസ്റ്റ് പാലസ്, തിരുവല്ല-689101 ഫോൺ: 9400733397

**ഓർഗനൈസിംഗ് സെക്രട്ടറി:**

അഡ്വ. പി. കെ. കൃഷ്ണവർമ്മ-കോഴിക്കോട്- കൃഷ്ണവിലാസ്, ചെറുവായൂർ പി. ഒ, കോഴിക്കാട്-673017.ഫോൺ: 9447159 838

പ്രേമചന്ദ്രവർമ്മ-വൈക്കം, പായിക്കാട് കോവിലകം, തെക്കേനട, വൈക്കം പി.ഒ. 686141 ഫോൺ: 93874 88010

ദീപാ വർമ്മ-പന്തളം. പുത്തൻ കോയിക്കൽ, കുളനട പി.ഒ, പിൻ-689503. ഫോൺ: 9447594048

**കമ്മിറ്റി മെമ്പർമാർ:** റ്റി. സി. കൃഷ്ണവർമ്മ രാജ-നീലേശ്വരം. തെക്കേകോവിലകം, നീലേശ്വരം പി. ഒ, കാസറഗോഡ്-671314 ഫോൺ: 9495491082.

വി. സി. കൃഷ്ണവർമ്മ രാജ - നീലേശ്വരം. വടക്കേ കോവിലകം, നീലേശ്വരം പി. ഒ, കാസറഗോഡ്-671314. ഫോൺ: 9447286263.

എൻ.പി. ബാലകൃഷ്ണൻ-കരിവെള്ളൂർ. വെങ്കട്ട് മഠം, കരിവെള്ളൂർ പി. ഒ, കണ്ണൂർ -670521 ഫോൺ: 0498-5263479

സി.കെ. കേരളവർമ്മ-ചിറയ്ക്കൽ, കണ്ണൂർ. ഉഷാലയം (ശ്രീ ഹരി) ചിറയ്ക്കൽ ശിവേശ്വരാ ടെമ്പിളിന് എതിർവശം, ചിറയ്ക്കൽ പി. ഒ, കണ്ണൂർ-670011.ഫോൺ: 9495375276.

പി.സി. കേരളവർമ്മ-കോഴിക്കോട് ബേപ്പൂർ -673015. ഹൗസ് നമ്പർ-9, പ്രണവം, സ്പാൻ റെസിഡൻസി, നെടുവെട്ടം, നോർത്ത് ബേപ്പൂർ-673015. ഫോൺ: 9633543413.

പി. വി. രവിവർമ്മ (കുട്ടൻ), തൃശ്ശൂർ. പുത്തൻ മഠം, തിരുപ്പാട് റോഡ്, ഒല്ലൂർ പി.ഒ.-തൃശ്ശൂർ-680306. ഫോൺ: 9447165501.

പി. സി. സനത്കുമാർ-തൃശ്ശൂർ. തുഷാരം, കൈരളി റോഡ്, അഞ്ചേരി, കുരിയച്ചിറ പി.ഒ., തൃശ്ശൂർ-680006 ഫോൺ: 9447186899.

പി.സി. ഗോദവർമ്മ-ചാലക്കുടി, പൂർണ്ണശ്രീ, കണ്ണമ്പുഴ ക്ഷേത്രത്തിന് സമീപം. ചാലക്കുടി - 680307. ഫോൺ: 9495668564.

പി. കെ. ഉദയവർമ്മ-ചാലക്കുടി. കൃഷ്ണാലയം, ഹോസ്പിറ്റൽ റോഡ്, ചാലക്കുടി- 680307 ഫോൺ: 9447528051

പി.ഗോദവർമ്മ - കൊരട്ടി. ശ്രീ പാർവ്വതി, പാൽക്കാട്ടിൽ മഠം, ചെറുവള്ളൂർ പി. ഒ (വഴി) കൊരട്ടി, തൃശ്ശൂർ-680321 ഫോൺ: 9447780719.

ഷർമ്മിള-വെള്ളാരപ്പള്ളി. കോയിക്കൽ മഠം, പാറപ്പുറം പി. ഒ. കാഞ്ഞൂർ-683593. ഫോൺ: 9846723297

കെ.ബി. രാമചന്ദ്രൻ - വെള്ളാരപ്പള്ളി. മുല്ലശ്ശേരി മഠം, കാഞ്ഞൂർ പി.ഒ.-683593 ഫോൺ: 9961463809

ശ്രീജിത്ത്- വെള്ളാരപ്പള്ളി. കിഴക്കേ മഠം, കാപ്രശ്ശേരി, നെടുമ്പാശ്ശേരി പി. ഒ.-683585. ഫോൺ: 9946500157

എം. ആർ. വേണുഗോപാൽ വർമ്മ-ചേർത്തല. കാട്ടുങ്കൽ കോവിലകം, വാരനാട് പി. ഒ, ചേർത്തല - 688543 ഫോൺ: 9446042701

പി. ആർ. ഉദയവർമ്മ-ചേർത്തല. ശ്രീശൈലം, വാരനാട് പി. ഒ., ചേർത്തല 688543. ഫോൺ: 9288603626

എൻ. രാമചന്ദ്രൻ, ചേർത്തല. രാഘവപറമ്പിൽ കോവിലകം, വയലാർ പി. ഒ. ചേർത്തല - 688536. ഫോൺ: 9288907603.

എൻ. ആർ. കേരളവർമ്മ- പന്തളം. തൂവേലിൽ ഹൗസ്, മങ്ങാരം പി. ഒ, പന്തളം-689501 ഫോൺ: 9446626987.

മധുകുമാർ വർമ്മ-ആലപ്പുഴ. ഹൗസ് നമ്പർ - 33, ഹർഷം, സുഭാഷ് നഗർ, സനാതനപുരം പി. ഒ. ആലപ്പുഴ-688003. ഫോൺ: 9847017105.

ഡോ. റ്റി. സി. വിജയകൃഷ്ണൻ, നീലേശ്വരം. കൃഷ്ണമന്ദിരം, നീലേശ്വരം പി.ഒ-671314. ഫോൺ: 9495970339.

മനോജ് വി. എൻ.-തൃശ്ശൂർ. സോപാനം, തിരുപ്പാട് റോഡ്, ഒല്ലൂർ, തൃശ്ശൂർ-680006

വിനോദ് രാമവർമ്മ-തൃപ്പൂണിത്തുറ. 3ഡി കൃഷ്ണപാലസ്, സംസ്കൃത കോളേജ് റോഡ്, തൃപ്പൂണിത്തുറ-682301.

ശ്രീമതി കെ. സരോജം - തൃപ്പൂണിത്തുറ. കണ്ണാടി കോവിലകം, താമരംകുളങ്ങര, തൃപ്പൂണിത്തുറ പി.ഒ. - 682301.

സുകുമാരവർമ്മ- പന്തളം. മംഗള വിലാസം, കുളനട പി.ഒ. - 689503

കെ.കെ. വർമ്മ-ഇടപ്പള്ളി. കൃഷ്ണ നിവാസ്, കെ.ആർ.ഡബ്ളൂ.എ. 104, കരിവേലിൽ റോഡ്, മാമംഗലം, പാലാരിവട്ടം. പി. ഒ. കൊച്ചി - 682025 ഫോൺ: 9446135262.

ജി. രാമവർമ്മ - തിരുവനന്തപുരം. റ്റി.സി.-13/1055, ലക്ഷ്മി, കൊല്ലൂർ മഠം, കണ്ണമ്മൂല, തിരുവനന്തപുരം - 695011. ഫോൺ: 9447744915.

എസ്. അജയകുമാർവർമ്മ- തിരുവനന്തപുരം. ശ്രീകോവിലകം, ടി.സി. 36/1473 (7), കൊത്തളം ജംഗ്ഷൻ, വി.കെ. കെ. നഗറിനു സമീപം. വള്ളക്കടവ് പി. ഒ, തിരുവനന്തപുരം-695008 ഫോൺ: 9895043300.

പി.കെ.ജയചന്ദ്രവർമ്മ-തിരുവനന്തപുരം. ടി.സി. 21/1555, ഗോകുൽ നഗർ, ജി-18, കവടിയാർ. പി. ഒ. തിരുവനന്തപുരം. - 695003. ഫോൺ: 9847347670.

ആർ. രാജരാജവർമ്മ- തിരുവനന്തപുരം. ടി.സി. 13/1055-1, ശ്രീരാജ്, കൊല്ലൂർ മഠം, കണ്ണമ്മൂല, മെഡിക്കൽ കോളേജ് പി. ഒ , തിരുവനന്തപുരം-695011 ഫോൺ: 9447075399.

**ആജീവനാന്ത അംഗങ്ങളുടെ പ്രതിനിധി:**

ആർ. രാമവർമ്മ റ്റി.വി.ആർ.എ-45, ശാന്തിനികേതൻ, ടി.സി. 51/2770, പാപ്പനംകോട്, തിരുവനന്തപുരം - 695018. ഫോൺ: 9496040055.

എം. രവിവർമ്മ രാജ, (ചീഫ് എഡിറ്റർ) ക്ഷാത്രസന്ദേശം, റ്റി. സി. 37/1930, കൃഷ്ണവിഹാർ, ശംഖുചക്രനഗർ, വെസ്റ്റ് ഫോർട്ട് തിരുവനന്തപുരം - 695023 ഫോൺ: 9446178983.

കെ. രവിവർമ്മ തിരുമുൽപ്പാട്, (കോ- ഓർഡിനേറ്റർ, വെബ്സൈറ്റ്). ഹൗസ് നമ്പർ-7, ഇന്ദിരാനഗർ, പേരൂർക്കട പി. ഒ. തിരുവനന്തപുരം-695005 ഫോൺ: 9447957485

എ. രാമപ്രസാദ്, (വെബ്സൈറ്റ്),44 സിന്നമൺ ഗാർഡൻസ്, വഴയില, കരകുളം പി. ഒ., തിരുവനന്തപുരം-695564 ഫോൺ: 9495320841

പി. എ. ഗോദവർമ്മരാജ, (പ്രസിഡന്റ്, റീയാക്ട്), സാകേതം, ഒ.സ്ട്രീറ്റ്, ജവഹർനഗർ, തിരുവനന്തപുരം-695041 ഫോൺ: 9846022919.

അനിൽകുമാർ പണ്ടാല (സെക്രട്ടറി-റീയാക്ട്) റ്റി.സി. 5/1984, ശബരിറാം, വാരിയം ഗാർഡൻസ്, ശ്രീകൃഷ്ണലയിൻ, കവടിയാർ, തിരുവനന്തപുരം-695003 ഫോൺ: 9447030908.

**എക്സ് ഒഫിഷ്യോ മെമ്പേഴ്സ്**

കെ.സി. മാനവർമ്മ രാജ - (ഔട്ട് ഗോയിംഗ് പ്രസിഡന്റ്) രാജമന്ദിർ പി. ഒ. , കൊഴുവൽ, നീലേശ്വരം-671314 ഫോൺ: 9447374379.

പി. സുഭാഷ് കുമാർ വർമ്മ - (ഔട്ട് ഗോയിംഗ് സെക്രട്ടറി) ഭാനുപ്രഭ, കൊല്ലൂർ മഠം, ടി.സി. 13/1056/1, കണ്ണമ്മൂല, മെഡിക്കൽ കോളേജ് പി. ഒ. തിരുവനന്തപുരം-695011 ഫോൺ: 9446453713.

## കരപ്പുറം ക്ഷത്രിയസഭ

**ഓണാഘോഷപരിപാടി 2011**

കരപ്പുറം ക്ഷത്രിയക്ഷേമസഭയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ മാസം 18-ാം തീയതി ഞായറാഴ്ച കേരളവിലാസത്തിൽ വച്ച് അതിവിപുലമായി ഓണം ആഘോഷിക്കുകയുണ്ടായി.

രാവിലെ 10.00ന് വനിതാവിഭാഗം മനോഹരമായ പൂക്കളം ഒരുക്കി. 10.30ന് ദീർഘകാലം കരപ്പുറം ക്ഷത്രിയക്ഷേമസഭയുടെ സെക്രട്ടറി ആയി പ്രവർത്തിച്ച എൻ. ബാലരാമവർമ്മ ഭദ്രദീപം കൊളുത്തി ആഘോഷത്തിന് ആരംഭം കുറിച്ചു. കുമാരിമാർ ചിത്രയും ശ്രീലക്ഷ്മിയും ആലപിച്ച ഈശ്വരപ്രാർത്ഥനയ്ക്കുശേഷം ശ്രീമതി ജലജാവർമ്മ, ശൈലജാ ധനേഷ് തുടങ്ങിയവർ ചേർന്ന് ഓണപ്പാട്ടുകൾ അവതരിപ്പിച്ചു. അതിനുശേഷം ഹരികൃഷ്ണവർമ്മ, രവീന്ദ്രവർമ്മ, ദിനേശ് വർമ്മ, ദേവിവർമ്മ, ഹൈമവതി വർമ്മ തുടങ്ങിയവർ ചേർന്ന് അവതരിപ്പിച്ച അക്ഷരശ്ലോകസദസ്സ് വളരെ ഹൃദ്യമായ ഒരു അനുഭവം ആയിരുന്നു. തുടർന്ന് ഹരികൃഷ്ണവർമ്മയുടെ നേതൃത്വത്തിൽ രാമായണം ക്വിസ് നടത്തി. ഏറ്റവും കൂടുതൽ പോയിന്റ് നേടിയ ബാലരാമവർമ്മയ്ക്കും അക്ഷരശ്ലോകസദസ്സിൽ വിജയിച്ച ദേവിവർമ്മയ്ക്കും ഹരികൃഷ്ണവർമ്മ പ്രോത്സാഹന സമ്മാനങ്ങൾ നൽകി.

ഉച്ചഭക്ഷണത്തിനുശേഷം വനിതാവിഭാഗം അതിമനോഹരമായി തിരുവാതിര അവതരിപ്പിച്ചു. ശ്രീമതിമാർ ഗീതാവർമ്മ, പ്രഭാവർമ്മ, തങ്കമണി വർമ്മ, ശ്രീജാവർമ്മ, ബിന്ദുവർമ്മ, ദേവിവർമ്മ, ശൈലജാവർമ്മ, കുമാരി അശ്വതി വർമ്മ എന്നിവർ പങ്കെടുത്തു. ശ്രീമതിമാർ ശൈലജാദിനേഷും ജലജാവർമ്മയും സംഗീതവും മാസ്റ്റർ സുദേവ് വർമ്മ ഇടക്കയും വായിച്ചു. പിന്നീട് ശ്രീ ജഗന്നാഥവർമ്മ കർണ്ണശപഥത്തിൽ കുന്തീദേവി ശ്രീകൃഷ്ണനോട് തന്റെ മനോവ്യഥ വിവരിക്കുന്ന ഭാഗം ഭാവാഭിനയത്തിലൂടെ കാഴ്ച വച്ചപ്പോൾ അതു സദസ്സിന് വേറിട്ടൊരനുഭവമായി. ഗീതാവർമ്മ സംഗീതത്തിലും മാസ്റ്റർ സുദേവ് വർമ്മ ഇടക്കയിലും മികവുറ്റ പിൻതുണ നൽകി.

പിന്നീട് കുമാരിമാർ നയനാവർമ്മ, അശ്വതിവർമ്മ എന്നിവരും ശ്രീമതിമാർ കലാവർമ്മ, മീരവർമ്മ, ശ്രീ.അനൂപ് വർമ്മ തുടങ്ങിയവരും അതിമനോഹരമായി ഗാനങ്ങൾ ആലപിച്ചു. തുടർന്ന് ഭദ്രാവർമ്മ, ശ്രീലക്ഷ്മിവർമ്മ, ചിത്രാവർമ്മ, പ്രണവ് വർമ്മ, ശിവാനിവർമ്മ എന്നീ കൊച്ചുകുട്ടികൾ നാടോടിനൃത്തവും സിനിമാറ്റിക് ഡാൻസും അവതരിപ്പിച്ചു.

സ്ഥലവും ഭക്ഷണവും സ്പോൺസർ ചെയ്ത ബാലകേരളവർമ്മ ഉൾപ്പെടെ എല്ലാവർക്കും സെക്രട്ടറി നന്ദി രേഖപ്പെടുത്തി

## കരിവെള്ളൂർ യൂണിറ്റ്

**സെപ്റ്റംബർ 2011**

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 25.9.2011ന് കരിവെള്ളൂർ വങ്ങാട്ടു മഠത്തിൽ വെച്ച് നടന്നു. യോഗത്തിൽ വൈ. പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി വി. എം. കൃഷ്ണകുമാർ റിപ്പോർട്ട് അവതരിപ്പിച്ച് സംസാരിച്ചു. ശ്രീമതി എൻ. കെ. പങ്കിപ്പിള്ളയാർതിരിഅമ്മയുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. ശ്രീകാമാക്ഷിക്ഷേത്രം ക്ഷത്രിയസഭ ഏറ്റെടുക്കണമെന്ന മുൻയോഗതീരുമാനം ട്രസ്റ്റുമായി വിശദമായി ചർച്ച നടത്തി മാത്രം മുന്നോട്ടുപോയാൽ മതിയെന്ന് തീരുമാനിച്ചു. ഈ കാര്യത്തിൽ ട്രസ്റ്റ് പ്രസിഡന്റ് പി.കെ. കുഞ്ഞികൃഷ്ണൻ അടിയോടി, മുഖ്യരക്ഷാധികാരി സി.കെ.രാമചന്ദ്രൻനായർ എന്നിവർ അനുകൂലമായി സംസാരിച്ചുവെങ്കിലും വിശദമായ ചർച്ച വേണമെന്ന ട്രസ്റ്റ് ഭാരവാഹികളുടെ നിർദ്ദേശത്തെ തുടർന്ന് തീരുമാനമാകാതെ വരികയാണ് ചെയ്തത്.

എൻ. കെ. പങ്കിപിള്ളയാർതിരിഅമ്മയുടെ നിര്യാണത്തെ തുടർന്ന് മാറ്റിവച്ച എൻഡോവ്മെന്റ് വിതരണം 9.10.2011 ന് ഉച്ചയ്ക്ക് 2 മണിക്ക് നടത്താൻ തീരുമാനിച്ചു. സഭ മുൻ സംസ്ഥാന പ്രസിഡന്റ് കെ.സി. മാനവർമ്മരാജയെ മുഖ്യ അതിഥിയായി പങ്കെടുപ്പിക്കാൻ തീരുമാനിച്ചു. അന്നേദിവസം നേത്രദാന സമ്മതപത്ര സമർപ്പണം നടത്താനും തീരുമാനിച്ചു. സമുദായ അംഗങ്ങൾക്ക് നൽകിവരുന്ന പെൻഷൻ കുടിശ്ശിക (3 പേർക്ക്) 5 മാസത്തെ സംഖ്യ 3000 രൂപ നൽകാൻ തീരുമാനിച്ചു. മുൻയോഗ തീരുമാനപ്രകാരം നടത്താൻ നിശ്ചയിച്ചിരുന്ന ഓണാഘോഷപരിപാടി റദ്ദാക്കാൻ തീരുമാനിച്ചു. എൻഡോവ്മെന്റ് വിതരണം പി.എം. സുബ്രഹ്മണ്യൻ നടത്തണമെന്ന് യോഗം തീരുമാനിച്ചു. സംസ്ഥാന പ്രവർത്തക സമിതി യോഗങ്ങളിൽ യൂണിറ്റിനെ പ്രതിനിധീകരിച്ച് 2 പേർ പോകണമെന്ന് തീരുമാനിച്ചു. സംസ്ഥാന പ്രവർത്തക സമിതി യോഗത്തിൽ പങ്കെടുക്കുന്ന ചെറുതാഴം, പയ്യന്നൂർ എന്നിവിടങ്ങളിൽ നിന്നുള്ള മെമ്പർമാർക്ക് യാത്രാചെലവ് നൽകാൻ തീരുമാനിച്ചു. പുല - വാലായ്മ സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന മെമ്പർ എൻ.പി. ബാലകൃഷ്ണന്റെ നിർദ്ദേശം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഉപസമിതിയെ ചുമതലപ്പെടുത്തി. യോഗത്തിൽ വി.എം. രാജൻ സ്വാഗതവും സുദേവ വർമ്മ നന്ദിയും പറഞ്ഞു. യോഗം 5 മണിക്ക് അവസാനിച്ചു.

**ഒക്ടോബർ 2011**

കരിവെള്ളൂർ യൂണിറ്റ് എൻഡോവ്മെന്റ് വിതരണ വിശേഷാൽ ജനറൽബോഡിയോഗം 9.10.2011 ന് ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് കരിവെള്ളൂർ വങ്ങാട്ടുമഠത്തിൽ വെച്ച് നടന്നു. യോഗത്തിൽ യൂണിറ്റ് പ്രസിഡന്റ് എൻ.കെ. കൃഷ്ണൻ ഉണിത്തിരി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി വി. എം. കൃഷ്ണകുമാർ റിപ്പോർട്ട് വായിച്ചു. തുടർന്ന് എസ്.എസ്. എൽ.സി., പ്ലസ് ടു, ഡിഗ്രി, ഡിപ്ലോമ വിഭാഗങ്ങളിൽ ഉന്നതവിജയം കൈവരിച്ച കുട്ടികൾക്ക് പി.എം. സുബ്രഹ്മണ്യന്റെ സാന്നിദ്ധ്യത്തിൽ എൻ.കെ. കൃഷ്ണൻ ഉണിത്തിരി (പ്രസിഡന്റ്) എൻഡോവ്മെന്റ് / ക്യാഷ് അവാർഡ് വിതരണം ചെയ്തു. പി. എം. സുബ്രഹ്മണ്യൻ ഏർപ്പെടുത്തിയ 20,000 രൂപയുടെ സ്കോളർഷിപ്പും എം. എം. കൃഷ്ണൻ ഉണിത്തിരി, തിരൂർ ഏർപ്പെടുത്തിയ 5000 രൂപയുടെ ക്യാഷ് അവാർഡും എൻ. കെ. കൃഷ്ണൻ ഉണിത്തിരി ഏർപ്പെടുത്തിയ 2500 രൂപയുടെ സ്കോളർഷിപ്പും എൻ.വി.എം. നാരായണൻ ഉണിത്തിരിയുടെ സ്മരണയ്ക്ക് മകൻ അധ്യ. വി.എം. കൃഷ്ണകുമാർ ഏർപ്പെടുത്തിയ 1111 രൂപയുടെ ക്യാഷ് അവാർഡും എം.എം. പങ്കജാക്ഷി പിള്ളയാർതിരിഅമ്മയുടെ സ്മരണയ്ക്ക് എം. എം. നാരായണൻ ഉണിത്തിരി മാസ്റ്റർ ഏർപ്പെടുത്തിയ 1111 രൂപയുടെ ക്യാഷ് അവാർഡും വിതരണം ചെയ്തു. താഴെ പറയുന്ന കുട്ടികൾ എൻഡോവ്മെന്റ്/ ക്യാഷ് അവാർഡിന് അർഹരായി:

**എസ്എസ്എൽസി (സ്റ്റേറ്റ് സിലബസ്)**

ഗോകുൽ കെ.പി., S/o. എൻ.പി. പുരുഷോത്തമൻ, സഞ്ജീവനി, ഓണക്കുന്ന്, കരിവെള്ളൂർ. (First Place)

**എസ്എസ്എൽസി (സിബിഎസ്ഇ സിലബസ്)**

ജ്യോതിഷ് വി. എം, S/o.ജനാർദ്ദനൻ, വടക്കേമഠം, ചെറുതാഴം (First Place)

ഗോപകുമാർ, പ്ലസ് 2 (സ്റ്റേറ്റ് സിലബസ്) S/o കെ.വി. സുധീർകുമാർ, ശിവകൃപ, ചെറുതാഴം.

**വിദ്യാഭ്യാസ ധനസഹായത്തിന് അർഹരായ കുട്ടികൾ**

1. കൃഷ്ണകുമാർ. എസ്. S/o സുധീർ, ശിവകൃപ, അമ്പലം റോഡ് (8-ാം സ്റ്റാൻഡേർഡ്)
2. ജയേഷ് S/o ഇ. എം. കൃഷ്ണകുമാർ, ലക്ഷ്മി സ്റ്റുഡിയോ, ഓണക്കുന്ന് (8-ാം സ്റ്റാൻഡേർഡ്)
3. വിവേക് എം.എം. S/o പത്മലോചനൻ, പുറച്ചേരി (9-ാം സ്റ്റാൻഡേർഡ്)
4. സൗരവ് വി. എം. S/o സുധ. വി. എം. വടക്കേമഠം, ചെറുതാഴം (10-ാം സ്റ്റാൻഡേർഡ്)
5. ആതിരവർമ്മ D/o വിക്രമരാജ്. പി.കെ. പത്മവിലാസ്, അമ്പലം റോഡ് (10-ാം സ്റ്റാൻഡേർഡ്)
6. നിതിൻ എൻ.പി. S/o എൻ. പി. കുഞ്ഞിനാരായണൻ, പലിയേരിക്കൊവ്വൽ (10-ാം സ്റ്റാൻഡേർഡ്)
7. അരുൺ കെ. S/o എൻ.പി. രവിവർമ്മ, കരിവെള്ളൂർ (10-ാം സ്റ്റാൻഡേർഡ്)
8. വൈഷ്ണവി D/o പി.എം.മനോരമ, പനയന്തട്ട മഠം, കരിവെള്ളൂർ (പ്ലസ് ടു)
9. ശ്രീജിത്ത് വർമ്മ S/o സി.കെ. ശ്രീധരവർമ്മ, മണക്കാട്ട് (പ്ലസ് ടു)
10. നവീൻ എൻ. പി. S/o കുഞ്ഞിനാരായണൻ, പലിയേരികൊവ്വൽ (പ്ലസ് ടു)

**പ്രോത്സാഹന ധനസഹായം**

1. ശ്രീനാഥ് വർമ്മ S/o ആർ. വിജയ കുമാർ, മരങ്ങാട്ട് മഠം, മണ്ടൂർ

2. രാഹുൽ വർമ്മ S/o എൻ. കെ. ശ്രീലത, ചേലേരിമഠം, മണക്കാട്ട്

3. വിപിൻ. എം. എം S/o പത്മലോച നൻ, പുറച്ചേരി

തുടർന്ന് ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് നൽകുന്ന പെൻഷൻ കുടിശ്ശിക താഴെ പറയുന്ന ക്ഷത്രിയസഭാംഗങ്ങൾക്ക് ക്ഷത്രിയക്ഷേമസഭ സംസ്ഥാന വൈസ് പ്രസിഡന്റ് ടി.എം. ശ്രീകുമാർ വിതരണം ചെയ്തു.

1. എം. എം. സരസ്വതി പിള്ളയാർതിരി അമ്മ, മണക്കാട്

2. മാലിനി തമ്പുരാട്ടി, കോക്കാട്, ചെറുതാഴം

3. കവിത, സുകുമാരവർമ്മ, മരങ്ങാട്ട് മഠം, മണ്ടൂർ

എൻഡോവ്മെന്റിന് അർഹരായ കുട്ടികളെ അനുമോദിച്ച് എൻ.കെ. നാരു ഉണിത്തിരി, വി.എം. ദാമോദരൻ, എൻ,.പി. കൃഷ്ണൻ ഉണിത്തിരി, എൻ.കെ. നാരായണൻ ഉണിത്തിരി, വത്സല സുബ്രഹ്മണ്യൻ, ടി. എം. രാധാമണി, സി. മാധവൻ എന്നിവർ സംസാരിച്ചു. സി.കെ. രാഘവ വർമ്മ സ്വാഗതവും വി. എം. ബാല കൃഷ്ണൻ നന്ദിയും പറഞ്ഞു. യോഗം 5 മണിക്ക് അവസാനിച്ചു.

**നേത്രദാന ബോധവൽക്കരണ ക്ലാസും സമ്മതപത്ര സമർപ്പണവും**

ക്ഷത്രിയ ക്ഷേമസഭ- കരിവെള്ളൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ചെറുതാഴം വാരണക്കോട്ട് എൽ.പി. സ്കൂളിൽ വെച്ച് നേത്രദാന ബോധവൽക്കരണ ക്ലാസ്സും, നേത്രദാന സമ്മതപത്ര സമർപ്പണവും നടന്നു. എൻ.പി. വസന്തടീച്ചർ പ്രാർത്ഥന ഗാനം ചൊല്ലി. ചടങ്ങിൽ യൂണിറ്റ് സെക്രട്ടറി അഡ്വ. വി.എം. കൃഷ്ണകുമാർ സ്വാഗതം പറഞ്ഞു. സംസ്ഥാന വൈസ് പ്രസിഡന്റ് ടി.എം. ശ്രീകുമാർ അദ്ധ്യക്ഷത വഹിച്ചു. പരിപാടിയുടെ ഔപചാരികമായ ഉൽഘാടനം കടന്നപ്പള്ളി രാമചന്ദ്രൻ (മുൻ ദേവസ്വം വകുപ്പ് മന്ത്രി) നിർവ്വഹിച്ചു. ശ്രീ. സനിൽ. വൈ. (പ്രൈമറി ഹെൽത്ത് സെന്റർ, ഏഴോം) ബോധവൽക്കരണ ക്ലാസ് എടുത്തു. തുടർന്ന് ശ്രീ. കെ.സി. മാനവർമരാജ (മുൻ സംസ്ഥാന പ്രസിഡന്റ്) ക്ഷത്രിയക്ഷേമസഭാ നേത്രദാന സമ്മതപത്ര സമർപ്പണം നടത്തി. ശ്രീ. സനിൽ വൈ സമ്മതപത്രം ഏറ്റുവാങ്ങി. ടി.വി. ചന്ദ്രൻമാസ്റ്റർ, ഇ. വി. മനോഹരൻമാസ്റ്റർ, വി.എം. ദാമോദരൻ എന്നിവർ ആശംസാ പ്രസംഗം നടത്തി.

തുടർന്ന് ഡോ. പ്രദീപവർമ്മ രചിച്ച പാണ്ഡവഗീതാ, ശ്രീ. സുധീർ ചെറുതാഴം രചിച്ച നരകവർണ്ണനകൾ എന്നീ ഗ്രന്ഥങ്ങളെ പരിചയപ്പെടുത്തി അഡ്വ. വി.എം. കൃഷ്ണകുമാർ സംസാരിച്ചു.

**ശ്രീ കാമാക്ഷി ക്ഷേത്രം – നവരാത്രി ആഘോഷം**

ചരിത്രപുരുഷനും ക്ഷത്രിയ സമുദായത്തിന്റെ അഭിമാനസ്തംഭവുമായിരുന്ന മഹാനായ ശ്രീ ശങ്കരനാഥ ജോത്സ്യർ സ്ഥാപിച്ച കരിവെള്ളൂർ ശ്രീ കാമാക്ഷി ക്ഷേത്രത്തിലെ ഈ വർഷത്തെ നവരാത്രി ആഘോഷം സെപ്റ്റംബർ 28 മുതൽ ഒക്ടോബർ 6 വരെ വിവിധ കലാ സാംസ്കാരിക പരിപാടികളോടെ ആഘോഷിക്കുകയുണ്ടായി. പ്രഭാഷണം, സംഗീതകച്ചേരി, നൃത്തസംഗീതാർച്ചന, ഓട്ടൻതുള്ളൽ, കോൽക്കളി, ഭക്തിഗാനസന്ധ്യ എന്നീ കലാപരിപാടികൾ ഉണ്ടായി. ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റിന്റെ വകയായി നടത്തിയ പരിപാടികൾ ഭക്തജനങ്ങളുടെ മുക്തകണ്ഠമായ പ്രശംസ പിടിച്ചുപറ്റി. വിജയദശമി ദിവസം ഗ്രന്ഥമെടുപ്പ്, വിദ്യാരംഭം, പായസദാനം, തായമ്പക, തിടമ്പുനൃത്തം, നിറമാല എന്നീ പരിപാടികളോടെ ആഘോഷപരിപാടികൾ സമാപിച്ചു.

## തൃശൂർ യൂണിറ്റ്

തൃശൂർ ക്ഷത്രിയക്ഷേമസഭയുടെ തിരുത്തൂർ ക്ലസ്റ്റർ യൂണിറ്റ് ഒന്നാം വാർഷികം ജനുവരി ഒന്നിന് നടന്നു. രാവിലെ 8.30ന് കുട്ടികൾക്കായുള്ള കായികമത്സരങ്ങൾ ആരംഭിച്ചു. പ്രൊഫ. എ.കെ. രാജരാജവർമ്മ, പ്രഹ്ലാദൻ വർമ്മ, ശങ്കർവർമ്മ എന്നിവർ ആശംസകൾ നേർന്നു. തുടർന്ന് അംഗങ്ങൾ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ അരങ്ങേറി. വൈകിട്ട് 5 മണിക്ക് ദേശീയ ഗാനാലാപനത്തോടെ പരിപാടികൾക്ക് സമാപനം കുറിച്ചു.

## തിരുവനന്തപുരം ക്ഷത്രിയക്ഷേമസഭ

**1. എക്സി. കമ്മിറ്റി യോഗങ്ങൾ**

2011 ഒക്ടോബർ 9-ാം തീയതിയും, നവംബർ 12-ാം തീയതിയും ഡിസംബർ 11-ാം തീയതിയും ഭരണസമിതിയോഗങ്ങൾ ചേർന്നു. സംഘടനയുടെ ദൈനംദിന പ്രവർത്തനങ്ങൾ ഈ യോഗങ്ങളിൽ വിലയിരുത്തി.

**2. വയലാർ രാമവർമ്മ – മാവേലിക്കര പ്രഭാകര വർമ്മ അനുസ്മരണം**

തിരുവനന്തപുരം ക്ഷത്രിയക്ഷേമസഭയുടെ മുൻ പ്രസിഡന്റും പ്രസിദ്ധ സംഗീതജ്ഞനുമായ മാവേലിക്കര പ്രഭാകര വർമ്മ (പെപ്പയണ്ണൻ) യേയും പ്രശസ്ത കവി വയലാർ രാമവർമ്മയേയും സഭ അനുസ്മരിച്ചു. 2011 ഒക്ടോബർ 30-ാം തീയതി സുന്ദരവിലാസം കൊട്ടാരത്തിൽ നടന്ന ചടങ്ങിൽ പെപ്പയണ്ണനെ അനുസ്മരിച്ചുകൊണ്ട് പി.ആർ. കുമാരകേരള വർമ്മയും വയലാറിനെ അനുസ്മരിച്ചുകൊണ്ട് കെ.എൽ. ശ്രീകൃഷ്ണദാസും പ്രഭാഷണങ്ങൾ നടത്തി. സംഗീതജ്ഞൻ ശ്രീ. വി.സി. ജോർജ്ജ് ചടങ്ങിൽ വിശിഷ്ടാതിഥി ആയിരുന്നു. സഭയുടെ കലാ സാംസ്ക്കാരിക വേദി അവതരിപ്പിച്ച സംഗീത സന്ധ്യയിൽ പഞ്ചരത്ന കീർത്തനാലാപനം, വയലാർ രാമവർമ്മയുടെ ഗാനങ്ങൾ ഉൾപ്പെടുത്തിയുള്ള സംഗീതാലാപനം, കവിതാലാപനം എന്നിവയുമുണ്ടായിരുന്നു. നാല്പതോളം കലാകാരന്മാർ ഇതിൽ പങ്കെടുത്തു.

**3. അനുമോദനം**

സംസ്ഥാന വനംവകുപ്പ് തലവനും ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റുമായ

**ആർ. രാജരാജ വർമ്മ** I.F.S. ആണ് ഈ പരിപാടി സ്പോൺസർ ചെയ്തത്. വനം വകുപ്പുതലവനായി ചുമതലയേറ്റ രാജ രാജവർമ്മയേയും മുഖ്യാതിഥിയായി പങ്കെടുത്ത വി.സി. ജോർജിനേയും ആദരിച്ച് അനുമോദിച്ചു.

### റീജന്റ് മഹാറാണിയുടെ 117 – ാം ജന്മദിനം ആഘോഷിച്ചു.

തിരുവനന്തപുരം ക്ഷത്രിയക്ഷേമ സഭയും റീജന്റ് മഹാറാണിയുടെ കുടുംബാംഗങ്ങളും സംയുക്തമായി നടത്തിവരുന്ന റീജന്റ് മഹാറാണി ജന്മദിനാഘോഷം 2011 നവംബർ 20ന് വൈലോപ്പിള്ളി സംസ്കൃതിഭവനിൽ നടന്നു. വൈകിട്ട് സഭാപ്രസിഡന്റ് പി.ജി. ശശികുമാർ വർമ്മയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അനുസ്മരണയോഗം H.H. ശ്രീപദ്മനാഭ ദാസ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് നിലവിളക്കു കൊളുത്തി ഉത്ഘാടനം ചെയ്തു. നമ്മുടെ സംസ്കാരവും പൈതൃകവും ചരിത്രപാരമ്പര്യവും കാത്തുസൂക്ഷിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ച മഹാരാജാവ്, ക്ഷത്രിയ ക്ഷേമസഭ ഈ വിഷയത്തിൽ ചെയ്യുന്ന പ്രവർത്തനങ്ങളെ ശ്ലാഘിച്ചു. റീജന്റ് മഹാറാണിയുടെ ഭരണകാലത്ത് വനിതകളുടെ വിദ്യാഭ്യാസ, സാമൂഹ്യ, സാംസ്കാരിക രംഗങ്ങളിലെ ഉയർച്ചയ്ക്കുവേണ്ടി കൈക്കൊണ്ട നടപടികൾ ചൂണ്ടിക്കാണിച്ച അദ്ധ്യക്ഷൻ ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾക്ക് പിന്നീടുണ്ടായ ഭരണകർത്താക്കൾക്ക് റീജന്റ് റാണി ഒരു പ്രചോദനമായിരുന്നുവെന്നും പ്രസ്താവിച്ചു. മഹാറാണിയുടെ ഭരണത്തിൽ പദ്ധതികളുടെ ആസൂത്രണത്തിലും നടത്തിപ്പിലും ഉണ്ടായിരുന്ന മികവ് പിന്നീടുണ്ടായ ജനായത്ത ഭരണത്തിൽ നഷ്ടപ്പെട്ടതായി അദ്ദേഹം ചൂണ്ടിക്കാട്ടി.

വി. എസ്.എസ്.സി. ഡയറക്ടർ പി. എസ്. വീരരാഘവൻ റീജന്റ് മഹാറാണി അനുസ്മരണ പ്രഭാഷണം നടത്തി. "Space Technology Touching lives' എന്ന വിഷയത്തെ ആസ്പദമാക്കി അദ്ദേഹം നടത്തിയ പ്രഭാഷണത്തിൽ ശാസ്ത്ര സാങ്കേതിക, വിദ്യാഭ്യാസ, മെഡിക്കൽ, നഗര വികസന രംഗങ്ങളിലും കമ്മ്യൂണിക്കേഷൻ തുടങ്ങിയ രംഗങ്ങളിലും വി.എസ്.എസ്.സി.യുടെ സാങ്കേതികവിദ്യ കൊണ്ടുണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദീകരിച്ചു.

വി.എസ്.എസ്.സി. ഡയറക്ടറെ റീജന്റ് റാണിയുടെ കൊച്ചുമകൾ ഡോ. ലക്ഷ്മി രഘുനന്ദൻ ഉപഹാരം നൽകി ആദരിച്ചു.

പ്രൊഫ. വി. ആർ. പ്രബോധചന്ദ്രൻ നായർ നടത്തിയ ആശംസ പ്രസംഗത്തിൽ ഗാന്ധിജിയെ പോലും അത്ഭുതപ്പെടുത്തിയ ഭരണനൈപുണ്യത്തിനുടമയായിരുന്നു മഹാറാണിയെന്നും സ്ത്രീശാക്തീകരണവും മാന്യമായ വസ്ത്രധാരണവും സാമൂഹ്യരംഗത്ത് കൊണ്ടുവന്ന അവർ റെയിൽ, റോഡ് എന്നിവയുടെ വികസനത്തിനും പ്രത്യേകം ശ്രദ്ധിച്ചതായും ചൂണ്ടിക്കാട്ടി.

ആശംസാപ്രസംഗം നടത്തിയ ഡോ. ലക്ഷ്മിരഘുനന്ദൻ ഭരണരംഗത്ത് റാണി നൽകിയ സംഭാവനകൾക്ക് ഇനിയും അംഗീകാരം ലഭിച്ചിട്ടില്ല എന്നു ചൂണ്ടിക്കാട്ടി. സ്വാതന്ത്ര്യസമരത്തിൽ റാണി വഹിച്ച പങ്കിനേയും പരാമർശിച്ചു. എം. രവി വർമ്മരാജ സ്വാഗതവും ജി. രാമവർമ്മ നന്ദിയും പറഞ്ഞു.

യോഗാനന്തരം തിരു. ക്ഷത്രിയക്ഷേമ സഭ കലാ-സാംസ്കാരികവേദി അവതരിപ്പിച്ച തിരുവാതിരകളിയും ഫാക്ട് ജയദേവവർമ്മയുടെ നേതൃത്വത്തിൽ പന്തളം കൈശികി സ്കൂൾ ഓഫ് കഥകളി അവതരിപ്പിച്ച നളചരിതം രണ്ടാംദിവസം കഥകളിയും ഉണ്ടായിരുന്നു. അത്താഴ സദ്യയോടുകൂടി ജന്മദിനാഘോഷങ്ങൾ സമാപിച്ചു.

### റീജന്റ് മഹാറാണി മാധ്യമ – വിദ്യാഭ്യാസ അവാർഡുകൾ

2011 ലെ റീജന്റ് റാണി സ്മാരക മാധ്യമ അവാർഡിന് ജന്മഭൂമി പത്രത്തിന്റെ ചീഫ് എഡിറ്റർ ശ്രീ. ഹരി എസ്. കർത്ത അർഹനായി. തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതിഭവനിൽ നടന്ന ജന്മദിനാഘോഷ ചടങ്ങിൽ H.H. ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് 15001 രൂപയുടെ അവാർഡും ഫലകവും പ്രശസ്തിപത്രവും ശ്രീ. കർത്താക്ക് സമ്മാനിച്ചു. അവാർഡ്, തനിക്ക് കൂടുതൽ ഉത്തരവാദിത്വബോധവും അഭിമാനവും നൽകുന്നുവെന്നും ഉന്നതമായ ആദർശവും സംസ്ക്കാരവും പുലർത്തിപോരുന്ന തിരുവിതാംകൂർ രാജവംശം രാജ്യത്തിന്റെ പുരോഗതിക്കും ജനങ്ങളുടെ ക്ഷേമത്തിനും വേണ്ടി ചെയ്ത മഹദ് സംരംഭങ്ങളെ പുകഴ്ത്തി. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ക്ഷാത്രധർമ്മത്തെ വീണ്ടെടുക്കാനും നാടിന്റെയും ജനങ്ങളുടെയും നന്മയ്ക്കുവേണ്ടി അവ പ്രയോജനപ്പെടുത്തുവാനും ക്ഷത്രിയർക്ക് കഴിയുമെന്നും ക്ഷത്രിയസഭ ഈ വഴിയ്ക്ക് ചിന്തിക്കേണ്ട സമയമാണെന്നും മറുപടി പ്രസംഗത്തിൽ അദ്ദേഹം പ്രസ്താവിച്ചു.

2010 മാർച്ചിലെ 10-ാം ക്ലാസു പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിന് മാസ്റ്റർ കെ. ബാലു (മലപ്പുറം), മാസ്റ്റർ അഭിഷേക് വർമ്മ (തിരുവനന്തപുരം), കുമാരി ദേബശ്രീ വർമ്മ (കോഴിക്കോട്) എന്നിവർ അർഹരായി. 5001 രൂപ വീതമുള്ള കാഷ് അവാർഡ് വി. എസ്.എസ്.സി. ഡയറക്ടർ വീരരാഘവൻ വിജയികൾക്ക് നൽകി.

### അയ്യപ്പധർമ്മം

ഡിസംബർ 25ന് നടന്ന പ്രതിമാസ പരിപാടിയിൽ കലിയുഗവരദനായ ശബരിമല ശ്രീ അയ്യപ്പനെ സ്മരിച്ചുകൊണ്ട് അയ്യപ്പധർമ്മത്തെയും ജീവിത ധർമ്മത്തെയും ജീവിതദർശനത്തെയും പറ്റി പ്രസിദ്ധ ചരിത്രകാരകനും സാംസ്കാരിക നായകനുമായ ഡോ. എം.ജി. ശശിഭൂഷൻ പ്രഭാഷണം നടത്തി. അയ്യപ്പനും ശാസ്താവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും പന്തളം പൂഞ്ഞാർ രാജകുടുംബങ്ങളുടെ ഉത്ഭവം, നാനാജാതി മതസ്ഥ

രിൽ അയ്യപ്പധർമ്മം ചെലുത്തിയ സ്വാധീനം വാവരുസ്വാമിയുടെ ചരിതം എന്നീ വിഷയങ്ങൾ പ്രതിപാദിച്ച പ്രഭാഷകൻ സനാതന ധർമ്മത്തിന്റെ സൃഷ്ടിയാണ് അയ്യപ്പധർമ്മം എന്ന് ഓർമ്മിപ്പിച്ചു. മുസ്ലീമിന്റെ കട കണ്ടാൽ വാവരുടെ കടയാണ് എന്നു പറയാനുള്ള ശക്തി തരുന്നതാണ് അയ്യപ്പധർമ്മമെന്നും പറഞ്ഞു.

**ബിജുരാമവർമ്മയ്ക്ക് അനുമോദനം**

സൂര്യ ടി.വി. അവതരിപ്പിച്ച 'പറയി പെറ്റ പന്തിരുകുലം' എന്ന സീരിയലിന്റെ അവതരണഗാനത്തിന് ഏറ്റവും നല്ല സംഗീത സംവിധാനം നിർവഹിച്ച കിളിമാനൂർ കൊട്ടാരത്തിലെ ശ്രീ. ബിജുരാമവർമ്മയ്ക്ക് ലയൺസ് ഇന്റർ നാഷണലിന്റെ അവാർഡ് ലഭിച്ചതിൽ സഭ അനുമോദിച്ചു. ഡോ. ശശിഭൂഷണനെയും ബിജുവിനെയും സഭ ഉപഹാരങ്ങൾ നൽകി ആദരിച്ചു.

ചടങ്ങിൽ സഭാ പ്രസിഡന്റ് പി.ജി. ശശികുമാർ വർമ്മ അദ്ധ്യക്ഷനായിരുന്നു. ശ്രീ. സി.കെ. കൃഷ്ണദാസ് സ്വാഗതവും ശ്രീ.ജി. രാമവർമ്മ നന്ദിയും രേഖപ്പെടുത്തി.

കലാ - സാംസ്കാരികവേദിയുടെ നേതൃത്വത്തിൽ അയ്യപ്പഗാനങ്ങളും കീർത്തനങ്ങളും ഉൾപ്പെടുത്തി നടത്തിയ ഭജന സദസ്സിനെ ഭക്തിസാന്ദ്രമാക്കി. ചടങ്ങുകൾക്കുശേഷം പ്രസാദവിതരണം ഉണ്ടായിരുന്നു.

## ചിറയ്ക്കൽ കോവിലകം

**കലാപുരസ്കാരം**

സംസ്ഥാന സി.ബി.എസ്.ഇ. കലോത്സവത്തിൽ ശാസ്ത്രീയ സംഗീതത്തിൽ ചിറക്കൽ കോവിലകത്ത് സി.കെ. ആർദ്ര രാജ (കിഴക്കേ കൊട്ടാരം) 'എ' ഗ്രേഡിന് അർഹയായി. കിഴക്കേ കൊട്ടാരത്തിൽ സി.കെ. മഞ്ജുള വർമ്മയുടെയും കൊട്ടക്കൽ കോവിലകത്ത് കെ.സി. പ്രകാശ് രാജയുടെയും മകളാണ്. ചിറക്കൽ കസ്തൂർബാ പബ്ലിക് സ്കൂളിൽ 6-ാം ക്ലാസ് വിദ്യാർത്ഥിനിയാണ്.



## കോഴിക്കോട്

**രേവതിപട്ടത്താനം**

കോഴിക്കോടിന്റെ ചരിത്രത്തിലെ തിളക്കമാർന്നതും സാമൂതിരി രാജവംശത്തിന്റെ പ്രൗഢിയും ഹൃദയവിശാലതയും അറിവിനോടുള്ള ആദരവും തുറന്നു കാട്ടുന്നതുമായ ഒന്നാണ് എല്ലാവർഷവും തുലാമാസത്തിലെ രേവതിനാളിൽ നടത്തിവരാറുള്ള 'രേവതി പട്ടത്താനം' എന്ന വിദ്വൽ സദസ്സ്. ഈ വർത്തെ പരിപാടി തുലാം 22 (നവംബർ 8) ചൊവ്വാഴ്ച തളി സാമൂതിരി ഗുരുവായൂരപ്പൻ ഹാളിൽ സജ്ജമാക്കിയ പട്ടത്താനശാലയിൽ നടന്നു. തളിക്ഷേത്രത്തിലെ വൈദിക കർമ്മങ്ങൾക്കുശേഷം പഞ്ചവാദ്യമേളത്തോടു കൂടി അദ്ധ്യക്ഷൻ മഹാമഹിമ ശ്രീമാനവേദൻ സാമൂതിരിപ്പാടിനെ ഹാളിലേക്ക് ആനയിച്ചു. ബഹു. സാമൂഹ്യക്ഷേമവകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ പരിപാടി ഉദ്ഘാടനം ചെയ്തു. ഇരിങ്ങാലക്കുട കാമകോടി യജുർവേദ പാഠശാലയിലെ ആചാര്യന്മാരും വിദ്യാർത്ഥികളും പങ്കെടുത്ത യജുർവേദ സംഹിതസദസ്സ്, ഡോ. നാരായണൻ നമ്പൂതിരി, ഡോ. എൻ.കെ. സുന്ദരേശ്വരൻ, കോഴിക്കോട് യൂണിവേഴ്സിറ്റി, സംസ്കൃത വിഭാഗം, ശരത് പി നാഥ് (കാത്തോലിക്കേറ്റ് കോളേജ് പത്തനംതിട്ട) എന്നിവർ പങ്കെടുത്ത വാക്യാർത്ഥസദസ്സ്, അക്ഷരശ്ലോകസദസ്സ് എന്നിവ വിദ്വൽ സദസ്സിലെ മുഖ്യ ഇനങ്ങളായിരുന്നു. വൈകുന്നേരം നടന്ന സമാപന സമ്മേളനത്തിൽ ആരാധ്യയായ കോഴിക്കോട് മേയർ പ്രൊഫ. എം.കെ. പ്രേമജം ആദ്ധ്യക്ഷം വഹിച്ചു. സാമൂതിരി രാജാവ് ശ്രീ. മാനവേദൻ സാമൂതിരിപ്പാട് പുരസ്കാരദാനം നടത്തി. ഗുരുവായൂർ ദേവസ്വം ചെയർമാൻ ടി.വി. ചന്ദ്രമോഹൻ ആശംസകൾ നേർന്നു. രേവതിപട്ടത്താനസമിതി ചെയർമാൻ വി.യു.ഏറാടി സ്വാഗതവും സെക്രട്ടറി പി.കെ. കൃഷ്ണനുണ്ണിരാജ നന്ദിയും പറഞ്ഞു. ഗുരുവായൂർ ക്ഷേത്രകലാനിലയം അവതരിപ്പിച്ച കൃഷ്ണനാട്ടം (കഥ - രാസക്രീഡ) സദസ്സിനെ ആകർഷിച്ച മറ്റൊരു മുഖ്യഇനമായിരുന്നു.

**ബേപ്പൂർ ക്ലസ്റ്റർ യൂണിറ്റിന്റെ വാർഷിക റിപ്പോർട്ട്**

2010 ആഗസ്റ്റ് 14ന് മനയത്ത് കോവിലകത്തുവെച്ച് നടന്ന പ്രഥയോഗത്തിൽ ബേപ്പൂർ ക്ലസ്റ്റർ ഭരണസാരഥികലെ തിരഞ്ഞെടുത്തു. കോഴിക്കോട് യൂണിറ്റ് സെക്രട്ടറി പി.കെ. കൃഷ്ണവർമ്മയുടെ സാന്നിദ്ധ്യത്തിൽ കൺവീനറായി സി.കെ. കേരളവർമ്മയേയും ജോയിന്റ് കൺവീനറായി പി.സി. സുധയേയും യൂണിറ്റ് പ്രതിനിധിയായി പി.കെ. രവിവർമ്മയേയും തിരഞ്ഞെടുത്തു. 27 അംഗങ്ങളുള്ള ക്ലസ്റ്ററിൽ നിന്ന് രക്ഷാധികാരി സമിതിയിലേക്ക് 6 പേരെയും തിരഞ്ഞെടുത്തു.

എല്ലാ ഇംഗ്ലീഷ് മാസവും രണ്ടാമത്തെ ഞായറാഴ്ച ഏതെങ്കിലും ഒരംഗത്തിന്റെ വീട്ടിൽ വെച്ച് യോഗം കൂടുവാൻ തീരുമാനിച്ചു.

**പ്രധാന പ്രവർത്തനങ്ങൾ**

ഒക്ടോബർ 10-ാം തീയതി പുതിയ കോവിലകത്തുവെച്ച് നടന്ന കുടുംബസംഗമത്തിൽ ബേപ്പൂർ സ്വരൂപത്തിലെ വലിയ തമ്പുരാനേയും വലിയ തമ്പുരാട്ടിയേയും പൊന്നാട അണിയിച്ച് ആദരിച്ചു. കുടുംബസംഗമത്തിൽ അറുപതോളം പേർ പങ്കെടുത്തു.

ഏപ്രിൽ 10ന് പുതിയ കോവിലകത്തുവെച്ച് നടന്ന ശില്പശാല, ബേപ്പൂർ ക്ലസ്റ്റർ വളരെ അടുക്കും ചിട്ടയോടുകൂടിയും നടത്തി. മലത്ത് അപ്പുണ്ണി, എം.കെ. രവിവർമ്മ, പ്രദീപ് വർമ്മ എന്നിവർ കുട്ടികൾക്ക് ക്ലാസ്സെടുക്കുകയും ചെയ്തു.

രണ്ട് ദിവസങ്ങളിലായി മനയത്ത് കോവിലകത്ത് വെച്ച് തിരുവാതിര ആഘോഷം നടത്തി. ഓമന തമ്പുരാട്ടിയുടെ നേതൃത്വത്തിൽ നടന്ന തിരുവാതിരകളിയും മറ്റും കൂട്ടായ്മയുടെ മാധുര്യമെന്തെന്ന് പങ്കെടുത്തവരെ ബോദ്ധ്യപ്പെടുത്തി.

മാസത്തിലൊരിക്കൽ ബേപ്പൂർ ശിവ ക്ഷേത്രത്തിലും കരുമകൻകാവിലും പാറ പ്പുറം ശ്രീകൃഷ്ണക്ഷേത്രത്തിലും നടത്താറുള്ള സമൂഹപ്രാർത്ഥനയും നാമജപവും മനയത്തു കോവിലകത്തും പ്രണവം വീട്ടിലും വെച്ച് നടന്ന നാരായണീയ പാരായണത്തിലും പുതിയ കോവിലകത്ത് ശ്രീഹരിയിൽ വെച്ച് വൈശാഖ മാസത്തിൽ നടന്ന അഖണ്ഡനാമജപത്തിലം, നിറങ്കൈത കോട്ടയിലേക്കുള്ള തീർത്ഥയാത്രയിലും സഭാംഗങ്ങൾ നേടിയ ആത്മസംതൃപ്തി വാക്കുകൾക്ക് അതീതമാണ്.

ക്ഷത്രിയ കുടുംബാംഗങ്ങളുടെ പുരോഗതിയ്ക്കും ക്ഷേമത്തിനും വേണ്ടി 'ക്ഷത്രിയ വെൽഫെയർ അസോസിയേഷൻ - ബേപ്പൂർ' എന്ന സമിതി രൂപീകരിക്കുകയും സമിതി കൺവീനറായി കെ. സി. മോഹനനും ട്രഷററായി എം.കെ. ഉണ്ണിക്ക്യഷ്ണവർമ്മയേയും തിരഞ്ഞെടുത്തു. കുടുംബത്തിലെ സഭയുടെ കീഴിലുള്ള സാമ്പത്തികബുദ്ധിമുട്ടനുഭവിക്കുന്ന അംഗങ്ങളെ സഹായിക്കുവാനായി ഒരു ഡിപ്പോസിറ്റ് സ്കീം അസോസിയേഷൻ നടത്തിവരുന്നു.

സമുദായാംഗങ്ങളുടെ യോജിപ്പും അന്യോന്യമുള്ള സഹകരണവും വഴി എല്ലാ അംഗങ്ങൾക്കും ഉയർച്ച ഉണ്ടാകണമെന്നുള്ള അഭിപ്രായത്തിന് ഊന്നൽ നൽകികൊണ്ട്, പോരായ്മകൾ പരിഹരിച്ച് പ്രവർത്തിക്കാനുള്ള തീരുമാനത്തോടെ യോഗം അവസാനിച്ചു.

## പന്തളം ക്ഷത്രിയക്ഷേമസഭ

**1. വാർഷിക പൊതുയോഗവും കുടുംബ സംഗമവും**

സഭയുടെ വാർഷിക പൊതുയോഗവും കുടുംബസംഗമവും നവംബർ 13ന് വടക്കെ കൊ ട്ടാരത്തിൽ വെച്ച് നടന്നു. ഒരു ദിവസം മുഴുവൻ നീണ്ടുനിന്ന പരിപാടിയിൽ ക്ഷത്രിയക്ഷേമസഭ പ്രസിഡന്റ് ശ്രീ. ശശിവർമ്മ പങ്കെടുക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

കുടുംബസംഗമത്തിന്റെ ഭാഗമായി, രാവിലേയും ഉച്ചതിരിഞ്ഞും പ്രഭാഷണങ്ങൾ ഉണ്ടായിരുന്നു.

കലാകാരനും ഗാനരചയിതാവും തിരക്കഥാകൃത്തും ഡോക്യു മെന്ററി നിർമ്മാതാവുമായ കെ.എൽ. ശ്രീകൃഷ്ണദാസ് വയലാർ രാമവർമ്മ അനുസ്മരണ പ്രഭാഷണം നടത്തി. തന്റെ ഹ്രസ്വ ജീവിത
കാലയളവിൽ അതിമനോഹരമായ കാവ്യസൃഷ്ടികൾക്കു രൂപം നൽകിയ വയലാർ രാമവർമ്മ ഒരു മഹാപ്രതിഭയായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ കവിതകളും ഗാനങ്ങളും കാലത്തിനതീതമായി നിലകൊള്ളുന്നു എന്നതാണ് പ്രത്യേകത. കാരണം, ആ ഗാനങ്ങൾ കേരളത്തിലെ ഏതെങ്കിലും ഒരു കോണിൽ ഇന്നും ആലപിക്കാത്ത ദിവസങ്ങളില്ല, ശ്രീകൃഷ്ണദാസ് ചൂണ്ടിക്കാട്ടി.

ജനകീയ ശാസ്ത്രജ്ഞയും പാലക്കാട് ഐ.ആർ.റ്റി.സി.യുടെ സാരഥികളിൽ ഒരാളുമായ ഡോ. ലളിതാംബിക 'സ്ത്രീ ശാക്തീകരണം' എന്ന വിഷയത്തെക്കുറിച്ച് പ്രഭാഷണം നടത്തി. സോപ്പ് നിർമ്മാണം, കൂൺ കൃഷി, മൺകുടങ്ങൾ ആധാരമാക്കി വർണ്ണഭംഗിയുള്ള പിക്ചർ പ്രിന്റിംഗ്, പച്ചക്കറി കൃഷി, മാലിന്യങ്ങൾ ഉപയോഗിച്ച് ഗ്യാസ് നിർമ്മിക്കൽ, വളനിർമ്മാണം എന്നീ വിഷയങ്ങളെക്കുറിച്ച് അവർ സുദീർഘമായി സംസാരിച്ചു. കുറഞ്ഞ മൂലധനം കൊണ്ട് നിത്യോപയോഗമായ വസ്തുക്കൾ എങ്ങിനെ ലാഭകരമായി വീടുകളിൽ തന്നെ നിർമ്മിക്കാമെന്ന് അവർ വിസ്തരിച്ച് പ്രതിപാദിച്ചു.

തുടർന്ന് പാട്ട്, കവിത, കവിതാപാരായണം, ഡാൻസ്, സ്കിറ്റ് മുതലായ പരിപാടികൾ അവതരിപ്പിച്ചുകൊണ്ട് കുട്ടികൾ അംഗങ്ങളെ ആഹ്ലാദഭരിതരാക്കി.

**2. ചിട്ടി/പച്ചക്കറികൃഷി**

അംഗങ്ങളുടെ പ്രതിമാസ ചിട്ടി വിജയകരമായി തുടർന്നുകൊണ്ടുപോകുന്നു.

കഴിഞ്ഞവർഷം ആരംഭിച്ച പച്ചക്കറി കൃഷി പ്രോത്സാഹനപദ്ധതി ഈ വർഷവും തുടരാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

## ചാലക്കുടി

25.12.11ന് ചാലക്കുടി തെക്കെമഠത്തിൽ വെച്ചു ചാലക്കുടി സഭയുടെ 2010-11ലെ വാർഷിക ജനറൽ ബോഡി യോഗം നടന്നു. റ്റി. കെ. രാമവർമ്മ (അനിയമ്മാവൻ) ഭദ്രദീപം കൊളുത്തി യോഗം ഉത്ഘാടനം ചെയ്തു. പ്രസിഡന്റ് റ്റി. കെ. കേരളവർമ്മയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി ഗോദവർമ്മ 2010-11 ലെ പ്രവർത്തനറിപ്പോർട്ടും ട്രഷറർക്കുവേണ്ടി 2010-11ലെ വരവ്-ചെലവ് കണക്കും അവതരിപ്പിച്ചു. സഭാപ്രവർത്തനങ്ങളിൽ അംഗങ്ങൾക്കുള്ള വിമുഖത സെക്രട്ടറി എടുത്തു പറഞ്ഞു. യോഗത്തിൽ സന്നിഹിതരായ മുതിർന്ന നാലു അംഗങ്ങളെ ആദരിച്ചു. 2011ലെ തൃശൂർ റവന്യൂ ജില്ലാകലോത്സവത്തിൽ പ്രശസ്തവിജയം വരിച്ച താഴെപ്പറയുന്ന കൊച്ചുമിടുക്കികളെ യോഗം അനുമോദിച്ചു.

കുമാരി തേജസ്വിവർമ്മ, D/o. രാംകുമാർ വർമ്മ, കൊട്ടാരത്തിൽ മഠം, ചാലക്കുടി.

2. കുമാരി പ്രീതിവർമ്മ D/o.മഹേഷ് കുമാർ, കൊട്ടാരത്തിൽ മഠം, ചാലക്കുടി.

3. കുമാരി മീനാക്ഷി D/o. ആർ. കൃഷ്ണകുമാർ, ലായത്തിൽ മഠം, ചാലക്കുടി.

മധ്യമേഖലാപ്രവർത്തനങ്ങൾ കാര്യമായി നടന്നു കാണാത്തതിൽ അംഗങ്ങൾ ഖേദം പ്രകടിപ്പിച്ചു. ഈ മേഖലയുടെ കീഴിൽ ഉള്ള യൂണിറ്റുകളെ ഏകോപിപ്പിച്ച് പ്രവർത്തനം വിപുലപ്പെടുത്തണമെന്ന നിർദ്ദേശം യോഗം അംഗീകരിച്ചു.

2009-10 ൽ $x^{th}$ സ്റ്റാൻഡേർഡിൽ പ്രശസ്തവിജയം വരിച്ച കുമാരിമാർ മീനാക്ഷിയ്ക്കും മേധയ്ക്കും തെക്കേമഠത്തിൽ സുശീലാവർമ്മയുടെ പേരിലുള്ള എൻഡോവ്മെന്റിൽ നിന്നും പാരിതോഷികങ്ങൾ നൽകി. കൊച്ചു മിടുക്കികൾ അവതരിപ്പിച്ച കലാപരിപാടികൾക്കു ശേഷം ഉച്ച ഊണിനുശേഷം യോഗം അവസാനിച്ചു.

## നീലേശ്വരം

സഭയുടെ നേതൃത്വത്തിൽ നീലേശ്വരം രാജവംശത്തിന്റെ ഒരു കുടുംബയോഗം 2012ൽ വിപുലമായി നടത്താൻ തീരുമാനിച്ചു.

## വെള്ളാരപ്പിള്ളി ക്ഷത്രിയസഭ

ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലായി ഭരണസമിതി യോഗങ്ങൾ നടന്നു.

2012 ജനുവരി 8-ാം തീയതി കോയിയ്ക്കൽ ക്ഷേത്ര ആഡിറ്റോറിയത്തിൽ വച്ച് തിരുവാതിര ആഘോഷം ഭംഗിയായി നടത്തുവാനും 2012 മേയ് 5,6 തീയതികളിൽ വയനാടിലേക്ക് ഒരു വിനോദയാത്ര നടത്തുവാനും തീരുമാനിച്ചു.

# സാംസ്കാരികം

### പി.കെ. നന്ദനവർമ്മയുടെ ഗ്രന്ഥങ്ങൾ പ്രകാശിപ്പിച്ചു.

പി.കെ. നന്ദനവർമ്മ രചിച്ച 'അപരിചിതന്റെ അനുജത്തി' എന്ന കഥാസമാഹാരത്തിന്റെയും 'വാനമ്പാടി, 'മരമൊരു വരം' എന്നീ കവിതാസമാഹാരങ്ങളുടെയും പ്രകാശനകർമ്മവും, അദ്ദേഹം സംവിധാനം ചെയ്ത 'പരിവർത്തനം' 'വിശ്വാസം' എന്നീ രണ്ടു ലഘുചലച്ചിത്രങ്ങളുടെ പ്രദർശനോത്ഘാടനവും വടക്കൻ പറവൂരിലെ ദക്ഷിണമൂകാംബികാ സരസ്വതീ മണ്ഡപത്തിൽ വെച്ച് 2011 ഡിസംബർ 11ന് നടന്നു. കഥാസമാഹാരം ശ്രീ.കെ.എൽ. മോഹനവർമ്മ,ശ്രീ.എൻ.എം.പിയേർസണ് നൽകി പ്രകാശിപ്പിച്ചു. കവിതാസമാഹാരങ്ങൾ ശ്രീ.സിപ്പി പള്ളിപ്പുറം പ്രൊഫ. ഇ. മുകുന്ദനും ശ്രീമതി വത്സലാ പ്രസന്നകുമാറിനും നൽകി പ്രകാശനം ചെയ്തു. ലഘു ചലച്ചിത്രങ്ങളുടെ പ്രദർശനം ശ്രീ.കെ.എൽ. ശ്രീകൃഷ്ണദാസ് ഉദ്ഘാടനം ചെയ്തു. ശ്രീ.ജോർജ് വർക്കി അദ്ധ്യക്ഷനായ ചടങ്ങിൽ ശ്രീ നൂറനാട് മോഹൻ, ശ്രീ. രാജാ ശ്രീകുമാർ വർമ്മ, ശ്രീമതി അംബികാ വിശ്വനാഥ് എന്നിവർ സംസാരിച്ചു. ശ്രീ.പി.കെ. നന്ദനവർമ്മയുടെ മറുപടി പ്രസംഗത്തിനു ശേഷം ശ്രീ.രമേഷ് സദാശിവ, രുദ്ര, ഭദ്ര എന്നിവർ അവതരിപ്പിച്ച ചൊൽക്കാഴ്ചയും ഉണ്ടായിരുന്നു. യോഗത്തിലുടനീളം സാഹിത്യ പ്രേമികളുടെ ഒരു വലിയ സദസ്സ് സംബന്ധിച്ചിരുന്നു.

### അമ്പലപ്പുഴ രാമവർമ്മയുടെ ആത്മകഥ പ്രകാശിപ്പിച്ചു

പ്രൊഫ. അമ്പലപ്പുഴ രാമവർമ്മയുടെ ആത്മകഥയായ 'സ്മൃതിമണ്ഡപം' എന്ന പുസ്തകത്തിന്റെ പ്രകാശനം 2011 ഡിസംബർ 10ന് കോട്ടയം സി.എം.എസ്. കോളേജിലെ ഗ്രേറ്റ് ഹാളിൽ നടന്നു. പ്രകാശനച്ചടങ്ങിൽ കേരളാ റവന്യൂ വകുപ്പുമന്ത്രി ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. കേരളാ ധനകാര്യ വകുപ്പുമന്ത്രി ശ്രീ.കെ.എം. മാണി യോഗം ഉദ്ഘാടനം ചെയ്തു. സുപ്രീംകോടതി റിട്ടയേർഡ് ജസ്റ്റിസ് കെ. ടി. തോമസ് പുസ്തകത്തിന്റെ ആദ്യപ്രതി സി.എം.എസ്. കോളേജ് പ്രിൻസിപ്പൽ ശ്രീ.കോര മാണിക്കു നൽകിക്കൊണ്ട് പ്രകാശനകർമ്മം നിർവ്വഹിച്ചു. കോട്ടയം മുനിസിപ്പൽ ചെയർമാൻ ശ്രീ.സണ്ണി കല്ലൂർ പ്രൊഫസർ അമ്പലപ്പുഴ രാമവർമ്മയ്ക്ക് ഉപഹാരം സമർപ്പിക്കുകയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രാധാ വി. നായർ പൊന്നാട അണിയിക്കുകയും ചെയ്തു. അഭിവന്ദ്യ പുണ്യാത്മാ ബിഷപ്പ് ജോസഫ് മാർ ബർണ്ണബാസ് ആശീർവദിച്ചു. ശ്രീ.കെ.ആർ. അരവിന്ദാക്ഷൻ, ഡോ. പി.ഇ. തോമസ്, ശ്രീ.പ്രേം പ്രകാശ്, ശ്രീ.കെ.എൽ.ശ്രീകൃഷ്ണദാസ്, ശ്രീ.ഗോപി കൊടുങ്ങല്ലൂർ, ശ്രീമതി ബി. സരസ്വതി എന്നിവർ ആശംസകൾ അർപ്പിച്ചു. ശ്രീ.രാജാശ്രീകുമാർ വർമ്മ സ്വാഗതം ആശംസിക്കുകയും പുസ്തകം പരിചയപ്പെടുത്തുകയും ചെയ്തു. ശ്രീ.കുറിച്ചി സദൻ നന്ദി പ്രകാശിപ്പിച്ചു. കുമാരി വി. മീനാക്ഷിയുടെ പ്രാർത്ഥനാലാപനത്തോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. പ്രൊഫ. അമ്പലപ്പുഴ രാമവർമ്മയുടെ ആരാധകരും ശിഷ്യരുമടങ്ങുന്ന ഒരു വലിയ സദസ്സ് ചടങ്ങിൽ സംബന്ധിച്ചു.

### സീനിയർ ഫെലോഷിപ്പ്



ഇൻഡോളജി (Indology) യുടെ നൂതന മേഖലകളിലെ പഠനങ്ങൾക്കായി ചിറക്കൽ കോവിലകം കുടുംബാംഗമായ സി.കെ. കേരളവർമ്മ (കൊച്ചു കേരളൻ) കേന്ദ്ര സാംസ്ക്കാരിക വകുപ്പിന്റെ സീനിയർ ഫെലോഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ടു. കോവിലകം വക 39 പുരാതന ക്ഷേത്രങ്ങളുടെ ചരിത്രവും സാമൂഹിക പ്രസക്തിയും പഠനവിഷയമാക്കാനാണ് രണ്ടു വർഷത്തേക്കുള്ള ഫെലോഷിപ്പ്.

ചിറക്കൽ കിഴക്കേ കോവിലകത്ത് പരേതയായ കാർത്തികനാൾ കുഞ്ഞാണ്ടിക്കുട്ടിത്തമ്പുരാട്ടിയുടേയും ബേപ്പൂർ പുതിയ കോവിലകത്ത് പരേതനായ പി. സി. കേരളവർമ്മ രാജയുടെയും പുത്രനാണ് കൊച്ചു കേരളൻ.

### സിന്ധുജാവർമ്മയ്ക്ക് വനിതാ ലീഡർ അവാർഡ്




ഇംഗ്ലണ്ട് ആസ്ഥാനമായുള്ള ഗ്ലോബൽ ബിസിനസ്സ് ഇൻഫർമേഷൻ സംഘടിപ്പിച്ച '2011ലെ ഇന്ത്യയിലെ വനിതാലീഡർമാർ (Women Leaders in India Award-2011) അവാർഡ്' തിരുവനന്തപുരത്ത് ടെക്നോപാർക്കിൽ അലിയാൻസിൽ

(Allianz ) എച്ച്.ആർ.ഡി. സീനിയർ മാനേജരായി ജോലി ചെയ്യുന്ന സിന്ധുജാ വർമ്മയ്ക്ക് ലഭിച്ചു. ഡിസംബർ ആദ്യം മുംബൈയിലെ ഹോട്ടൽ താജ് പാലസിൽ ഗ്ലോബൽ ബിസിനസ്സ് ഇൻഫർമേഷനും എൻ.ഡി.റ്റി.വി. പ്രോഫിറ്റും സംയുക്തമായി സംഘടിപ്പിച്ച ചടങ്ങിലാണ് അവാർഡ് സമ്മാനിച്ചത്. ഇന്ത്യയിലെ പ്രമുഖ ബിസിനസ്സ് സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഇരുന്നൂറിലേറെ എൻട്രികളിൽ നിന്നും എൻ.ഡി.റ്റി.വി. ഷോർട്ട് ലിസ്റ്റ് ചെയ്ത അഞ്ചു പേരുകളിൽ നിന്നുമാണ് സിന്ധുജയെ തിരഞ്ഞെടുത്തത്. അനന്തപുരത്തു കൊട്ടാരത്തിൽ ആർ. രവിവർമ്മയുടെയും (റിട്ട. അഡീഷണൽ സെക്രട്ടറി, കേരള സർക്കാർ) കാവാലത്ത് ചാലയിൽ സരസ്വതി വർമ്മയുടെയും മകളാണ് സിന്ധുജ.

### ചിത്രാവർമ്മയ്ക്ക് വെങ്കല മെഡൽ



മുംബൈ യൂണിവേഴ്സിറ്റി 2011ൽ നടത്തിയ ബി.എം. പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് കരസ്ഥമാക്കിയതിന് കുമാരി ചിത്രാ അജിതൻ വർമ്മയ്ക്ക് മുംബൈ യൂണിവേഴ്സിറ്റിയുടെ ഡോ. രംഗ്നേക്കർ സ്മാരക വെങ്കല മെഡലും മെരിറ്റ് സർട്ടിഫിക്കറ്റും ലഭിച്ചു. നവംബർ 27ന് നവിമുംബൈയിലെ NCRD യുടെ Sterling Institute of pharmarcy യിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ രാജൻ വെല്ലൂക്കറിൽ നിന്നും ചിത്ര അവാർഡ് ഏറ്റുവാങ്ങി. കൃഷ്ണപുരം അരത്താലിൽ കോവിലകത്ത് ജയശ്രീ വർമ്മയുടെയും തിരൂർ പെരുന്തുരുത്തി കോവിലകത്ത് അജിതൻ വർമ്മയുടെയും മകളാണ്.

### തുഞ്ചൻ സ്മാരക സമിതി പുരസ്കാരം രാമൻ നമ്പ്യാർക്ക്

കേരളീയ സംഗീതപാരമ്പര്യ പ്രോത്സാഹനത്തിനുവേണ്ടി അന്താരാഷ്ട്രതലത്തിൽ പ്രവർത്തിച്ചുവരുന്ന സംസ്കൃതി എന്ന സംഘടനയുടെയും ഐരാണിമുട്ടം തുഞ്ചൻ സ്മാരക സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ കേരളീയാനുഷ്ഠാനകലകളായ അയ്യപ്പൻതിയ്യാട്ടും തായമ്പകയും തുഞ്ചൻ സ്മാരകമണ്ഡപത്തിൽ 2011 നവംബർ 19 ശനിയാഴ്ച അരങ്ങേറി. തുഞ്ചൻ സ്മാരക സമിതിയുടെ ആദ്യത്തെ അനുഷ്ഠാനകലാരത്നപുരസ്കാരം (11,111 രൂപ, കീർത്തിപത്രം, സ്മാരകശിൽപം) തദവസരത്തിൽ മുളംകുന്നത്തു കാവു തിയ്യാടി രാമൻ നമ്പ്യാർക്കു സമർപ്പിച്ചു. വിശിഷ്ട വ്യക്തികളും തുഞ്ചൻ സ്മാരകസമിതി, സംസ്കൃതി, വിവേകാനന്ദ സാംസ്കാരിക കേന്ദ്രം, ദൃശ്യവേദി, മാർഗി, ബൃഹത് സംഗീതകേന്ദ്രം തുടങ്ങിയ സാംസ്കാരിക സംഘടനകളുടെ പ്രതിനിധികളും രാമൻനമ്പ്യാരെ പൊന്നാട അണിയിച്ചു.

### ടു.ജി. സ്പെക്ട്രം കേസ് – പി. ആർ. പി. വർമ്മയ്ക്ക് അവാർഡ്

വിവാദങ്ങൾ സൃഷ്ടിച്ച ടു-ജി. സ്പെക്ട്രം കേസിൽ അഴിമതിയുടെ വിശദ വിവരങ്ങൾ ആഡിറ്റിലൂടെ കണ്ടുപിടിച്ച് പുറത്തുകൊണ്ടുവന്നതിന് ന്യൂഡൽഹിയിൽ പി.ആൻഡ്.റ്റി. ആഡിറ്റിൽ ആഡിറ്റ് ആഫീസറായ പള്ളത്തു കൊട്ടാരത്തിൽ പ്രതാപവർമ്മ എന്ന പി. ആർ.പി. വർമ്മയ്ക്ക് കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലിന്റെ പ്രശസ്തി പത്രവും മെഡലും കാഷ് അവാർഡും ലഭിച്ചു. നവംബർ പത്തിന് ന്യൂഡൽഹിയിലെ തൽക്കോത്രാ സ്റ്റേഡിയത്തിൽ വച്ച് നടന്ന ചടങ്ങിൽ സി.ആൻഡ് എ.ജി.യിൽ നിന്നും ഇരുപത്തി അയ്യായിരം രൂപാ കാഷ് അവാർഡും പ്രശസ്തിപത്രവും മെഡലും പ്രതാപൻ ഏറ്റുവാങ്ങി. പൂഞ്ഞാർ പാലസിൽ പരേതനായ രാമവർമ്മരാജയുടെയും പള്ളത്ത് പടിഞ്ഞാറെ കൊട്ടാരത്തിൽ രുഗ്മിണി രാജയുടെയും മകനാണ് പ്രതാപൻ.

### തിരുവാതിരനാൾ ഹരിവർമ്മ പന്തളം രാജപ്രതിനിധി



പന്തളത്തുനിന്ന് ശബരിമലയിലേക്ക് തിരിക്കുന്ന തിരുവാഭരണ ഘോഷയാത്രയെ തിരുവാതിരനാൾ ഹരിവർമ്മ നയിക്കും. പന്തളം വലിയ തമ്പുരാന്റെ പ്രതിനിധിയായിട്ടാണ് ഹരിവർമ്മ മല ചവിട്ടുന്നത്. പന്തളം കൊട്ടാരം കുടുംബാംഗം കൈപ്പുഴ നെയ്തല്ലൂർ കോയിക്കൽ കൊട്ടാരത്തിൽ മൂലം നാൾ തമ്പംഗി തമ്പുരാട്ടിയുടെയും കോട്ടയം കൊഴിപ്പുറത്തില്ലത്ത് നീലകണ്ഠൻ നമ്പൂതിരിയുടെയും മകനാണ് ഹരിവർമ്മ. ബാംഗ്ലൂർ ജലഹള്ളിയിൽ സന്തോഷ് നഗറിൽ 'ആതിര'യിൽ താമസിക്കുന്ന അദ്ദേഹം പിനീയത്രിവേണി എൻജിനീയറിംഗ് ലിമിറ്റഡിൽ 38 വർഷത്തെ സേവനത്തിനുശേഷം വിരമിച്ചു. കിളിമാനൂർ കൊട്ടാരത്തിൽ പദ്മവർമ്മയാണ് ഭാര്യ. മക്കൾ: മഹേഷ് വർമ്മ (സോഫ്ട് വെയർ എൻജിനീയർ നോക്കിയ സീമെൻസ്)രമ്യ വർമ്മ. രാജപ്രതിനിധി കളഭവും ഗുരുതിയും കഴിഞ്ഞ് നടയടച്ചശേഷം ജനുവരി 24ന് തിരുവാഭരണങ്ങളുമായി മടങ്ങിയെത്തും.

## സിനിമ

### 'ഡോക്ടർ ഇന്നസെന്റ് ആണ് '

അജ്മൽ കഥയും തിരക്കഥയും എഴുതി സംവിധാനം ചെയ്ത കുടുംബ ഹാസ്യചിത്രം 'ഡോ. ഇന്നസെന്റാണ്' ഉടൻ തീയേറ്ററുകളിൽ എത്തും. ഇന്നസെന്റ്, സോനാനായർ, സുകുമാരി, ലെന, കോട്ടയം നസീർ, ജഗതി ശ്രീകുമാർ, സുരാജ് വെഞ്ഞാറമൂട്, ഹരിശ്രീ അശോകൻ, ജാഫർ ഇടുക്കി, കലിംഗ ശശി, സുരേന്ദ്രൻ മുതലായവർ വേഷമിടുന്ന ചിത്രത്തിന് ഗാനങ്ങൾ രചിച്ചിട്ടുള്ളത് റഫീക് അഹമ്മദും സന്തോഷ് വർമ്മയുമാണ്. സംഗീത സംവിധാനവും സന്തോഷ് വർമ്മ തന്നെ നിർവഹിക്കുന്നു. പിന്നണി ഗായകർ: കെ.എസ്.ചിത്ര, ജയചന്ദ്രൻ

എന്നിവരാണ്. ചേർത്തല പുത്തൻ കോവിലകത്ത് കുടുംബാംഗം ശശീന്ദ്ര വർമ്മ (പി.കെ.എസ്. വർമ്മ) യുടെ നാലാമത്തെ ചിത്രമാണ്. 'ഡോ. ഇന്നസെന്റാണ്' വെല്ലുവിളികൾ ഏറെയുള്ള ചലച്ചിത്ര നിർമ്മാണമേഖലയിൽ നമ്മുടെയിടയിൽ നിന്നും ഏതാണ്ട് ആദ്യമായി കടന്നുവന്ന ഈ യുവാവിന്റെ ധീരതയും ആത്മവിശ്വാസവും പ്രശംസനീയമാണ്. ബാംഗ്ലൂരിലെ ക്ഷത്രിയ സമാജം സംഗമത്തിന്റെ സാരഥി കൂടിയാണ് ശശീന്ദ്രവർമ്മ.

**മാവേലിക്കര പ്രഭാകരവർമ്മ അനുസ്മരണം**

പ്രശസ്ത കർണ്ണാടക സംഗീതജ്ഞൻ പ്രൊഫ. മാവേലിക്കര പ്രഭാകരവർമ്മയുടെ മൂന്നാം ചരമവാർഷികത്തോടനുബന്ധിച്ച് ബന്ധുമിത്രാദികളുടെ നേതൃത്വത്തിൽ സ്വന്തം നാടായ മാവേലിക്കരയിൽ ഉചിതമായ അനുസ്മരണ സമ്മേളനം സംഘടിപ്പിച്ചു. നവംബർ 13ന് മാവേലിക്കര വലിയ കൊട്ടാര നടപ്പുരയിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ ബ്രിഗേഡിയർ (റിട്ട.) എൻ. നന്ദകുമാര വർമ്മ ആദ്ധ്യക്ഷം വഹിച്ചു. റിട്ട. പ്രസ് ഇൻഫർമേഷൻ ബ്യൂറോ ഡയറക്ടറും കവിയും ഗാനരചയിതാവും ടി.വി. സീരിയൽ സംവിധായകനുമായ കെ.എൽ. ശ്രീകൃഷ്ണദാസ് അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. പ്രൊഫ. (റിട്ട.) അനന്തശിവയ്യർ, ശ്രീധരൻപിള്ള (ഗവ. ഹൈസ്കൂൾ റിട്ട.) മുരളീധര കൈമൾ എന്നിവർ അനുസ്മരണ പ്രഭാഷണം നടത്തി. ശ്രീ. ആർ.കെ. വർമ്മ (റിട്ട. മാനേജർ, ആർ.ആർ. വി.എച്ച്.എസ്. കിളിമാനൂർ) സ്വാഗതവും രമേശ് വർമ്മ നന്ദിയും പറഞ്ഞു. തുടർന്ന് പെപ്പയണ്ണന്റെ ശിഷ്യൻ ചേപ്പാട് വാമനൻ നമ്പൂതിരിയുടെ സംഗീതകച്ചേരിയായിരുന്നു. ചേപ്പാട് കൃഷ്ണൻ നമ്പൂതിരി മൃദംഗം വായിച്ചു. രണ്ടുപേരും കാഞ്ചികാമകോടി പീഠം ആസ്ഥാനവിദ്വാന്മാരാണ്. എസ്. ഈശ്വരവർമ്മ വയലിനും അഞ്ചൽ കൃഷ്ണയ്യർ ഘടവും വായിച്ചു. തലേദിവസം (നവംബർ 12) രാവിലെ മുതൽ വൈകുന്നേരം വരെ പ്രഭാകരവർമ്മ മെമ്മോറിയൽ സംഗീതവിദ്യാലയത്തിലെ വിദ്യാർത്ഥികളും പെപ്പയണ്ണന്റെ പൂർവ്വകാലശിഷ്യരുമറ്റ് വിദ്യാർത്ഥികളും ചേർന്നവതരിപ്പിച്ച സംഗീതാരാധനയും ഉണ്ടായിരുന്നു.

## കുടുംബവിശേഷങ്ങൾ

### വിവാഹിതരായി

**സുജ – ഉണ്ണിക്കൃഷ്ണൻ**

ക്ഷത്രിയ ക്ഷേമസഭ - കരിവെള്ളൂർ യൂണിറ്റ് അംഗം സി.കെ. വേലായുധ വർമ്മയുടെയും ശ്രീമതി എൻ.കെ. ശാന്ത കുമാരിയുടെയും മകൾ കുമാരി സുജയും ശ്രീകണ്ഠപുരം എള്ളരിഞ്ഞിയിൽ കെ.ഇ. കുഞ്ഞപ്പന്റെയും സരസ്വതിയുടെയും മകൻ ഉണ്ണിക്കൃഷ്ണനും തമ്മിലുള്ള വിവാഹം 26-12-2011ന് കരിവെള്ളൂർ വി.വി.എസ്. ഓഡിറ്റോറിയത്തിൽ വെച്ച് സമംഗളം നടന്നു.

**അനുപമ വർമ്മ – ജയറാം വർമ്മ**

ചിറക്കൽ കോവിലകത്ത് ഗിരിജാ നിവാസിൽ ഗിരിജാവർമ്മയുടെയും തൃപ്പൂണിത്തുറ അഞ്ചേരിമഠത്തിൽ അശോക വർമ്മയുടേയും മകൾ അനുപമ വർമ്മയും ചാലക്കുടിയിൽ കൊട്ടാരത്തിൽ മഠത്തിൽ ബാലരാമവർമ്മയുടെയും കോതംഗലത്ത് മഠത്തിൽ (തൃപ്പൂണിത്തുറ) ലളിതാ വർമ്മയുടെയും മകൻ ജയറാം വർമ്മയും തമ്മിലുള്ള വിവാഹം 2011 നവംബർ 13-ാം തീയതി ഗുരുവായൂർ പൂന്താനം ആഡിറ്റോറിയത്തിൽ വെച്ച് നടന്നു.

**കൃഷ്ണവർമ്മരാജ – സ്മിത**

നീലേശ്വരം തെക്കേകോവിലകത്ത് പരേതരായ ടി.സി. ഉൽപ്പലാക്ഷിതമ്പുരാട്ടിയുടെയും ഒ.ഇ. വാസുദേവൻ നമ്പൂതിരിയുടെയും മകൻ കൃഷ്ണവർമ്മരാജയും തൃശൂർ അമ്പലപുറത്ത് ചെങ്ങേത്തു മഠത്തിൽ ചന്ദ്രിക - ഉണ്ണിക്കൃഷ്ണൻ നമ്പിടിയുടെ മകൾ സ്മിതയും തമ്മിലുള്ള വിവാഹം തൃശൂർ കുട്ടംകുളങ്ങര മഹാവിഷ്ണു ക്ഷേത്രത്തിൽ വെച്ച് നടന്നു.

**സന്ദർശനം**

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ യൂണിറ്റ് സെക്രട്ടറി അഡ്വ. വി.എം. കൃഷ്ണകുമാറിന്റെ നേതൃത്വത്തിൽ മുപ്പത്തിഅഞ്ച് അംഗങ്ങൾ ജൈവസമ്പത്തുകളുടെ ആവാസകേന്ദ്രമായ 'മാടായിപ്പാറ' സന്ദർശിക്കുകയും ജൈവസമ്പത്തുക്കളുടെ നശീകരണ പ്രവർത്തനങ്ങൾക്കെതിരെ നടന്നുവരുന്ന സമരപരിപാടികൾക്ക് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും ചെയ്തു.

**80 –ാം പിറന്നാൾ**



ബേപ്പൂർ പുതിയ കോവിലകത്തെ വലിയ തമ്പുരാട്ടി പി. സി. പ്രഭ തമ്പുരാട്ടിയുടെ 80-ാം പിറന്നാൾ 2012, ജനുവരി മാസം 1-ാം തീയതി (1187 ധനു 16) ഞായറാഴ്ച പുതിയ കോവിലകത്തു വെച്ച് ആഘോഷിച്ചു.

അന്നേദിവസം രാവിലെ ബേപ്പൂർ ക്ലസ്റ്റർ യൂണിറ്റിന്റെ വകയായി നാമജപവും, പശുദാനവും തുടർന്ന് ശ്രീ. ശങ്കരൻ നമ്പൂതിരിയുടെ മതപ്രഭാഷണവും നടന്നു. ബേപ്പൂർ ക്ഷത്രിയ കുടുംബാംഗങ്ങൾ എല്ലാവരും ഒത്തുചേർന്ന് പിറന്നാൾ വിപുലമായി ആഘോഷിച്ചു.

**ഉണ്ണി പിറന്നു**

ചിറക്കൽ കോവിലകത്ത് ഗിരിജാനിവാസിൽ പ്രവീൺവർമ്മ - സ്മിത ദമ്പതികൾക്ക്22-8-11ന് (ചിങ്ങമാസം കാർത്തിക നക്ഷത്രത്തിൽ) ഒരു ആൺകുഞ്ഞ് ജനിച്ചു.

ചിറക്കൽ പടിഞ്ഞാറെ കോവിലകത്ത് സുഭാഷ് രാജ് വർമ്മ (രാജു) - സൻജു ദമ്പതികൾക്ക് 26-9-11ന് കന്നിമാസം - പൂരം നക്ഷത്രം ഒരു പെൺകുഞ്ഞ് ജനിച്ചു.

ചിറക്കൽ കോവിലകത്ത് പുതിയ കൊട്ടാരത്തിൽ രാജശ്രീ - അനിലൻ ദമ്പതികൾക്ക് 28-8-2011ന് (ചിങ്ങമാസത്തിൽ ആയില്യം നക്ഷത്രം) ഒരു പെൺകുഞ്ഞ് ജനിച്ചു.

**പുലമുറിക്കൽ ചടങ്ങ്**

കേരള വൈദിക പരിഷത്തിന്റെയും ശിവദ്വിജസേവാസമിതിയുടേയും സംയുക്താഭിമുഖ്യത്തിൽ 2011 ആഗസ്റ്റ് 15ന് എറണാകുളത്ത് ശ്രീശങ്കരാഹാളിൽ വച്ച് ശിവദ്വിജരിൽ ഏതാനും കുടുംബങ്ങൾ തമ്മിലുള്ള പുലമുറിക്കൽ ചടങ്ങ് നടത്തി.

കേരള വൈദിക പരിഷത്ത് ജനറൽ സെക്രട്ടറി ഇ.എൻ. കൃഷ്ണൻ നമ്പൂതിരി, ശിവദ്വിജ സേവാസമിതി ജനറൽ സെക്രട്ടറി കെ. ബി.എൻ. മൂസ്സത് തുടങ്ങിയവർ പങ്കെടുത്തു.

## ചരമം

### എൻ.പി. ശങ്കരൻ ഉണിത്തിരി



ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗവും സമുദായത്തിലെ ഏറ്റവും പ്രായം ചെന്ന കാരണവരുമായ നൂഞ്ഞിയിൽ പടിഞ്ഞാറെ മഠത്തിൽ ശങ്കരൻ ഉണിത്തിരി (91 വയസ്സ്) പരിയേരിക്കൊവ്വലിലുള്ള ഭവനത്തിൽ വെച്ച് 14.12.2011ന് ഇഹലോകവാസം വെടിഞ്ഞു. ഭാര്യ, മക്കൾ, ജീവിച്ചിരിപ്പില്ല. ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റിനുവേണ്ടി യൂണിറ്റ് പ്രസിഡന്റ് റീത്ത് സമർപ്പിച്ചു.

### കെ. സരസ്വതി ടീച്ചർ

ക്ഷത്രിയക്ഷേമസഭ സംസ്ഥാന വൈസ് പ്രസിഡന്റ് ടി.എം. ശ്രീകുമാരിന്റെ ഭാര്യാസഹോദരിയും ഇരിട്ടി കീഴൂർ വാഴുന്ന വേഴ്സി യു.പി. സ്കൂൾ റിട്ട. അദ്ധ്യാപികയുമായ കെ. സരസ്വതിടീച്ചർ (65) ഡിസംബർ 26ന് നിര്യാതയായി. ഭർത്താവ് പരേതനായ പങ്കജാക്ഷൻ നെടുങ്ങാടി (റിട്ട.സഹകരണ ജോയിന്റ് രജിസ്ട്രാർ) മക്കൾ: സോമശേഖരൻ, ശ്യാമശേഖരൻ, ജയശേഖരൻ (എല്ലാവരും ബാംഗ്ലൂർ), മരുമക്കൾ: കനക (വലിയന്നൂർ), സുപ്രഭ (മംഗലാപുരം),

### കൊച്ചനുജൻ തിരുമുൽപ്പാട് (95)



തൃപ്പൂണിത്തുറ വടക്കേ കോട്ടവാതിൽ കുറുമല കോയിക്കൽ കൊച്ചനുജൻ തിരുമുൽപ്പാട് ജനുവരി 1-ാം തീയതി 2.30ന് നിര്യാതനായി. സംസ്കൃതപണ്ഡിതനായ അദ്ദേഹം തൃപ്പൂണിത്തുറ സംസ്കൃതസ്കൂളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. രത്നം നമ്പിഷ്ടാതിരി (കോതമംഗലത്ത് മഠം) ആണ് ഭാര്യ. പരേതനായ രാമചന്ദ്രവർമ്മ, ശ്രീദേവിവർമ്മ, അംബികാവർമ്മ, ദാമോദര വർമ്മ, പരേതയായ മാലിനിവർമ്മ എന്നിവർ മക്കളാണ്. ആശാവർമ്മ, മാർത്താണ്ഡവർമ്മ, ഡോ. ഉദയവർമ്മ, രമാവർമ്മ (അമ്പിളി) എന്നിവർ മരുമക്കളാണ്.

### കുഞ്ചുകുട്ടി തമ്പുരാട്ടി

വെള്ളാങ്ങല്ലൂർ മഠത്തിൽ കോവിലകത്ത് കുഞ്ചു കുട്ടിതമ്പുരാട്ടി (87) ഒക്ടോബർ 20ന് നിര്യാതയായി. ഭർത്താവ് പുത്തൻചിറ ആലക്കാട്ട് മനയ്ക്കൽ നാരായണൻ നമ്പൂതിരി. മക്കൾ അമൃതകുമാരി, അന്തരിച്ച വിമലാദേവി, രവിരാജൻ, രാഗിണി. മരുമക്കൾ: അന്തരിച്ച അനിയൻ തമ്പാൻ (ചാഴൂർ കോവിലകം) രാഘവവർമ്മ (ബേപ്പൂർ കോവിലകം), സുജാത (പുന്നത്തൂർ കോവിലകം) ശശീന്ദ്രവർമ്മ (ചേർത്തല).

### ഗിരിജ തമ്പുരാട്ടി

കൊടുങ്ങല്ലൂർ ചിറയ്ക്കൽ കോവിലകത്ത് ഗിരിജ തമ്പുരാട്ടി (79) ഡിസംബർ 20-ാം തീയതി നിര്യാതയായി. ഭർത്താവ്: പന്തളം വലിയ കോയിക്കൽ പരേതനായ രാമവർമ്മ (ജനയുഗം) മക്കൾ: സന്തോഷ്, സലിൽ. മരുമക്കൾ: കരീന, ലതിക.

### കെ.സി. കൃഷ്ണവർമ്മരാജ



നീലേശ്വരം അള്ളട സ്വരൂപത്തിലെ കിണാവൂർ കോവിലകത്ത് കെ. സി. കൃഷ്ണവർമ്മരാജ (58) നവംബർ 13ന് അന്തരിച്ചു. ഇന്ത്യൻ ബാങ്ക് ഗുരുവായൂർ ശാഖയിൽ സീനിയർ മാനേജരായി ജോലി ചെയ്തു വരികയായിരുന്നു. കടത്തനാട് ആയഞ്ചേരി കോവിലകത്ത്പരേതനായ ശങ്കരവർമ്മരാജയുടെയും കിണാവൂർ കോവിലകത്ത് അന്തരിച്ച ഉമാമഹേശ്വരി തമ്പുരാട്ടിയുടെയും മകനാണ് കൃഷ്ണവർമ്മ. കടന്നമണ്ണ കോവിലകത്ത് രമാരാജയാണ് ഭാര്യ. രശ്മി, ശ്രീശങ്കർവർമ്മ എന്നിവർ മക്കളും കൃഷ്ണരാജ് മരുമകനുമാണ്.

ക്ഷത്രിയക്ഷേമസഭ മുൻ സംസ്ഥാന പ്രസിഡന്റ് കെ.സി. മാനവർമ്മരാജ ജ്യേഷ്ഠസഹോദരനാണ്.

### കെ. ഇന്ദുമതിക്കുട്ടി തമ്പാട്ടി

വൈക്കം കുന്നംപുറത്തു കോവിലകത്ത് കെ. ഇന്ദുമതിക്കുട്ടി തമ്പാട്ടി (74) ഒക്ടോബർ 27-ാംതീയതി തിരുവനന്തപുരത്ത് ശാസ്തമംഗലത്തുള്ള വസതിയിൽ നിര്യാതയായി. തിരുവനന്തപുരം കോട്ടൺഹിൽ സ്കൂൾ റിട്ടയേർഡ് അദ്ധ്യാപികയാണ്. ഭർത്താവ്: പരേതനായ വി. രവിവർമ്മൻ (ചാലക്കുടി) മക്കൾ: ആർ. രാമവർമ്മ (അശോകൻ), ആർ. രാജരാജവർമ്മ (രഘു)

### ഇന്ദുചൂഡവർമ്മ

തൃപ്പൂണിത്തുറ കണ്ണാടികോവിലകത്ത് ഇന്ദുചൂഡവർമ്മ(80) ഒക്ടോബർ 16-ാം തീയതി നിര്യാതനായി. ഭാര്യ: പന്തളം അറപ്പുര കൊട്ടാരത്തിൽ സുഭദ്രതമ്പുരാട്ടി. മക്കൾ: ശബരിഗിരീഷ് വർമ്മ, ഗിരിജവർമ്മ, ഗണേഷ് വർമ്മ, മരുമക്കൾ: ആശവർമ്മ, ജയചന്ദ്രവർമ്മ.

### തുളസീഭായിതമ്പുരാട്ടി



ചെന്നിത്തല നെട്ടവക്കാട്ട് കോവിലകത്ത് പരേതയായ അംബികാതമ്പുരാട്ടിയുടെ മകൾ പി.എ. തുളസീഭായി തമ്പുരാട്ടി (79) ഒക്ടോബർ 20ന് തിരുവനന്തപുരം ശ്രീകണ്ഠേശ്വരം SWARA-36ൽ നിര്യാതയായി. സഹോദരങ്ങൾ: അന്തരിച്ച എസ്. രവിവർമ്മ (റിട്ട.സെക്രട്ടറിയേറ്റ് ഉദ്യോഗസ്ഥൻ), എസ്. ഈശ്വരവർമ്മ (റിട്ട. പ്രൊഫ. സ്വാതിതിരുനാൾ സംഗീത കോളേജ്) എസ്. സരസ്വതീഭായി, എസ്. ഗിരിജാഭായി.

### രാമവർമ്മരാജ

മാവേലിക്കര പ്രായിക്കര കൊട്ടാരത്തിൽ രാമവർമ്മരാജ (75) ഡിസംബർ 14ന് നിര്യാതനായി. ഭാര്യ തൃപ്പൂണിത്തുറ പുറ

ത്തൂട്ടുമഠത്തിൽ തങ്കമണി വർമ്മ. മകൾ സന്ധ്യ. മരുമകൻ: മുരളീധര വർമ്മ.

**രാമവർമ്മ തമ്പുരാൻ**

തുളിശ്ശാല കോയിക്കൽ രാമവർമ്മ തമ്പുരാൻ (70) 5-12-2011ന് തൃപ്പൂണിത്തുറ കണ്ണങ്കുളങ്ങര കോതമംഗലത്തു മഠത്തിൽ നിര്യാതനായി. ഭാര്യ എഴുമറ്റൂർ ചെങ്ങഴശ്ശേരി കോയിക്കൽ അംബിക ക്കുട്ടി തമ്പുരാട്ടി മക്കൾ: ജയവർമ്മ (കൊച്ചിൻ റിഫൈനറി) മകൾ: സിന്ധുവർമ്മ (കെ.എസ്.എഫ്.ഇ) മരുമകൾ: പ്രിയാ വർമ്മ, രവിവർമ്മ.

**എം. കേരളവർമ്മരാജ**

മാവേലിക്കര മണ്ണൂർ എം. കേരളവർമ്മരാജ (95) 22-12-2011ൽ തൃപ്പൂണിത്തുറയിൽ നിര്യാതനായി. ഭാര്യ കിളിമാനൂർ കൊട്ടാരത്തിൽ പരേതയായ സുകുമാരി തമ്പുരാട്ടി. മകൾ: ഭാമാവർമ്മ, അന്തരിച്ച സുരേന്ദ്രവർമ്മ, പത്മാവർമ്മ, കെ.കെ. വർമ്മ (ധനലക്ഷ്മി ബാങ്ക് - പാലക്കാട്) മരുമക്കൾ: രാജാരവിവർമ്മ, പത്മാവർമ്മ, ആർ.ആർ. വർമ്മ, ഡോ. ഓമനാവർമ്മ.

**രമ രാമവർമ്മ**

വെള്ളാരപ്പിള്ളി കോയിക്കൽ മഠത്തിൽ ശ്രീ.കെ.എം. രാമവർമ്മയുടെ (വിജയൻ) സഹധർമ്മിണി രമ (എഴുമറ്റൂർ കോവിലകം) അന്തരിച്ചു. സ്മിത, അമൃത എന്നിവർ മക്കളാണ്. രാജേഷ് മരുമകൻ.

**ദേവി പ്രസാദ് വർമ്മ**



പൂഞ്ഞാർ കൊട്ടാരത്തിലെ ആർ. ദേവിപ്രസാദ് വർമ്മ (ഓമനക്കുട്ടൻ -75) ഡിസംബർ 20-ാം തീയതി നിര്യാതനായി. തിരുവിതാംകൂർ റീജന്റ് മഹാറാണി സേതുലക്ഷ്മിബായിയുടെ പൗത്രിയും പ്രസിദ്ധ ചിത്രകാരിയുമായ രുഗ്മിണിവർമ്മ യാണു ഭാര്യ. മക്കൾ: വേണുഗോപാൽവർമ്മ (ആസ്ത്രേലിയ), ജയ്ഗോപാൽ വർമ്മ (യു.എസ്.എ.), പരേതനായ രഞ്ജിത് വർമ്മ. മരുമകൾ: ലക്ഷ്മി (ആസ്ത്രേലിയ)

## ആഗസ്റ്റ് 14ന് ഇടപ്പള്ളിയിൽ ചേർന്ന സംസ്ഥാന സമ്മേളനത്തിലെ ചില ദൃശ്യങ്ങൾ





## മഹാന്മാരെ അനുസ്മരിക്കുക

ജനുവരിയിൽ ഡോ. കെ. ഗോദവർമ്മ മഹാകവി പന്തളം കേരളവർമ്മ എന്നിവർ ജനിച്ച മാസമാണ്. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ വിയോഗവും ഈ മാസമാണ്. ഫെബ്രുവരിയിലാണ് കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, എ.ആർ. രാജരാജവർമ്മ എന്നിവരുടെ ജന്മദിനം. വടക്കുംകൂർ രാജരാജവർമ്മയും എൽ.എ. രവിവർമ്മയും അന്തരിച്ചതും ഈ മാസമാണ്. മാർച്ചിലാകട്ടെ വയലാർ രമവർമ്മ, കെ.കെ. രാജ എന്നിവർ ജനിച്ച മാസമാണ്. മൺമറഞ്ഞ സഹിത്യ-സാംസ്കാരിക കായിക ശാസ്ത്ര പ്രതിഭകളെ ഓർമ്മിക്കുവാൻ കഴിയുന്നത്ര എല്ലാ യൂണിറ്റുകളും സമയം കണ്ടെത്തുമല്ലോ.

പ്രസിഡന്റ്, ക്ഷത്രിയക്ഷേമസഭ



ചാലക്കുടി കൊട്ടാരത്തുമഠത്തിൽ രാജവർമ്മയുടെയും രമവർമ്മയുടെയും മകൻ **രാജാരവിവർമ്മ**യും പൂഞ്ഞാർ കാഞ്ഞിരമറ്റം കൊട്ടാരത്തിലെ മഞ്ജുള വർമ്മയുടെയും മോഹനവർമ്മയുടെയും (പാലിയേക്കര കൊട്ടാരം) മകൾ **ശ്രീവിദ്യവർമ്മ**യും തമ്മിലുള്ള വിവാഹം 2011 നവംബർ 7-ാം തീയതി പൂഞ്ഞാർ കാഞ്ഞിരമിറ്റം കൊട്ടാരത്തിൽ വെച്ചുനടന്നു.



ചാലക്കുടി കൊട്ടാരത്തുമഠത്തിൽ ബാലരാമവർമ്മയുടെയും ലളിതവർമ്മയുടെയും മകൻ ജയറാംവർമ്മയും കണ്ണൂർ ചിറയ്ക്കൽ കോവിലകത്ത് ഗിരിജ വർമ്മയുടെയും അശോകവർമ്മയുടെയും മകൾ അനുപമവർമ്മയും തമ്മിലുള്ള വിവാഹം 2011 നവംബർ 13-ാം തീയതി ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ വെച്ചു നടന്നു.

# Accounts 2010-11

## The Annual Accounts of the Sabha as adopted in the General Body held at Edappally

**KSHATRIYA KSHEMA SABHA, TRIVANDRUM**

*(Registration Number 437 / 81 )*

1

INCOME AND EXPENDITURE ACCOUNT FOR THE YEAR ENDED 31-03-2011

| EXPENDITURE | | AMOUNT | INCOME | | AMOUNT |
|---|---|---|---|---|---|
| To Endowment/ Scholarships | | | By Donation | | |
| Kowdiar Palace | 102,500.00 | | General | | 1,000.00 |
| K V Raja Memorial Award | - | | " Advertisement Charges Received | | |
| Bhagerathy Amma Thampuran Award | - | 102,500.00 | General | - | |
| " Website charges | | 5,075.00 | Matrimonial | 3,600.00 | 3,600.00 |
| " Bank Charges | | 123.00 | " Kshatrasandesam Subscription | | 39,790.00 |
| " Kshatrasandesam Expenses | | 42,815.00 | " Bank Interest (FDs & KCC) | | 26,227.59 |
| " Travelling Expenses | | 972.00 | " AGM-Share of TVM for Travel Expenses | | 1,400.00 |
| " Printing & Stationery | | 7,626.00 | " Working Fund | | 9,290.00 |
| " Postage & Courier Expenses | | 3,751.00 | " AGM at ~~Nileswaram~~ Karivelloor - Delegate Fee | | 3,350.00 |
| " Office Rent | | 1,200.00 | " Endowment / Scholarship Fund | | |
| " AGM at ~~Nileswaram~~ Karivelloor. | | 5,085.00 | Kowdiar Palace | 115,000.00 | |
| " Telephone Expense | | 3,106.00 | C K Rama Varma Raja | - | 115,000.00 |
| " Office Maintenance | | 1,280.00 | | | |
| " Repairs & Maintenance | | 750.00 | | | |
| " Miscellaneous Expenses | | 405.00 | | | |
| " Depreciation | | 728.79 | | | |
| " Excess of Income Over Expenditure | | 24,240.80 | | | |
| TOTAL | | 199,657.59 | TOTAL | | 199,657.59 |

2

BALANCE SHEET AS AT 31-03-2011

| LIABILITIES | | AMOUNT | ASSETS | AMOUNT |
|---|---|---|---|---|
| **Special Funds** | | | **Fixed Assets (** Schedule 1) | 6,414.29 |
| M.C.K Fund | 36,274.60 | | Gift Assets ( Schedule 2) | 11,500.00 |
| Endowment Scholarship Ayurvaidyam | 10,000.00 | | **Investments** | |
| Endowment Scholarship Physics | 15,000.00 | | (Royal Educational & Charitable Trust) | 100,000.00 |
| Bhanu Raja Memorial Scholarship | 14,000.00 | 75,274.60 | | |
| | | | **Deposits and Advances (**Schedule 3) | 220,624.00 |
| **General Fund** | 306,394.38 | | | |
| Add: Excess of Income over Expenditure | | | **Cash & Bank Balances** | |
| Over Income | 24,240.80 | 330,635.18 | Cash and Bank Balances(Schedule 4) | 156,913.49 |
| **Save a Family Fund** | | | | |
| Add Interest earned on F.D 2005-06 | 7,250.00 | | | |
| Interest earned on F.D 2006-07 | 7,250.00 | | | |
| Interest earned on F.D 2007-08 | 7,250.00 | | | |
| Interest earned on F.D 2008-09 | 2,671.00 | 24,421.00 | | |
| **Gifted Assets** | | 11,500.00 | | |
| **Current Liabilities** | | | | |
| (Schedule 5) | | 53,621.00 | | |
| TOTAL | | 495,451.78 | TOTAL | 495,451.78 |

Prepared from the books of account produced before us

Place Trivandrum

Date: 08. 08. 2011

President/Secretary

Treasurer

KUMAR & BIJU ASSOCIATES Reg. No 006113S TRIVANDRUM CHARTERED ACCOUNTANTS

for KUMAR & BIJU ASSOCIATES
CHARTERED ACCOUNTANTS

K. SURESH KUMAR VARMA
(Senior Partner)
Membership No. 201105




## വധുവിനെ ആവശ്യമുണ്ട്

### BOX No. 468

Alliance invited for a kshatriya boy 24 years 9 months Bharani Star 6'3". B.Tech (NIT), MS (Florida) in Computer Science and Engineering working in USA from parents of tall (minimum 5'6") and good looking Kshatriya girls with good academic record between 22 and 23 years preferably with Engineering degree. Contract No. 0491-2576182

### BOX No. 470

Kshatriya boy 28 years Uthram star B.Tech software professional, Bahrain (Father belongs to Chirakkal Kovilakom and mother Paliakara West Palace Thiruvalla). Proposals invited from parents of suitable Kshatriya girls.

| | | | |
|---|---|---|---|
| - | - | സ | - |
| - | ഗ്രഹനില | | കു |
| - | | | ര<br>ശു |
| ല | ഗു<br>ശി | മ<br>മാ | ച<br>ബു |

| | | | |
|---|---|---|---|
| ച<br>ശി | ശു<br>മാ | - | - |
| ബു | നവാംശകം | | - |
| കു | | | - |
| ല<br>മ | - | ര | ഗു<br>സ |

1159 ചിങ്ങമാസം 23 (1983 സെപ്റ്റംബർ 8) വ്യാഴാഴ്ച ഉച്ച തിരിഞ്ഞ് 3 മണിക്ക് ജനനം. ഉത്രം നക്ഷത്രം 4-ാം പാദം. ജനനശിഷ്ടം 2 മാസം 2 ദിവസം രവി ദശ. Contact Numbers: 0497-2778043, 9349443485

### BOX No. 472

Kshatriya boy aged 31 years. Uthradam star MA (Eco) Doing Ph.d. working as Asst. Professor (temporary). Proposals are invited from parents of suitable Kshatriya girls.

| | | | |
|---|---|---|---|
| - | - | | - |
| - | ഗ്രഹനില | | സ<br>മാ |
| കു<br>ച<br>ശി | | | - |
| ര<br>ശു<br>ബു | ല | - | ഗു<br>മ |

| | | | |
|---|---|---|---|
| - | ശു<br>കു | മ<br>ഗു | ശി |
| - | നവാംശകം | | - |
| ച | | | മാ |
| ബു<br>ര<br>സ | ല | - | - |

ജനനം 7.1.1981, 04.05 a.m ഉത്രാടം 2-ാം പാദം.
ജനനശിഷ്ടം 4 വർഷം 2 മാസം 21 ദിവസം സൂര്യദശ

### BOX No. 473

Kshatriya youth 31 Yrs. (1980 March 31 1155 Meenam 8) Atham Nakshatram 167 cm M.Com. Employed in Qatar, friendly and lovable hailing from Kannur Kavinissery Kovilakom. Looking for a girl who is friendly, understanding, loving and is willing to be with me in all my ups and downs in life.

| | | | |
|---|---|---|---|
| ര | - | ശു | - |
| ബു<br>ശി | ഗ്രഹനില | | മാ |
| - | | | കുലഗു<br>മ സ |
| - | - | - | ച |

| | | | |
|---|---|---|---|
| ബു<br>മാ | കു | ച<br>സ | ഗു |
| - | നവാംശകം | | - |
| ശു | | | - |
| ര<br>മ | ശി | - | ല |

5 വർഷം 10 മാസം 15 ദിവസം ചന്ദ്രൻ ശിഷ്ടദശ

## വരനെ ആവശ്യമുണ്ട്

### BOX No. 469

Kshatriya girl aged 23 years, Bharani star B.Tech (I.T.) 150 cm. Proposals are invited from parents of suitable Kshatriya youth.

| | | | |
|---|---|---|---|
| കു | ച | ശു<br>ഗു | ര<br>ബു |
| സ | ഗ്രഹനില | | മാ |
| - | 8.7.1988 | | ശി |
| മ | ല | - | - |

ജനനശിഷ്ടം 12 വർഷം 11 മാസം 26 ദിവസം ശുക്രദശ

### BOX No. 471

Kshatriya girl aged 23 years Pooram star B.Tech (EEE) working in CTS, Chennai. Ht. 168 cm (Father belongs to Tripunithura and mother from Vaikom) Proposals invited from parents of Kshatriya boys above 25 years. Qualified in Engineering, Medicine or Commerce.

| | | | |
|---|---|---|---|
| - | രഗു<br>ബു | ശു | - |
| സ | ഗ്രഹനില | | മാ |
| കു | | | ല<br>ച<br>ശി |
| മ | - | - | - |

| | | | |
|---|---|---|---|
| - | ല | - | മ<br>കു<br>സ |
| - | നവാംശകം | | - |
| ച | | | ര<br>ശു |
| ശി | - | ച<br>ബു | ഗു |